# നബിഗേഹത്തിൽ
## ഒരു ദിവസം

ശൈഖ് അബ്ദുൽ മലിക് അൽകാസിം

# നബിഗേഹത്തിൽ
## ഒരു ദിവസം

വിവർത്തനം
മിഷാൽ സലീം

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

# DA'WA BOOKS

Malayalam | Seera | Nabigehathil Oru Divasam

നബിഗേഹത്തിൽ ഒരു ദിവസം

Original Title : Yaoumun Fee BaithirRasool

Author : Shaikh Abdul Malik Al-Qasim

Translator : Mishal Saleem

First Edition : December 2013

**Price : ₹ 60.00**

Publisher | Distribution

Da'wa Books | Vyttila | Kochi - 19 | Kerala | India

Web: www.dawabooks.in | Email: dawabook@gmail.com

Cover: Najeeb Rahman | Type Setting: Shabin | Printing: Anaswara, Kochi - 19

ISBN: 978-93-82581-33-8



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ക്വുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെﷺ പ്രത്യേകമായ അംഗീകാരം ലഭിച്ച ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർഥം.

ശൈഖ് അബ്ദുൽ മലിക് അൽക്വാസിം രചിച്ച *യൗമുൻ ഫീ ബൈത്തിർറസൂൽ* എന്ന ഗ്രന്ഥത്തിന്റെ മലയാളം ഭാഷാന്തരമാണിത്. മുഹമ്മദ് നബിﷺയുടെ ജീവിതത്തിൽ നിന്നുള്ള ഏതാനും ഏടുകളാണിത്; ഹൃദയത്തിൽ ചേർത്തുവെക്കാനും ജീവിത സരണികളിൽ വഴിവിളക്കാവാനും ആ ത്യാഗോജ്ജ്വല ജീവിതത്തിൽ നിന്നും പറിച്ചെടുത്ത ഏടുകൾ. ഈ ഗ്രന്ഥം ചരിത്രം പഠിക്കുവാനല്ല; അത്ഭുതപ്പെടുത്തുന്ന അന്യൂനവും മനോഹരവുമായ ഒരു ജീവിതത്തെ അനുധാവനം ചെയ്യാനാണ്, ജീവിതം വിശുദ്ധമാക്കാനാണ്. മിഷാൽ സലീമാണ് വിവർത്തകൻ.

നാഥാ.... നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

# يوم في بيت الرسول

صلى اللّٰه عليه وسلم

المؤلف
الشيخ عبد الملك بن محمد عبد الرحمن القاسم

المترجم
مشعل بن سليم

الناشر
مكتبة الدعوة، وايپيتيلا، كوشن-١٩، الهند

## ഉള്ളടക്കം


ആമുഖം ........ 11
ഒരു വിശുദ്ധ സന്ദർശനം ........ 14
ഒരു തീർത്ഥയാത്ര ........ 17
തിരുദൂതരുടെﷺ വിശേഷഗുണങ്ങൾ ........ 20
തിരുദൂതരുടെﷺ സംസാരം ........ 22
വീടിന്റെ ഉള്ളകം ........ 24
അടുത്ത കുടുംബക്കാർ ........ 27
പ്രവാചകൻﷺ തന്റെ വീട്ടിൽ ........ 31
അദ്ദേഹത്തിന്റെ പെരുമാറ്റവും സ്വഭാവവും ........ 34
നബിﷺയുടെ പുത്രിമാർ ........ 38
ഭാര്യമാരോടുള്ള പെരുമാറ്റം ........ 41
നബിﷺയുടെ ഭാര്യമാർ ........ 45
നബിﷺയുടെ തമാശകൾ ........ 49
നബിﷺയുടെ ഉറക്കം ........ 52
നബിﷺയുടെ രാത്രി നമസ്കാരം ........ 55
സുബ്ഹിക്ക് ശേഷം ........ 58
ളുഹാ നമസ്കാരം ........ 59
വീട്ടിലെ സുന്നത്തു നമസ്കാരങ്ങൾ ........ 60
നബിﷺയുടെ കരച്ചിൽ ........ 61
നബിﷺയുടെ വിനയം ........ 63
നബിﷺയുടെ ഭൃത്യൻ ........ 67
പാരിതോഷികങ്ങളും അതിഥിയും ........ 70
കുട്ടികളോടുള്ള കാരുണ്യം ........ 74

വിവേകം, സൗമ്യത, സഹനം ........................................................ 79
അന്യരുടെ അഭിമാനത്തെ സംരക്ഷിക്കൽ ...................................... 89
അല്ലാഹുവെ ധാരാളമായി സ്മരിക്കൽ .......................................... 91
അയൽവാസികൾ ........................................................................ 93
സുശീലത ................................................................................ 94
ബാധ്യതാനിർവഹണം .................................................................. 96
തന്റേടവും സഹനവും ................................................................ 97
പ്രാർഥനാനിമഗ്നമായ ജീവിതം ..................................................... 101
യാത്രയുടെ അവസാനം ............................................................ 104
യാത്രാമൊഴി .......................................................................... 107

# ആമുഖം

ഈ കാലഘട്ടത്തിലെ ഭൂരിഭാഗം മനുഷ്യരും അതിരുകടന്നവരും ഉള്ളുപൊള്ളയായവരുമാണ്. ചിലർ റസൂൽﷺയുടെ കാര്യത്തിൽ അതിരുകവിയുകയും അദ്ദേഹത്തെ വിളിച്ചു പ്രാർഥിക്കുകയും സഹായം തേടുകയും പോലെയുള്ള ശിർക്കിന്റെ വഴിയിലേക്ക് വരെ എത്തിയിരിക്കുന്നു. മറ്റു ചിലരാകട്ടെ റസൂൽﷺയുടെ ചര്യയെയും ജീവിത സരണിയേയും പിൻപറ്റുന്നതിൽനിന്ന് അശ്രദ്ധരാണ്; നബിചര്യയെ ജീവിതവഴിത്താരയിലെ വിളക്കായും വഴിയടയാളമായും സ്വീകരിക്കാനവർക്ക് സാധിക്കുന്നില്ല.

സാധാരണക്കാർക്ക് നബിﷺയുടെ ജീവിതസരണി എളുപ്പത്തിൽ മനസ്സിലാക്കാൻ വേണ്ടിയാണ് ഈ കുറിപ്പ്; ഇത് ഒരു സംഗ്രഹമാണ്. നബിﷺയുടെ വിശേഷണഗുണങ്ങളെ സംഗ്രഹിക്കുകയാണിവിടെ. അതാകട്ടെ പരത്തിപറയാതെ ജനങ്ങളുടെ ജീവിതത്തിൽനിന്ന് മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന ചില കാര്യങ്ങളിൽ ചുരുക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. നബിﷺയുടെ ഓരോ സ്വഭാവത്തേയും സവിശേഷതയെയും പറ്റിയുള്ള രണ്ടോ മൂന്നോ ഹദീസിൽ പരിമിതമാക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുമുണ്ട്. നബിﷺയുടെ ജീവിതം പ്രബോധനപ്രവർത്തനങ്ങളാലും ജീവിതസരണിയുടെ ഉജ്ജ്വല പ്രതീകങ്ങളുടെ സൃഷ്ടിയാലും സംഭവബഹുലമായിരുന്നു. അല്ലാഹുവിനുള്ള അനുസരണത്തിലും ആരാധനയിലും സ്വഭാവ വൈശിഷ്ടതയിലും പെരുമാറ്റമര്യാദയിലും ശ്രേഷ്ഠതയിലുമെല്ലാം അദ്ദേഹം ഒരു സമുദാത്തോട് തന്നെ സാമ്യമായിരുന്നു.

﴿وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ۝٤﴾

“തീർച്ചയായും താങ്കൾ ഏറ്റവും മഹത്തായ സ്വഭാവത്തിനുടമയാണ്” (ഖലം: 4) എന്ന അല്ലാഹുവിന്റെ പുകഴ്ത്തൽ തന്നെ ഇക്കാര്യത്തിന് മതിയായ തെളിവാണ്.

അഹ്ലുസ്സുന്നത്തിവൽ ജമാഅ: നബിﷺയെ അല്ലാഹു അദ്ദേഹത്തിന് നൽകിയതായ യോജിച്ച സ്ഥാനം നൽകി ആദരിക്കുന്നു അഥവാ അദ്ദേഹം അല്ലാഹുവാൽ തെരഞ്ഞെടുക്കപ്പെട്ട അവന്റെ ദൂതനും അടിമയും കൂട്ടുകാരനുമാണ്. അഹ്ലുസ്സുന്ന: അദ്ദേഹത്തെ സ്വന്തം സന്താനങ്ങളേക്കാളും മാതാപിതാക്കളേക്കാളും സ്വന്തത്തേക്കാളും സ്നേഹിക്കുന്നു. എന്നാൽ അതേസമയം അതിരുകടക്കുന്നുമില്ല.

തദടിസ്ഥാനത്തിൽ നാം നബിﷺയുടെ ജന്മദിനമെന്ന ബിദ്അത്ത് നിർമ്മിക്കുകയോ ആഘോഷിക്കുകയോ ചെയ്യുന്നില്ല. മറിച്ച് നബിﷺയെ എപ്രകാരം സ്നേഹിക്കണമെന്ന് അദ്ദേഹം പറഞ്ഞുവോ അപ്രകാരം നാം അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്തിലെല്ലാം അനുസരിക്കണമെന്ന് പറഞ്ഞുവോ അതിൽ നാം അദ്ദേഹത്തെ അനുസരിക്കുകയും അദ്ദേഹം വിരോധിച്ചതും തടഞ്ഞതുമെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്നു.

فمبلغ العلم فيه أنه بشر     وأنه خير خلق الله كلهم
أغر عليه للنبوة خاتم     من نور يلوح ويشهد
وضم الإله اسم النبي إلى اسمه     إذا قال في الخمس المؤذن أشهد
وشق له من اسمه ليجله     فذو العرش محمود وهذا أحمد

(സംഗ്രഹം: നബിﷺ മനുഷ്യനും, അല്ലാഹുവിന്റെ സൃഷ്ടികളിലേറ്റവും ഉത്തമനുമാണ്. അദ്ദേഹം അന്ത്യപ്രവാചകനും അഞ്ചുനേരം മുഅദ്ദിനിന്റെ ബാങ്കിൽ അല്ലാഹുവിന്റെ നാമത്തോട് (നാമം കൊണ്ട്) ചേർക്കപ്പെട്ടവനുമാണ്. സിംഹാസനത്തിനുടമസ്ഥനായ അല്ലാഹുവിന്റെ അടുക്കൽ സ്തുതിക്കപ്പെട്ടവനാണ് അദ്ദേഹം)

ഈ ദുൻയാവിൽ വെച്ച് പ്രിയപ്പെട്ട നബിയെ കാണുവാനുള്ള അവസരം നമുക്ക് നഷ്ടപ്പെട്ടു; നമുക്കും അദ്ദേഹത്തിനുമിടയിൽ കാലയവനിക മറയിട്ടു... എങ്കിലും റസൂൽﷺ ചിലയാളുകളെ പറ്റി

സൂചിപ്പിച്ചതിപ്രകാരമാണ്; അവരിൽ ഉൾപ്പെടാൻ അല്ലാഹുവോട് ഞാൻ തേടുന്നു:

وَدِدْتُ أَنِّي قَدْ رَأَيْتُ إِخْوَانَنَا . قَالُوا : يَا رَسُولَ اللَّهِ ! أَلَسْنَا إِخْوَانَكَ ؟ قَالَ : بَلْ أَنْتُمْ أَصْحَابِي ، وَإِخْوَانِي الَّذِينَ لَمْ يَأْتُوا بَعْدُ ، وَأَنَا فَرَطُهُمْ عَلَى الْحَوْضِ ، قَالُوا : يَا رَسُولَ اللَّهِ ! كَيْفَ تَعْرِفُ مَنْ يَأْتِي بَعْدَكَ مِنْ أُمَّتِكَ ؟ قَالَ : أَرَأَيْتَ لَوْ كَانَ لِرَجُلٍ خَيْلٌ غُرٌّ مُحَجَّلَةٌ فِي خَيْلٍ بُهْمٍ دُهْمٍ أَلَا يَعْرِفُ خَيْلَهُ ؟ قَالُوا : بَلَى . قَالَ : فَإِنَّهُمْ يَأْتُونَ يَوْمَ الْقِيَامَةِ غُرًّا مُحَجَّلِينَ مِنْ الْوُضُوءِ ، وَأَنَا فَرَطُهُمْ عَلَى الْحَوْضِ...

"എന്റെ സഹോദരങ്ങളെ ഞാൻ കണ്ടിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോകുകയാണ്" സ്വഹാബാക്കൾ ചോദിച്ചു: "ഞങ്ങൾ താങ്കളുടെ സഹോദരങ്ങളല്ലെ റസൂലേ?" അദ്ദേഹം പറഞ്ഞു: "നിങ്ങൾ എന്റെ അനുചരൻമാരാണ് നമ്മുടെ സഹോദരങ്ങൾ ഇപ്പോഴും വന്നെത്തിയിട്ടില്ല" സ്വഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരെ, താങ്കളുടെ സമുദായത്തിൽനിന്നും താങ്കളുടെ അടുക്കൽ ഇപ്പോഴും എത്തിച്ചേരാത്തവരെ താങ്കളെങ്ങനെ തിരിച്ചറിയും?" അപ്പോൾ നബിﷺ പറഞ്ഞു: "ഇരുണ്ട കുതിരകൾക്കിടയിൽനിന്നും ഒരാൾക്ക് തന്റെ - കൈകാലുകൾ വെളുത്ത- കുതിരയെ തിരിച്ചറിയാൻ സാധിക്കില്ലേ?' അവർ പറഞ്ഞു: "അതേ, തിരുദൂതരെ" നബിﷺ അരുളി: "നിശ്ചയമായും അവർ വരുന്നത് വുളൂവിനാൽ കൈകാലുകൾ വെട്ടിത്തിളങ്ങുന്നവരായിട്ടായിരിക്കും. ഞാൻ ഹൗളിനടുക്കൽ അവരെ കാത്തുനിൽക്കും..." (മുസ്‌ലിം)

നബിﷺയുടെ ശേഷിപ്പുകളെ പുൽകുന്ന, അദ്ദേഹത്തിന്റെ ജീവിതപാതയെ അനുധാവനം ചെയ്യുന്ന, തിരുചര്യയെ പിന്തുടരുന്നവരിൽ നമ്മെ ഉൾപ്പെടുത്താനായി ഞാൻ പ്രാർഥിക്കുന്നു; നമ്മെ അദ്ദേഹത്തോടൊപ്പം സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യട്ടെ.

**അബ്ദുൽ മലിക് അൽഖാസിം**

# ഒരു വിശുദ്ധ സന്ദർശനം

വിട പറഞ്ഞുപോയ നൂറ്റാണ്ടുകളിലേക്കുള്ള ഒരു തിരിച്ചുപോക്കാണിത്. കഴിഞ്ഞുപോയ ചരിത്രത്താളുകൾ നമുക്ക് മറിച്ചുനോക്കാം, അതു നമുക്ക് വായിക്കാം. ആ ചരിത്ര പുസ്തകത്തിലെ ഓരോ വരികളെ പറ്റിയും നമുക്ക് ചിന്തിക്കാം. വാക്കുകൾക്കും വരികൾക്കുമിടയിലൂടെ പ്രവാചകരെ നമുക്കൊന്ന് സന്ദർശിക്കാം; അദ്ദേഹത്തിന്റെ ഭവനത്തിൽ. ആ ഭവനത്തിൽ പ്രവേശിച്ച് നമുക്കദ്ദേഹത്തിന്റെ വാക്കുകളും നോക്കുകളും അവസ്ഥകളും ഒപ്പിയെടുക്കാം. ഒരു ദിവസം മാത്രം നാം ആ തിരുദൂതരുടെ വീട്ടിൽ താമസിക്കുകയാണ്. ആ സഹവാസത്തിൽ നിന്നും ഒരുപാട് പാഠങ്ങൾ നമുക്ക് പഠിക്കാം. അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും പ്രകാശം പകർന്നെടുക്കാം.

ഈ വൈജ്ഞാനിക വിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ ജനങ്ങൾ ഒരുപാട് വായിച്ചുകൂട്ടുന്നുണ്ട്. ഗ്രന്ഥങ്ങളിലൂടെ പ്രസിദ്ധീകരണങ്ങളിലൂടെ സിനിമകളിലൂടെ മറ്റു മാധ്യമങ്ങളിലൂടെ ജനങ്ങൾ പാശ്ചാത്യ പൗരസ്ത്യ ദേശങ്ങൾ സന്ദർശിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം പ്രവാചകന്റെ ഭവനം സന്ദർശിക്കാൻ നാം ഏറെ കടപ്പെട്ടിരിക്കുന്നു. അതിലൂടെ ആ ഭവനത്തിൽ നാം കാണുകയും അറിയുകയും ചെയ്തതിനെ പുനഃപ്രതിഷ്ഠിക്കാൻ നമുക്ക് സാധിക്കും; നമ്മുടെ ജീവിതത്തിൽ. സാഹചര്യത്തിന്റെ ഞെരുക്കംമൂലം ആ ഭവനത്തിലെ ചില രംഗങ്ങൾ മാത്രം നമുക്ക് വീക്ഷിക്കാം. സ്വന്തത്തെ വിലയിരുത്താനും നമ്മുടെ ഭവനത്തെ അതുപോലെയാക്കാനും ആ സന്ദർശനം കാരണമായേക്കാമല്ലോ.

സഹോദരാ,

കഴിഞ്ഞുപോയ കാലത്തെ അയവിറക്കുന്ന ഈ യാത്രയിലൂടെ നാം കാണുകയോ അറിയുകയോ ചെയ്തിട്ടില്ലാത്ത പൂർവികരെപറ്റി കേവല സ്മരണയല്ല നാം ഉദ്ദേശിക്കുന്നത്. മറിച്ച് പ്രവാചകന്റെ ജീവ ചരിത്രം വായിക്കുന്നതിലൂടെ, അദ്ദേഹത്തിന്റെ തിരുചര്യ പിന്തുടരുന്ന തിലൂടെ, ആ മാർഗത്തെ അനുധാവനം ചെയ്യുന്നതിലൂടെ വലിയ ഒരു പുണ്യകർമം കൂടിയാണ് നാം ചെയ്യുന്നത്. പ്രവാചകനെ സ്നേ ഹിച്ചുകൊണ്ട് അല്ലാഹുവിന്റെ കൽപ്പന നാം പ്രയോഗവത്ക്കരിക്കു കയാണ്. പ്രവാചക സ്നേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാള മാണ് അദ്ദേഹം കൽപ്പിച്ചത് അനുസരിക്കുകയും വിരോധിച്ചത് വെടി യുകയും ചെയ്യൽ. അദ്ദേഹത്തെ അനുസരിക്കുകയും കൽപനകൾ ശിരസാവഹിക്കുകയും മാതൃകാ വ്യക്തിത്വമായി അദ്ദേഹത്തെ സ്വീക രിക്കുകയും ചെയ്യണമെന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു.

﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾﴾

"പറയുക (പ്രവാചകരേ), നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നു വെങ്കിൽ എന്നെ പിൻപറ്റുക, എങ്കിൽ അവൻ നിങ്ങളെ സ്നേഹിക്കു കയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെ യ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാകുന്നു" (ആലുഇംറാൻ: 31)

﴿لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْءَاخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴿٢١﴾﴾

"അല്ലാഹുവേയും പരലോകത്തേയും കാംക്ഷിക്കുകയും അല്ലാ ഹുവെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും അല്ലാഹുവിന്റെ ദൂതരിൽ ഉത്തമമായ മാതൃകയുണ്ട്" (അഹ്സാബ്: 21)

പ്രവാചകനെ അനുസരിക്കാനും പിന്തുടരാനും നാൽപതോളം സ്ഥലങ്ങളിൽ ഖുർആനിലൂടെ അല്ലാഹു നമ്മോട് കൽപ്പിച്ചിരിക്കു ന്നു (*മജ്മൂഉൽഫതാവ:* 1/4, ഇബ്നുതൈമിയ്യ ﷺ) പ്രവാചകരെ പിൻപ റ്റാതെ മനുഷ്യർക്ക് സൗഖ്യമോ പരലോകമോക്ഷമോ ഇല്ലതന്നെ.

﴿وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدْخِلْهُ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ وَذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٣﴾ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدْخِلْهُ نَارًا خَـٰلِدًا فِيهَا وَلَهُۥ عَذَابٌ مُّهِينٌ ﴿١٤﴾﴾

“ആർ അല്ലാഹുവേയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കും. അവരവിടെ നിത്യവാസികളായിരിക്കും. അത് മഹത്തായ വിജയം തന്നെ. ആർ അല്ലാഹുവേയും അവന്റെ ദൂതരെയും ധിക്കരിക്കുകയും അവന്റെ അതിർവരമ്പുകളെ മുറിച്ചുകടക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കും; അതിൽ നിത്യവാസിയായിക്കൊണ്ട്. അവന് നിന്ദ്യമായ ശിക്ഷയുണ്ട്” (നിസാഅ്: 13,14). അല്ലാഹുവിന്റെ തിരുദൂതരെ സ്നേഹിക്കൽ ഈമാനിന്റെ മാധുര്യം അനുഭവിക്കാനുള്ള കാരണമായി അദ്ദേഹം പരിചയപ്പെടുത്തി.

ثَلَاثٌ مَنْ كُنَّ فِيهِ وَجَدَ حَلَاوَةَ الإِيمَانِ: أَنْ يَكُونَ اللهُ وَرَسُولُهُ أَحَبَّ إِلَيْهِ مِمَّا سِوَاهُمَا...

“മൂന്ന് കാര്യങ്ങൾ ആരിലുണ്ടോ അവൻ സത്യവിശ്വാസത്തിന്റെ മാധുര്യമാസ്വദിച്ചു. മറ്റെന്തിനേക്കാളും അല്ലാഹുവും റസൂലും അവന് പ്രിയപ്പെട്ടതാകുക...” (ബുഖാരി, മുസ്ലിം)

പ്രവാചകൻﷺ പറഞ്ഞു:

فَوَالَّذِي نَفْسِي بِيَدِهِ لَا يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ

“എന്റെ ആത്മാവ് ആരുടെ കൈയ്യിലാണോ അവൻ തന്നെ സത്യം, നിങ്ങളിലൊരാളും സ്വന്തം മാതാപിതാക്കളേക്കാളും മക്കളേക്കാളും ഞാൻ പ്രിയപ്പെട്ടതാകുന്നത് വരെ വിശ്വാസികളാവുകയില്ല...” (മുസ്ലിം)

പ്രവാചകരുടെ ജീവചരിത്രം പരിശുദ്ധവും പരിമളം പരത്തുന്നതുമാണ്. അതിൽനിന്ന് നമുക്ക് പഠിക്കാം, അതിലൂടെ നമുക്ക് സഞ്ചരിക്കാം.

# ഒരു തീർത്ഥയാത്ര

പ്രവാചകന്റെ ഭവനത്തിലേക്ക് ഒരു യാത്ര ചെയ്യുകയും അദ്ദേഹത്തിന്റെ ജീവിതത്തിലെ അമൂല്യ നിമിഷങ്ങളെ വീക്ഷിക്കുകയും പെരുമാറ്റ മര്യാദകളെ, ക്രയവിക്രയ ശൈലികളെ ഒപ്പിയെടുക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിയുടെ സ്വപ്നമാണ്. അത് ഒരു ഗുണപാഠവും ഉപദേശവുമായി നമുക്ക് അനുഭവപ്പെടും; മാതൃകയും ചര്യയുമാണത്. ഈ യാത്ര ഗ്രന്ഥങ്ങളിലൂടെയും പ്രവാചകാനുചരന്മാരുടെ നിവേദനങ്ങളിലൂടെയുമുള്ളതാണ്. അതല്ലാത്ത യാത്രയാണെങ്കിൽ പ്രവാചകന്റെ ഖബറിനടുത്തേക്കോ ഭവനത്തിലേക്കോ തീർഥയാത്ര നടത്തുന്നത് വിലക്കപ്പെട്ടതാണ്. മറ്റു വല്ലയിടങ്ങളിലേക്കുള്ള തീർഥയാത്രയും തഥൈവ. മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യം പ്രതീക്ഷിച്ചുള്ള തീർഥയാത്ര പാടുള്ളതല്ലെന്ന് പ്രവാചകൻﷺ തന്നെ പറഞ്ഞിരിക്കുന്നു:

لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ: الْمَسْجِدُ الْحَرَامُ، وَمَسْجِدِي هَذَا، وَالْمَسْجِدُ الْأَقْصَى

"പുണ്യം പ്രതീക്ഷിച്ചുകൊണ്ട് മൂന്ന് പള്ളികളിലേക്കല്ലാതെ യാത്ര പുറപ്പെടരുത്; മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി (മസ്ജിദുന്നബവി), ഖുദ്സിലെ പള്ളി" (ബുഖാരി, മുസ്ലിം)

പ്രവാചകന്റെ ഈ കൽപ്പന നാം പിൻപറ്റേണ്ടതാണ്. അതിനാൽ മൂന്ന് പ്രസ്താവ്യമായ പള്ളികളിലേക്കല്ലാതെ നാം പുണ്യം പ്രതീക്ഷിച്ച് യാത്ര ചെയ്യില്ല. അല്ലാഹു പറയുന്നു:

﴿وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمۡ عَنۡهُ فَٱنتَهُواْۚ ﴾

“തിരുദൂതർ എന്തൊന്ന് നിങ്ങൾക്ക് നൽകിയോ അത് നിങ്ങൾ സ്വീകരിക്കുക അദ്ദേഹം എന്തൊന്നിൽനിന്ന് വിലക്കിയോ അത് വെടിയുകയും ചെയ്യുക” (ഹശ്ർ: 7)

പ്രവാചകഭവനത്തിലേക്ക് നാം പ്രവേശിക്കുന്നതിന് മുമ്പ് ആ വീടിന്റെ നിർമ്മിതിയും ആകാരവും നമുക്ക് നോക്കാം. ആ ചെറിയ വീടും താഴ്ന്നയിനം വിരിപ്പും കണ്ട് നാം അത്ഭുതപ്പെടേണ്ടതില്ല. തിരുദൂതർﷺ ജനങ്ങളിൽവെച്ച് ഇഹലോകത്തോട് ഏറ്റവും വിരക്തനും തുഛമായ ഇഹലോകവിഭവങ്ങൾകൊണ്ടു തൃപ്തനുമായിരുന്നു. ഇഹലോകത്തിന്റെ പളപളപ്പിലേക്കോ സമ്പാദ്യങ്ങളുടെ വൈവിധ്യങ്ങളിലേക്കോ അദ്ദേഹം നോക്കുമായിരുന്നില്ല. എന്നാൽ “എനിക്ക് കൺകുളിർമ്മ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് നമസ്കാരത്തിലാണ്” എന്നാണദ്ദേഹം പറഞ്ഞിരുന്നത്. (നസാഈ)

അദ്ദേഹംﷺ ദുനിയാവിനെ സംബന്ധിച്ച് അരുളിയതിപ്രകാരമാണ്:

مَالِي وَلِلدُّنْيَا، مَا مَثَلِي وَمَثَلُ الدُّنْيَا إِلَّا كَرَاكِبٍ سَارَ فِي يَوْمٍ صَائِفٍ، فَاسْتَظَلَّ تَحْتَ شَجَرَةٍ سَاعَةً مِنْ نَهَارٍ، ثُمَّ رَاحَ وَتَرَكَهَا

“ഞാനും ദുനിയാവും തമ്മിലെന്ത്. എന്റെയും ദുനിയാവിന്റെയും ഉപമ ഒരു യാത്രക്കാരനെ പോലെയാണ്. ഒരു വേനൽകാലത്തയാൾ യാത്ര ചെയ്തു. പകലിൽനിന്ന് കുറച്ച് നേരം ഒരു മരച്ചുവട്ടിലിറങ്ങി അൽപ്പസമയമയാൾ വിശ്രമിച്ചു ശേഷം യാത്ര തുടർന്നു” (തുർമുദി)

പ്രവാചകന്റെ ഭവനത്തിലേക്ക് നാം നീങ്ങുകയാണ്. മദീനയിലെ വഴിത്താരയിലൂടെ നാം നടന്നുനീങ്ങുന്നു. അതാ...പ്രവാചക പത്നിമാരുടെ വീടുകൾ നമുക്ക് അൽപ്പമകലെ കാണാം. അവയിൽ ചിലത് ഓല കൊണ്ട് മേഞ്ഞുണ്ടാക്കി മുകളിൽ പച്ചമണ്ണ് തേച്ച അറകളാണ്. അട്ടിയട്ടിയായി കല്ലുകൾ വെച്ചു പണിതുയർത്തിയവയാണ് ചിലത്. എല്ലാ അറകളുടെയും (അഥവാ വീടുകളുടെയും) മുകൾഭാഗം ഓല മേഞ്ഞതാണ്.

ഹസൻرضي الله عنه പറയുമായിരുന്നു: “ഉസ്മാൻرضي الله عنه വിന്റെ ഭരണകാലത്ത് പ്രവാചക പത്നിമാരുടെ ഭവനങ്ങളിൽ ഞാൻ പ്രവേശിക്കുമ്പോൾ അതിന്റെ മേൽപ്പുര എന്റെ കൈകൾ കൊണ്ട് ഞാൻ തൊടാറുണ്ടായി

രുന്നു, കൈകാര്യം ചെയ്യാറുണ്ടായിരുന്നു.” (ഇബ്നു സഅ്ദിന്റെ *ത്വബകാത്തുൽഖുബ്റ* 1/499, ഇബ്നു കഥീറിന്റെ *‘സീറത്തുന്നബവിയ്യ’* 2/274)

പ്രവാചകന്റെﷺ ഭവനമെന്നത് പടുത്തുയർത്തപെട്ട മണിമാളികയായിരുന്നില്ല; മറിച്ച് വളരെ താഴ്ന്ന ഒരു കൊച്ചു ‘അറ’ മാത്രമായിരുന്നു അത്. എങ്കിലും ആരാധനകളാലും സത്യവിശ്വാസവും ദിവ്യബോധനവും കൊണ്ടും അത് സമ്പുഷ്ടമായിരുന്നു.

# തിരുദൂതരുടെﷺ വിശേഷഗുണങ്ങൾ

നാം പ്രവാചകന്റെ വീടിനടുത്തെത്തിക്കഴിഞ്ഞു. അനുവാദത്തിനായി നമുക്ക് വാതിലിൽ മുട്ടാം.നാം ഭാവനകളെ വെടിഞ്ഞ് പ്രവാചകനെ നേരിൽ കണ്ടിട്ടുള്ളവരോടൊപ്പം സഞ്ചരിക്കുകയാണ്; അവർ നമുക്ക് പ്രവാചകരെ -നാം നമ്മുടെ കണ്ണുകൾ കൊണ്ട് കാണുന്നതു പോലെ- വിശദീകരിച്ചുതരുന്നതാണ്, അദ്ദേഹത്തിന്റെ പരിപാവനമായ ദൃശ്യവും സുന്ദരമായ ജീവിതവും അങ്ങനെ നമുക്ക് മനസ്സിലാക്കാം.

ബറാഇബ്നു ആസിം رضي الله عنه വിൽനിന്ന് നിവേദനം:

كَانَ النَّبِيُّ ﷺ أَحْسَنَ النَّاسِ وَجْهًا، وَأَحْسَنَهُمْ خُلُقًا، لَيْسَ بِالطَّوِيلِ الْبَائِنِ، وَلَا بِالْقَصِيرِ

“നബിﷺ ജനങ്ങളിൽ ഏറ്റവും സുമുഖനായിരുന്നു, ഏറ്റവും സുശീലനും അദ്ദേഹം തന്നെ. വളരെ നീളമുള്ള ശരീരമോ എന്നാൽ കുറിയവനോ ആയിരുന്നില്ല” (ബുഖാരി)

അദ്ദേഹം തന്നെ പറയുന്നു:

كان النبي ﷺ مربوعاً بعيد ما بين المنكبين، لهُ شعرٌ يبلغُ شحمةَ أذنيهِ، رأيتُهُ في حُلةٍ حمراءَ، لم أرَ شيئاً قطُّ أحسنَ منهُ

“നബിﷺ ഒരു ഒത്ത ശരീരത്തിനുടമയായിരുന്നു. ചുമലുകൾ അകന്നവയായിരുന്നു. ചെവിയുടെ അടിഭാഗം എത്തുന്നത് വരെ നീണ്ട മുടി അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ചുവന്ന വസ്ത്രത്തിൽ അദ്ദേഹ

ത്തെ ഞാൻ കാണുകയുണ്ടായി; അപ്പോൾ അദ്ദേഹത്തേക്കാൾ സൗന്ദര്യമുള്ള മറ്റൊന്നും ഞാൻ കണ്ടിട്ടില്ല." (ബുഖാരി)

അബൂ ഇസ്ഹാഖ് അസ്സബീഇ ﷺ പറയുന്നു:

سَأَلَ رَجُلٌ الْبَرَّاءَ بْنَ عَازِبٍ: أَكَانَ وَجْهُ رَسُولِ اللهِ ﷺ مِثْلَ السَّيْفِ؟ قَالَ: لَا بَلْ مِثْلَ الْقَمَرِ

"ബറാഇബ്നു ആസിനോട് ഒരാൾ ചോദിച്ചു- പ്രവാചകന്റെ മുഖം വാളുപോലെ തിളങ്ങുന്നതായിരുന്നോ? അദ്ദേഹം പറഞ്ഞു: അല്ല, അദ്ദേഹം ﷺ ചന്ദ്രനെ പോലെയായിരുന്നു." (ബുഖാരി).

അനസ് ﷺ പറയുന്നു:

مَا مَسَسْتُ بِيَدِي دِيبَاجًا وَلَا حَرِيرًا، وَلَا شَيْئًا أَلْيَنَ مِنْ كَفِّ رَسُولِ اللهِ ﷺ، وَلَا شَمَمْتُ رَائِحَةً أَطْيَبَ مِنْ رِيحِ رَسُولِ اللهِ ﷺ

"റസൂൽ ﷺയുടെ കൈകളേക്കാൾ മൃദുലമായ ഒരു പട്ടോ പരവതാനിയോ മറ്റൊന്നുമോ ഞാൻ സ്പർശിച്ചിട്ടില്ല. റസൂൽ ﷺയുടെ സുഗന്ധത്തേക്കാൾ പരിമളമുള്ള ഒന്നും ഞാൻ ഇതുവരെ മണത്തിട്ടില്ല" (ബുഖാരി, മുസ്ലിം).

പ്രവാചകൻ ﷺയുടെ സവിശേഷതകൾ പെട്ടതായിരുന്നു അദ്ദേഹത്തിന്റെ ലജ്ജ. അബൂസഈദിൽ ഖുദ്രി ﷺ ഇപ്രകാരം പറയുകയുണ്ടായി:

كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَشَدَّ حَيَاءً مِنْ الْعَذْرَاءِ فِي خِدْرِهَا فَإِذَا رَأَى شَيْئًا يَكْرَهُهُ عَرَفْنَاهُ فِي وَجْهِهِ

അദ്ദേഹം ﷺ മണിയറയിലെ മണവാട്ടിയേക്കാൾ നാണമുള്ള വ്യക്തിയായിരുന്നു. വെറുക്കുന്ന വല്ലതും കണ്ടാൽ അദ്ദേഹത്തിന്റെ മുഖത്ത് അത് ദൃശ്യമാകുമായിരുന്നു." (ബുഖാരി)

പ്രവാചകന്റെ സ്വഭാവ സവിശേഷതകളെ പറ്റിയുള്ള സംഗ്രഹം മാത്രമാണിത്. അല്ലാഹു അദ്ദേഹത്തെ ഉന്നതമായ സ്വഭാവസവിശേഷതകൾ കൊണ്ടും ചന്തമാർന്ന സൃഷ്ടിപ്പുകൊണ്ടും സമ്പൂർണനാക്കിയിരിക്കുന്നു.

# തിരുദൂതരുടെﷺ സംസാരം

നബിﷺയുടെ ചില സവിശേഷതകൾ മനസ്സിലാക്കിയ സ്ഥിതിക്ക് അദ്ദേഹത്തിന്റെ സംസാരത്തെപ്പറ്റിയും അതിന്റെ ശൈലിയെപറ്റിയും, അവിടുത്തെ കുടുംബവും അനുചരൻമാരും നമുക്കുവേണ്ടി വിശദീകരിക്കുന്നത് കേൾക്കാൻ നമുക്കൊന്ന് കാതോർക്കാം. ആയിശ رضي الله عنها പറഞ്ഞു:

مَا كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَسْرُدُ سَرْدَكُمْ هذَا وَلكِنَّهُ كَانَ يَتَكَلَّمُ بِكَلَامٍ بَيِّنٍ فَصْلٍ يَحْفَظُهُ مَنْ جَلَس إِلَيْهِ

"അല്ലാഹുവിന്റെ ദൂതർ നിങ്ങളിന്ന് സൊറ പറയുന്നത് പോലെ സൊറ പറയാറില്ലായിരുന്നു. എന്നാൽ അദ്ദേഹം വ്യക്തവും സ്ഫുടവുമായിട്ടാണ് സംസാരിച്ചിരുന്നത്. സംസാരം ഇടവിട്ടുകൊണ്ടായിരുന്നു; അദ്ദേഹത്തിന്റെ അടുത്തിരിക്കുന്നുവർക്ക് അത് ഹൃദിസ്ഥമാക്കാമായിരുന്നു" (അബൂദാവൂദ്)

അദ്ദേഹം അവധാനതയോടും മൃദുലമായും സംസാരിച്ചു. തന്റെ സംസാരം മറ്റുള്ളവർക്ക് മനസ്സിലാകാൻ ആഗ്രഹിച്ചു. ആരെങ്കിലും തന്റെ സമുദായത്തോട് താൽപര്യമുള്ളവനാണെങ്കിൽ സമൂഹത്തിലെ വ്യത്യസ്ഥരെ വ്യത്യസ്ഥമായി തന്നെ പരിഗണിക്കണം; അവരുടെ മതഗ്രന്ഥത്തിലുള്ള ഗ്രാഹ്യതയുടെ വ്യത്യസ്ത ശ്രേണികൾ പരിഗണിച്ച് അവരോട് സംസാരിക്കണം. അതിനാകട്ടെ യുക്തിദീക്ഷതയും സഹനവും അത്യാവശ്യമാണ്.

ആയിശ رضي الله عنها പറയുന്നു:

كَانَ كَلَامُ رَسُولِ اللهِ ﷺ كَلَامًا فَصلاً يَفْهَمُهُ كُلُّ مَنْ يَسْمَعُهُ

“അല്ലാഹുവിന്റെ ദൂതരുടെﷺ സംസാരം വളരെ വ്യക്തമായിരുന്നു. കേൾക്കുന്നവർക്കെല്ലാം അത് മനസ്സിലാകുമായിരുന്നു” (അബൂ ദാവൂദ്)

മനസ്സിലാകുന്നതിന് വേണ്ടി തന്റെ സംസാരം ആവർത്തിക്കുമായിരുന്ന പ്രവാചകരുടെ ഹൃദയവിശാലതയും അനുകമ്പയും എത്രയാണെന്ന് ചിന്തിച്ച് നോക്കൂ. അനസിബ്നു മാലിക്ؓ പറഞ്ഞു.

كَانَ رَسُولُ اللهِ ﷺ يُعِيدُ الْكَلِمَةَ ثَلَاثًا لِتُعْقَلَ عَنْهُ

“അല്ലാഹുവിന്റെ ദൂതർ തന്റെ സംസാരം മനസ്സിലാകുന്നതിനായി -മൂന്ന് വട്ടം ആവർത്തിക്കുമായിരുന്നു”

പ്രവാചകൻﷺ ജനങ്ങളോട് അനുകമ്പയോടെയും സൗമ്യതയോടെയും വർത്തിച്ചു. അവരെ ഭയപ്പെടുത്തിയില്ല. മറിച്ച് അവർക്കദ്ദേഹം നിർഭയത്തംനൽകുകയാണുണ്ടായത്. ഇബ്നുമസ്ഊദ്ؓ പറഞ്ഞു:

നബിﷺയുടെ അടുക്കൽ ഒരാൾ വന്നു സംസാരിക്കുകയുണ്ടായി; ഭയം കൊണ്ട് അയാൾ വിറയ്ക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തോട് നബിﷺ പറഞ്ഞു:

هَوِّنْ عَلَيْكَ فَإِنِّي لَسْتُ بِمَلِكٍ إِنَّمَا أَنَا ابْنُ امْرَأَةٍ تَأْكُلُ الْقَدِيدَ

“ശാന്തനാകൂ, ഞാനൊരു രാജാവല്ല. മാംസം ഭക്ഷിക്കുന്ന ഒരു സാധാരണ സ്ത്രീയുടെ പുത്രൻ മാത്രമാണ് ഞാൻ” (ഇബ്നുമാജ)

# വീടിന്റെ ഉള്ളകം

നമുക്ക് അനുവാദം കിട്ടിയിരിക്കുന്നു. ഇപ്പോൾ നാം ലോകത്തിന്റെ പ്രവാചകരുടെ വീട്ടിനുള്ളിലാണ്. വീടിന്റെ അകത്തളമാകെ നമുക്കൊന്ന് കണ്ണോടിക്കാം. പ്രവാചകശിഷ്യരാണ് ഈ വീടിന്റെ അടിത്തറയേയും വീട്ടിലെ വൈവിധ്യങ്ങളാർന്ന ഉപയോഗവസ്തുക്കളെയും മറ്റും നമുക്ക് വിശദീകരിച്ചുതരുന്നത്. ആ അറയും ചുമരുകളും ദർശിക്കൽ നമ്മുക്ക് അനിവാര്യമാണല്ലോ. ആ പരിപാവനമായ അറ പരിശോധിക്കുമ്പോൾ നമുക്ക് ബോധ്യപ്പെടും; അതിന്റ അടിത്തറ വിനയത്തിൻമേൽ നിർമ്മിക്കപ്പെട്ടതാണ്, ചിലവഴിച്ച മൂലധനം 'ഇമാനു'മാണ്. ഇന്നു പലരുടെയും വീടുകളിൽ അലങ്കരിക്കപ്പെടുന്ന ജീവനുള്ളവയുടെ ചിത്രങ്ങളിൽ നിന്നും ഈ ചുമരുകൾ മുക്തമായതായി കാണുന്നില്ലേ? നബിﷺ പറഞ്ഞിരിക്കുന്നു:

لَا تَدْخُلُ الْمَلَائِكَةُ بَيْتاً فِيهِ كَلْبٌ وَلَا تَصَاوِيرُ

"നായയും ചിത്രങ്ങളുമുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല" (ബുഖാരി)

നോക്കൂ, തിരുമേനി തന്റെ ജീവിതത്തിൽ ഉപയോഗിച്ച ചില വീട്ടുപകരണങ്ങൾ താങ്കൾകാണുന്നില്ലേ?.

സാബിത്ത്ؓൽനിന്ന് അദ്ദേഹം പറഞ്ഞു:

"അനസിബ്നു മാലിക്ؓ ഞങ്ങളുടെ അടുത്തുവെച്ച് ഒരു മരത്തിന്റെ കോപ്പ പുറത്തെടുത്തു. ഇരുമ്പിന്റെ പിടിയുള്ള ഒരു പരുപരുത്ത മരക്കോപ്പ. എന്നിട്ട് പറഞ്ഞു: "സാബിത്ത്, ഇത് റസൂലുള്ളയുടെﷺ കോപ്പയാണ്. അദ്ദേഹം അതിൽ വെള്ളവും ഈത്തപ്പഴം പിഴിഞ്ഞ വെള്ളവും തേനും പാലുമെല്ലാം കുടിച്ചിരുന്നു". (തുർമുദി)

അനസ്ﷺ പറഞ്ഞു:

أَنَّ رَسُولَ الله ﷺكَانَ يَتَنَفَّسُ فِي الشَّرَابِ ثَلَاثًا نَهَى رَسُولُ الله ﷺ أَنْ يَتَنَفَّسَ فِي الْإِنَاءِ أَوْ ينفخَ فِيهِ

“തീർച്ചയായും തിരുദൂതർﷺ (തന്റെ പാത്രത്തിന് പുറത്ത്) മൂന്ന് തവണ ശ്വാസം വിട്ടുകൊണ്ട് (സാവകാശം) വെള്ളം കുടിച്ചിരുന്നത് മാത്രമല്ല, കുടിക്കുന്ന പാനീയത്തിൽ ശ്വാസം വിടുന്നതിനെയും ഊതുന്നതിനെയും അദ്ദേഹംﷺ വിലക്കി”. (ബുഖാരി, മുസ്‌ലിം)

ഇതാ നിലത്ത് ഈത്തപ്പനയോലകൊണ്ട് മെടഞ്ഞുണ്ടാക്കിയ ഒരു പരുപരുത്ത പായ താങ്കൾ കാണുന്നുണ്ടോ? അതിലായിരുന്നു പ്രവാചകനുറങ്ങിയിരുന്നത്. പായയുടെ അടയാളം അദ്ദേഹത്തിന്റെ ശരീരത്തിൽ പതിയുമായിരുന്നു. ഈ രംഗം കണ്ട് ഉമർﷺ ഒരിക്കൽ കരയുകയുണ്ടായി. “റസൂലെ, കിസ്റ ചക്രവർത്തിമാർ പട്ടിലും മെത്തയിലുമുറങ്ങുമ്പോൾ താങ്കൾ...” എന്ന് പരാതിപ്പെട്ട അദ്ദേഹത്തോട് നബിﷺ പറഞ്ഞു:

“അവർക്ക് ഇഹലോകമാണുള്ളത് നമുക്ക് പരലോകവും”

സുഹൃത്തേ, പ്രവാചകൻﷺ യുദ്ധങ്ങളിലും ധർമ്മസമരങ്ങളിലും ധരിച്ചിരുന്ന പടയങ്കി അല്ലെങ്കിൽ പടച്ചട്ട വീട്ടിൽ അവശേഷിച്ചിട്ടില്ല. മുപ്പത് സ്വാഅ് ബാർലിക്ക് വേണ്ടി പ്രവാചകൻﷺ അത് ഒരു ജൂതന്റെ അടുക്കൽ പണയം വെച്ചുവെന്ന് ആയിശ ബീവിﷺ പറയുന്നുണ്ട്. (ബുഖാരി, മുസ്‌ലിം) റസൂൽﷺ അത് ജൂതന്റെ അടുക്കൽ പണയപ്പെട്ട നിലയ്ക്കു തന്നെ മരണമടഞ്ഞു.

പ്രവാചകൻﷺ പൊടുന്നനെ വീട്ടിലേക്ക് കയറി ചെല്ലാറില്ലായിരുന്നു; വീട്ടുകാരെ അറിയിച്ചതിനുശേഷമേ പ്രവേശിക്കു. അവരുടെമേൽ സലാം ചൊല്ലുകയും ചെയ്തിരുന്നു (*സാദുൽ മആദ്*: 2/281)

പ്രവാചക ശ്രേഷ്ഠൻ അരുളിയ രണ്ട് ഹദീസുകൾ മനസ്സാന്നിധ്യത്തോടെ ശ്രദ്ധിച്ചു കേൾക്കു. അവിടുന്ന് പറഞ്ഞു:

طُوبَى لِمَنْ هُدِيَ إِلَى الْإِسْلَامِ وَكَانَ عَيْشُهُ كَفَافاً وَقَنَعَ بِهِ

“ഇസ്‌ലാമിലേക്ക് വഴി നടത്തപ്പെടുകയും കഷ്ടിച്ച് ജീവിച്ചു പോകാനുള്ളത് ലഭിക്കുകയും കിട്ടിയതിൽ തൃപ്തിയടയുകയും ചെയ്തവന് മംഗളം” (തുർമുദി)

مَنْ أَصْبَحَ آمِنًا فِي سِرْبِهِ مُعَافًى فِي جَسَدِهِ عِنْدَهُ قُوتُ يَوْمِهِ فَكَأَنَّمَا حِيزَتْ لَهُ الدُّنْيَا

"സ്വന്തം ജനതക്കിടയിൽ നിർഭയനായും ശരീരം രോഗമുക്തമായും തന്റെ ഒരു ദിവസത്തെ ഭക്ഷണം അടുത്തുള്ളവനായും ആർ നേരം പുലർന്നവനായോ അവൻ ഈ ദുനിയാവൊന്നടങ്കം ലഭിച്ചവനെ പോലെയാണ്" (തുർമുദി)

# അടുത്ത കുടുംബക്കാർ

കുടുംബബന്ധം ചേർക്കുന്നതിൽ പ്രവാചകൻ തന്റെ ബാധ്യത തീർത്തും നിറവേറ്റി. തദ്‌വിഷയത്തിലും അദ്ദേഹം പൂർണരും തികഞ്ഞവരുമായിരുന്നു. എത്രത്തോളമെന്നാൽ ഖുറൈശികളിലെ അവിശ്വാസികൾ പോലും അദ്ദേഹത്തെ പുകഴ്ത്തുകയും പ്രശംസിക്കുകയും ചെയ്യുമായിരുന്നു. പ്രവാചകത്വത്തിന് മുമ്പ് അവർ അദ്ദേഹത്തെ 'സ്വാദിഖുൽ അമീൻ' (വിശ്വസ്തനും സത്യസന്ധനും) എന്ന് വിളിച്ചിരുന്നു.

ഖദീജ ബീവി ﷺ അദ്ദേഹത്തെ വിശേഷിപ്പിച്ചതിങ്ങനെയാണ്: "നിശ്ചയമായും താങ്കൾ കുടുംബബന്ധം ചേർക്കുന്നവനും സത്യസന്ധനുമാണ്" മനുഷ്യന്റെ ഏറ്റവും വലിയ ബാധ്യതയും നിർബന്ധ കടമയും നബി ﷺ നിർവഹിക്കുന്നത് നോക്കൂ. തന്റെ ഏഴാം വയസ്സിൽ മരണമടഞ്ഞ ഉമ്മയുടെ ഖബറിടം സന്ദർശിക്കുകയാണദ്ദേഹം. സ്വഹാബത്തിന്റ കൂട്ടത്തിൽ നിന്ന് അബൂഹുറൈറ ﷺ തന്നെ നമ്മോടാ സംഭവം വിവരിക്കുന്നു:

നബി ﷺ തന്റെ മാതാവിന്റെ ഖബറിടം സന്ദർശിച്ചു. അദ്ദേഹം കരഞ്ഞു, ചുറ്റുമുണ്ടായിരുന്നവരെ (ആ കരച്ചിലിനാൽ കരയിച്ചു) എന്നിട്ട് പറഞ്ഞു:

اسْتَأْذَنْتُ رَبِّي فِي أَنْ أَسْتَغْفِرَ لَهَا فَلَمْ يُؤْذَنْ لِي وَاسْتَأْذَنْتُهُ فِي أَنْ أَزُورَ قَبْرَهَا فَأُذِنَ لِي فَزُورُوا الْقُبُورَ فَإِنَّهَا تُذَكِّرُ الْمَوْتَ

"അവർക്കുവേണ്ടി (മാതാവിന്) പാപമോചനത്തിനായി ഇരക്കാൻ എന്റെ നാഥനോട് അനുവാദം ചോദിച്ചു, എനിക്കനുവാദം നൽക

പ്പെട്ടില്ല. അവുടെ ഖബർ സന്ദർശിക്കാൻ ഞാൻ അനുവാദം ചോദിച്ച പ്പോൾ നൽകപ്പെട്ടു. അതുകൊണ്ട് നിങ്ങൾ ഖബറുകൾ സന്ദർശിച്ച് കൊള്ളുക; അത് നിങ്ങളെ മരണത്തക്കുറിച്ച് ഓർമ്മപ്പെടുത്തുത്തും." (മുസ്ലിം)

തന്റെ കുടുംബക്കാരോടും ഉറ്റവരോടുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ സ്നേഹത്തെപ്പറ്റിയും, അവരെ സൻമാർഗത്തിലേക്ക് ക്ഷണിക്കാനും അവർക്ക് നേർമാർഗം സിദ്ധിക്കാനും നരകശിക്ഷയിൽനിന്നവർ രക്ഷപ്പെടാനും അദ്ദേഹത്തിനുണ്ടായിരുന്ന അതിയായ താൽപര്യത്തെപറ്റിയും നിങ്ങൾ ചിന്തിച്ചുനോക്കു. അതിനായി എന്തെല്ലാം പ്രയാസങ്ങളും ദുരിതങ്ങളുമാണ് അദ്ദേഹം സഹിച്ചത്.

അബൂഹുറൈറ ﷺ പറയുന്നു:

﴿وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ ﴿٢١٤﴾﴾

"നീ നിന്റെ അടുത്ത ബന്ധുക്കളെ താക്കീത് ചെയ്യുക" (ശുഅറാഅ്: 214) എന്ന ആയത്ത് അവതരിക്കപ്പെട്ടപ്പോൾ റസൂലുല്ലാഹി ﷺ ഖുറൈശികളെ വിളിച്ചുകൂട്ടി. അവരിലെ സാധാരണക്കാരും വിശേഷിച്ചവരുമടക്കം ഒരുമിച്ചുകൂടി. അദ്ദേഹം പറഞ്ഞു:

يَا بَنِي عَبْدِ شَمْسٍ ، يا بَنِي كَعْبِ بْنِ لُؤَيٍّ ، أنقِذُوا أَنْفُسَكُمْ مِنَ النَّارِ ، يَا بَنِي مُرَّةَ بن كَعْبٍ ، أَنقِذُوا أَنْفُسَكُمْ مِنَ النَّارِ ، يَا بَنِي عَبْدِ مَنَاف ، أَنْقِذُوا أَنْفُسَكُمْ مِنَ النَّارِ ، يَا بَنِي ها شم ، أنقذوا أنفسكم من النار ، يَا بني عبد المطلب ، انقذوا أنفسكم من النار ، يَا فَاطِمَةُ ، أَنْقِذِي نَفْسَكِ مِنَ النَّارِ فَإِنِّي لا أَمْلِكُ لَكُمْ مِنَ اللهِ شَيئاً ، غَيْرَ أَنَّ لَكُمْ رَحِماً سَأَبُلُّهَا بِبِلالِهَا

"അബ്ദുശ്ശംസിന്റെ മക്കളെ, കഅ്ബിബ്നു ലുഐയ്യിന്റെ മക്കളെ, നരകത്തിൽനിന്നും നിങ്ങൾ നിങ്ങളുടെ ശരീരത്തെ കാത്തുകൊള്ളുക. ഷുർറത്തുബ്നു കഅബിന്റെ മക്കളെ, നരകത്തിൽനിന്നും നിങ്ങൾ നിങ്ങളുടെ ശരീരത്തെ കാത്തുകൊള്ളുക. അബ്ദുമനാഫിന്റെ മക്കളെ നരകത്തിൽനിന്നും നിങ്ങൾ നിങ്ങളുടെ ശരീരത്തെ കാത്തുകൊള്ളുക. ഹാശിമിന്റെയും അബ്ദുൽ മുത്ത്വലിബിന്റെയും മക്കളെ നിങ്ങൾ നിങ്ങളുടെ ശരീരത്തെ നരകത്തിൽനിന്നും കാത്തു

കൊള്ളുക. ഫാത്വിമ, നീ നിന്റെ ശരീരത്തെ നരകത്തിൽനിന്നും കാത്തുകൊള്ളുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ഒന്നും ഉടമപ്പെടുത്തുന്നില്ല; നിങ്ങളുമായുള്ള കുടുംബ ബന്ധമാകട്ടെ, അതിന്റെ ഈർപ്പം വറ്റാതെ ഞാൻ നോക്കും" (മുസ് ലിം)

നമ്മുടെ പ്രിയപ്പെട്ട നബിﷺ തന്റെ എളാപ്പയെ സൻമാർഗത്തിലേക്ക് -മടുക്കാതെയും തളരാതെയും -തുടരെ തുടരെ ക്ഷണിച്ചുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ മരണാസന്നനായി കിടക്കുന്ന ഇളാപ്പയുടെ അടുക്കൽ ചെന്ന് അദ്ദേഹംﷺ പറഞ്ഞു:

أيْ عَمّ، قُلْ لَا إلهَ إِلا اللهُ كَلمة أُحاج لكَ بها عندَ اللهِ عزَّ وَجـــل

"എളാപ്പാ, അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് പറയൂ. ആ വാക്കുകൊണ്ട് താങ്കൾക്കുവേണ്ടി അല്ലാഹുവിന്റെ അടുക്കൽ ഞാൻ വാദിക്കാം". അപ്പോൾ അബൂജഹലും അബ്ദുല്ലാഹിബ്നു അബീ ഉമയ്യയും പറഞ്ഞു: "അബൂത്വാലിബ്, അബ്ദുൽ മുത്വലിബിന്റെ പാതയെ താങ്കൾ വെറുക്കുന്നോ? അവർ രണ്ടുപേരും അദ്ദേഹത്തോട് സംസാരിച്ചും വാദിച്ചും കൊണ്ടിരുന്നു. അവസാനം "അബ്ദുൽ മുത്വലിബിന്റെ സരണയിൽ" എന്ന് ഉച്ചരിച്ച് അബൂത്വാലിബ് മരണപ്പെട്ടു. അർഹതയില്ലെങ്കിലും അദ്ദേഹത്തിനായി മാപ്പിരക്കുമെന്ന് പ്രവാചകൻ പറഞ്ഞു. ഉടനെ വിശുദ്ധ വചനങ്ങൾ അവതീർണമായി:

﴿مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن يَسْتَغْفِرُواْ لِلْمُشْرِكِينَ وَلَوْ كَانُوٓاْ أُوْلِي قُرْبَىٰ مِنۢ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَٰبُ ٱلْجَحِيمِ ١١٣﴾

"ബഹുദൈവ വിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞതിന് ശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും - പ്രവാചകനും സത്യവിശ്വാസികൾക്കും പാടുള്ളതല്ല." (തൗബ 113)

﴿ إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ ﴾

"നബിയെ താങ്കൾക്ക്  ഇഷ്ടമുള്ളവരെ നേർമാർഗത്തിലാക്കാൻ താങ്കൾക്ക് സാധിക്കില്ല" (ഖസസ്: 56) (അഹ്മദ്, ബുഖാരി, മുസ്ലിം)

പ്രവാചകൻ അദ്ദേഹത്തെ തുടരെ തുടരെ ഇസ്ലാമിന്റെ സൽപാ ന്ധാവിലേക്ക് ക്ഷണിച്ചു. അവസാന നിമിഷങ്ങളിൽ പോലും അതി നായി ശ്രമിച്ചു. മുകളിൽ സൂചിപ്പിച്ച ആയത്തുകൾ അവതരിക്കും വരെ അദ്ദേഹത്തിനുവേണ്ടി പാപമോചനത്തിനായി പ്രാർഥിച്ചു. സ്വജ നതയോടുള്ള അദ്ദേഹത്തിന്റെ അങ്ങേയറ്റത്തെ വാത്സല്യമാണ് ഇ തെല്ലാം ചിത്രീകരിക്കുന്നത്.

# പ്രവാചകൻﷺ തന്റെ വീട്ടിൽ

ഒരു മനുഷ്യനെ തിരിച്ചറിയാനുള്ള ഏറ്റവും നല്ല മാനദണ്ഡം അവന്റെ വീടായിരിക്കും. അവന്റെ സ്വഭാവ ഗുണവും മാന്യമായ മര്യാദയും ഊഷ്മളമായ പെരുമാറ്റവും വ്യക്തിത്വത്തിന്റെ കാതലും വ്യക്തമായി തെളിയുക അവിടെയാണ്. മനുഷ്യരാരും കാണുകയോ അറിയുകയോ ചെയ്യാത്ത മറകൾക്കും ചുമരുകൾക്കുമുള്ളിൽ അവ നെങ്ങനെയാണ്? അതിനുള്ളിലവർ സ്വതസിദ്ധയോടെയും സ്വാഭാവി കതയോടെയുമായിരിക്കും സ്വന്തം അടിമകളോടും വേലക്കാരോടും ഭാര്യമാരോടും പെരുമാറുക. കൃത്രിമത്വങ്ങളോ പുറംമോടികളോ സൗന്ദര്യവത്ക്കരണമോ ഉണ്ടാകില്ലെന്ന് തീർച്ച. കാരണം അത് അവന്റെ മാത്രം സാമ്രാജ്യമാണ്. അവനാണതിലെ കൽപ്പകനും വിരോധക നും. ഇത്രയും വലിയ സ്ഥാനവും ഉടമസ്ഥതയും മറയുമുള്ള സ്വന്തം വീട്ടിൽ ഈ ലോകത്തിന്റെ പ്രവാചകനും നേതാവും അധ്യാപകനുമായ തിരുമേനിﷺ എങ്ങനെയായിരുന്നുവെന്ന് നമുക്കറിയണ്ടേ?

പ്രവാചക പത്നി ആയിശﷺയോട് നമുക്കത് ചോദിക്കാം; ആ സഹധർമ്മണി പറയട്ടെ ലോകത്തിന്റെ പ്രവാചകരെ പറ്റി:

كَانَ بَشَرًا منَ البَشَر: يُفْلي ثَوْبَهُ وَيُحْلبُ شَاتَهُ، وَيَخْدمُ نَفْسَهُ

"സാധാരണക്കാരിലെ സാധാരണക്കാരനായിരുന്നു അദ്ദേഹം. തന്റെ വസ്ത്രം അലക്കും, ആടിനെ കറക്കും, സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യും..." (അഹ്മദ്, തുർമുദി)

അന്യരെ അനാവശ്യമായി ബുദ്ധിമുട്ടിക്കാത്ത അഹങ്കാരമൊട്ടും വെച്ചുപുലർത്താതിരുന്ന വിനയത്തിന്റെ മകുടോദാഹരണമായിരുന്നു അദ്ദേഹം. മാന്യമായ സഹവാസത്തിലും പരോപകാരത്തിലും അദ്ദേ

ഹം എത്ര ഉത്തമൻ.

സ്വന്തം വയറു നിറച്ചു തിന്നാനുള്ളത് പലപ്പോഴും അദ്ദേഹത്തിന് ലഭിക്കാറില്ലായിരുന്നു.

നുഅ്മാനിബ്നു ബശീർﷺ പ്രവാചകന്റെ അവസ്ഥയെ പറ്റി സ്മരിക്കവെ ഇപ്രകാരം പറഞ്ഞു:

لَقَدْ رَأَيْتُ نَبِيَّكُمْ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَمَا يَجِدُ مِنْ الدَّقَلِ مَا يَمْلَأُ بِهِ بَطْنَهُ

"നിങ്ങളുടെ പ്രവാചകനെ ഞാൻ കണ്ടിട്ടുണ്ട്; അദ്ദേഹത്തിന് സ്വന്തം വയറുനിറക്കാൻ താഴ്ന്ന തരം ഈത്തപ്പഴങ്ങൾ പോലും ഇല്ലായിരുന്നു" (മുസ്ലിം)

ആയിശﷺ പറയുന്നു:

إن كُنَّا آلَ مُحَمَّد نَمْكُثُ شَهْرًا مَا نَسْتَوْقِدُ بنَار إنْ هُوَ إلا التَّمْر وَالْمَاء

"മുഹമ്മദ് നബിﷺയുടെ കുടുംബമായ ഞങ്ങൾ അടുപ്പ് കത്താതെ ഒരു മാസം കഴിച്ചുകൂട്ടുകയുണ്ടായിട്ടുണ്ട്. (ഞങ്ങളന്ന് കഴിഞ്ഞുപോന്നത്) കാരക്കയും വെള്ളവും മാത്രമായാണ്" (ബുഖാരി)

എന്നാൽ ഈ പട്ടിണിയോ ദാരിദ്ര്യമോ ആരാധനകളിൽനിന്നും സൽകർമ്മങ്ങളിൽനിന്നും അദ്ദേഹത്തെ അശ്രദ്ധനാക്കിയില്ല... 'ഹയ്യ അല സ്വലാത്ത്' 'ഹയ്യ അലൽ ഫലാഹ്' (നമസ്കാരത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക) എന്ന് കേൾക്കുകയേ വേണ്ടു, അദ്ദേഹം ദുൻയാവിനെ തന്റെ പിന്നിൽ വിട്ടേച്ച് ആ വിളിക്ക് ധൃതിയിൽ ഉത്തരം ചെയ്യും.

അസ്‌വദിബ്നു യസീദ്ﷺ പറഞ്ഞു:പ്രവാചകൻﷺ തന്റെ വീട്ടിൽ എന്ത് ചെയ്യുമായിരുന്നുവെന്ന് ആയിശﷺയോട് ചോദിച്ചു. അവർ പറഞ്ഞു:

كَانَ يَكُونُ فِي مِهَنِ أَهْلِهِ، فَإِذَا سَمِعَ بِالْأَذَانِ خَرَجَ

"അദ്ദേഹം തന്റെ ഭാര്യമാരെ വീട്ടുകാര്യങ്ങളിൽ സഹായിക്കുമായിരുന്നു. അപ്പോൾ ബാങ്കു കേട്ടാൽ അദ്ദേഹം (പള്ളിയിലേക്ക്) പുറപ്പെടും" (മുസ്ലിം)

മരണാസന്നനായ കാലഘട്ടത്തിൽ രോഗം കഠിനമാകുകയും പനി മൂർച്ഛിക്കുകയും പള്ളിയിലേക്ക് പോകാൻ പറ്റാതാവുകയും ചെയ്ത അവസരത്തിലല്ലാതെ പ്രവാചകൻ വീട്ടിൽ ഒരിക്കലും നമസ്കരിച്ചതായി ഹദീസുകളിൽ കാണുന്നില്ല. തന്റെ സമൂഹത്തോട് അങ്ങേയറ്റം കാരുണ്യമുള്ളതോടൊപ്പം തന്നെ ജമാഅത്ത് നമസ്കാരമുപേക്ഷിക്കുന്നവർക്കുമേൽ അദ്ദേഹം പരുഷമായ വാക്കുകൾ പ്രയോഗിച്ചു. അവരെ അവരുടെ വീടുകളോടൊപ്പം കരിച്ചുകളയാൻ താൻ ചിന്തിക്കുകയുണ്ടായി എന്നുപോലും പ്രവാചകൻ പറഞ്ഞു. (ബുഖാരി, മുസ്‌ലിം).

ജമാഅത്തു നമസ്കാരത്തിന്റെ പ്രാധാന്യവും അതുപേക്ഷിക്കുന്നതിലെ ഗൗരവവും കൊണ്ടാണ് അദ്ദേഹം അപ്രകാരം പറഞ്ഞത്. പ്രവാചകൻﷺ പറഞ്ഞു:

مَنْ سَمِعَ النِّدَاءَ فَلَمْ يُجِبْ فَلَا صَلَاةَ لَهُ إِلَّا مِنْ عُذْرٍ

“ആരെങ്കിലും ബാങ്ക് കേൾക്കുകയും എന്നിട്ട് അതിനുത്തരം ചെയ്യാതിരിക്കുകയും ചെയ്താൽ അവന് നമസ്കാരമില്ല; (നമസ്കാരത്തിൽനിന്ന് വിട്ടുനിൽക്കാൻ പോന്ന) ന്യായമുള്ളവനൊഴികെ” (ഇബ്നുമാജ, ഇബ്നുഹിബ്ബാൻ)

‘ന്യായം’ എന്നാൽ ഭയവും രോഗവുമാണ്. ഇന്നത്തെ നമസ്കാരക്കാരുടെ സ്ഥിതിയെന്താണ്? സ്വന്തം ഭാര്യമാരോടൊത്ത് നമസ്കരിക്കുകയും പള്ളികൾ ഒഴിവാക്കുകയുമാണവർ! രോഗമോ ഭയമോ ആകുന്ന ഒഴികഴിവവർക്കുണ്ടോ!

# അദ്ദേഹത്തിന്റെ പെരുമാറ്റവും സ്വഭാവവും

മനുഷ്യന്റെ ചലനങ്ങളും അടക്കങ്ങളും അവന്റെ ബുദ്ധിയുടെ സൂചനയും ഹൃദയത്തിലെ അറിവിന്റെ താക്കോലുമാണ്. പ്രവാചകന്റെﷺ സ്വാഭവത്തെയും ചിട്ടകളെയും പറ്റി ഏറ്റവും നന്നായി അറിയുക അവിടുത്തെ പ്രിയതമയായ ആയിശ ബീവിക്കാണ്. നബിﷺയുടെ ഉറക്കിലും ഉണർവ്വിലും രോഗത്തിലും ആരോഗ്യത്തിലും കോപത്തിലും സന്തുഷ്ടതയിലും അടുത്ത് പെരുമാറിയ അവർക്കാണ് അദ്ദേഹത്തിന്റെ വ്യത്യസ്ത ജീവിതാവസ്ഥകളെ സൂക്ഷ്മമായി വിവരിക്കാൻ കഴിയുക. ഉമ്മുൽ മുഅ്മിനീൻ ആയിശ പറയുന്നു:

لَمْ يَكُنْ رَسُولُ اللهِ ﷺ فَاحِشًا وَلَا مُتَفَحِّشًا، وَلَا صَخَّابًا فِي الْأَسْوَاقِ وَلَا يَجْزِي بِالسَّيِّئَةِ السَّيِّئَةُ وَلَكِنْ يَعْفُو وَيَصْفَحُ

“പ്രവാചകൻﷺ അശ്ലീലങ്ങളോ ആഭാസങ്ങളോ പറയുന്നവനോ പ്രവർത്തിക്കുന്നവനോ ആയിരുന്നില്ല. ചന്തയിൽ കലഹങ്ങളുണ്ടാക്കുന്നവനോ തിന്മയ്ക്ക് തിന്മകൊണ്ട് മറുപടി കൊടുക്കുന്നവനോ ആയിരുന്നില്ല; മറിച്ച് അദ്ദേഹം വിട്ടുവീഴ്ച ചെയ്യുന്ന പൊറുത്തു കൊടുക്കുന്ന വ്യക്തിത്വമായിരുന്നു” (അഹ്മദ്)

ഇതാണ് നബിﷺയുടെ സ്വഭാവ സവിശേഷത. പ്രവാചകന്റെ ചില പെരുമാറ്റത്തെയും സ്വഭാവസവിശേഷതകളെയും പറ്റി അദ്ദേഹത്തിന്റെ പൗത്രൻ ഹുസൈൻ പറയുന്നതിപ്രകാരമാണ്:

ഞാൻ എന്റെ ഉറ്റപിതാവിനോട്, പ്രവാചകൻ തന്റെ സദസ്യരോടും കൂട്ടാളികളോടും എങ്ങിനെയാണ് പെരുമാറിയിരുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബിﷺ എപ്പോഴും സന്തുഷ്ടവാനായിരുന്നു, സുമുഖനായിരുന്നു, സുശീലനായിരുന്നു, മൃദുലമായി പെരുമാ

റിയിരുന്നവനായിരുന്നു. അദ്ദേഹം കഠിനഹൃദയനൊ മുരടനോ കലഹിയോ ആയിരുന്നില്ല. ആഗ്രഹിക്കാത്തവയിൽനിന്നെല്ലാം അശ്രദ്ധനായിരുന്നു. ആഗ്രഹത്തോടെ ചെല്ലുന്നവർ അദ്ദേഹത്തിൽനിന്നും നിരാശരായില്ല, ലക്ഷ്യം നേടാതെ തിരിച്ച് പോകാറുമില്ല. അദ്ദേഹം സ്വന്തത്തെ മൂന്ന് കാര്യങ്ങളിൽനിന്നും മുക്തനാക്കി. ലോകമാന്യം, വാരിവലിച്ച് കൂട്ടിവെക്കൽ, ഉപകാരമില്ലാത്ത കാര്യങ്ങൾ. അദ്ദേഹം ജനങ്ങളെ മൂന്ന് കാര്യങ്ങളിൽനിന്നുമൊഴിവാക്കി: അദ്ദേഹം ആരെയും നിന്ദിക്കുകയോ കുറ്റങ്ങൾ എടുത്തുപറയുകയോ ചെയ്യാറില്ല, ആരുടെയും (ന്യൂനതകൾ) രഹസ്യവേളകൾ അന്വേഷിക്കാറില്ല, അല്ലാഹുവിൽനിന്ന് പ്രതിഫലം കാംക്ഷിക്കപ്പെടാവുന്നതേ സംസാരിക്കുമായിരുന്നുള്ളു. അദ്ദേഹം സംസാരിച്ചാൽ സദസ്യരെ അദ്ദേഹം ആകർഷിക്കും; അവരുടെ തലകളിൽ പക്ഷികളിരിക്കുന്നതുപോലെ (അവർ ശാന്തരും നിശബ്ദരുമാകും) അങ്ങനെ അദ്ദേഹം സംസാരത്തിൽനിന്ന് വിരമിച്ചാൽ മാത്രം അവർ സംസാരിക്കും. അദ്ദേഹത്തിന്റെ അടുത്തുവെച്ച് അവർ വഴക്കുകൂടാറില്ല. അദ്ദേഹത്തിന്റെ അടുക്കൽവെച്ച് ആരെങ്കിലും സംസാരിക്കുകയാണെങ്കിൽ അയാൾക്കുവേണ്ടിയും അവർ നിശ്ശബ്ദരാകും. അവർ ചിരിക്കുന്ന കാര്യങ്ങളിൽ അദ്ദേഹവും ചിരിക്കുമായിരുന്നു. അവർ അതിശയിക്കുന്ന കാര്യങ്ങളിൽ അദ്ദേഹവും അതിശയിക്കും. സംസാരത്തിലും സംബോധനയിലും തന്നോട് പരുഷമായി പെരുമാറുന്ന അന്യരോട് അദ്ദേഹം സഹനം പാലിച്ചു. അദ്ദേഹം പറയുകയും ചെയ്യുമായിരുന്നു:

إِذَا رَأَيْتُمْ طَالِبَ حَاجَةٍ يَطْلُبُهَا فَأرفدوه

"ആവശ്യക്കാരനായ ഒരാൾ തന്റെ ആവശ്യം തേടുന്നതായി നിങ്ങൾ കണ്ടാൽ അയാളെ സഹായിക്കുക".

മുഖസ്തുതികളെ അദ്ദേഹം സ്വീകരിച്ചില്ല. ആരുടെയും സംസാരത്തെ ഇടയിൽ കയറി അദ്ദേഹം മുറിച്ചിരുന്നില്ല; മുറിക്കൽ അനിവാര്യമായതൊഴികെ. അപ്പോൾ അദ്ദേഹം തടയുകയോ എഴുന്നേൽക്കുകയോ ചെയ്യുമായിരുന്നു" (തുർമുദി)

പ്രവാചക ശ്രേഷ്ഠന്റെ ഈ മഹത്തായ ഗുണങ്ങളെയും മഹിതമായ സ്വഭാവ സവിശേഷതകളെയും പറ്റി നിങ്ങൾ ചിന്തിക്കുക, കഴിയുന്നിടത്തോളം അവ ജീവിതത്തിലേക്ക് സ്വാംശീകരിക്കാൻ കഠിനമായി പരിശ്രമിക്കുകയും ചെയ്യുക. കാരണം അവ നന്മയുടെ സമാഹാരമാണ്.

അദ്ദേഹത്തിന്റെ സ്വഭാവത്തിൽപെട്ട ഒന്നായിരുന്നു തന്റെ കൂട്ടാളികളെ അവരുടെ മതത്തെ സംബന്ധിച്ച് പഠിപ്പിക്കുകയെന്നത്. അവയിൽപെട്ട ചില പാഠങ്ങൾ ശ്രദ്ധിക്കു:

مَنْ مَاتَ وَهُوَ يَدْعُو مِنْ دُونِ اللهِ نِدًّا دَخَلَ النَّارَ

"അല്ലാഹുവിന് പുറമെ ഒരു സമനെ വിളിച്ച് പ്രാർഥിക്കുന്നവനായി ആരെങ്കിലും മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിച്ചു" (ബുഖാരി)

الْمُسْلِمُ مَنْ سَلِمَ الْمُسْلِمُونَ مِنْ لِسَانِهِ وَيَدِهِ، وَالْمُهَاجِرُ مَنْ هَجَرَ مَا نَهَى اللهُ عَنْهُ

"മറ്റുമുസ്‌ലിംകൾ തന്റെ നാവിന്റെയും കൈകളുടേയും ഉപദ്രവത്തിൽനിന്നും നിർഭയരായവനാണ് (യഥാർഥ) മുസ്‌ലിം മുഹാജിർ (അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാമുപേക്ഷിച്ച് പലായനം ചെയ്തവൻ) എന്നാൽ അല്ലാഹു വിലക്കിയവയിൽനിന്നും വിട്ടുനിൽക്കുന്നവനുമാണ്" (ബുഖാരി, മുസ്‌ലിം)

بَشِّرُوا الْمَشَّائِينَ فِي الظُّلَمِ إِلَى الْمَسَاجِدِ بِالنُّورِ التَّامِ يَوْمَ الْقِيَامَةِ

"ഇരുട്ടിൽ പള്ളികളിലേക്ക് നടന്നുപോകുന്നവർക്ക് പരലോകത്ത് പൂർണ്ണമായ വെളിച്ചംകൊണ്ട് സന്തോഷവാർത്ത അറിയിക്കുക". (തുർമുദി, അബൂദാവൂദ്)

إِنِّي لَمْ أُبْعَثْ لَعَّانًا، وَإِنَّمَا بُعِثْتُ رَحْمَةً

"ഞാൻ ശപിക്കുന്നവനായിട്ടല്ല നിയോഗിക്കപ്പെട്ടിരിക്കുന്നത്; (ലോകത്തിന്) കാരുണ്യമായി മാത്രമാണ്" (മുസ്‌ലിം)

ഉമർﷺവിൽനിന്നും നിവേദനം അദ്ദേഹം പറഞ്ഞു: പ്രവാചകൻﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു:

لَا تَطْرُونِي كَمَا أَطَرَتْ النَّصَارَى ابْنَ مَرْيَمَ

"മറിയമിന്റെ പുത്രനെ (ഈസ) ക്രിസ്ത്യാനികൾ അതിരുവിട്ട് പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്" (ബുഖാരി, മുസ്‌ലിം)

മരിക്കുന്നതിന് അഞ്ചു ദിവസം മുമ്പ് നബിﷺ പറഞ്ഞതായ വാക്കുകൾ ജുൻദുബിബ്നു അബ്ദുല്ലﷺ ഉദ്ധരിക്കുന്നതിപ്രകാരമാണ്.

إِنِّي أَبْرَأُ إِلَى اللهِ أَنْ يَكُونَ لِي مِنْكُمْ خَلِيلٌ فَإِنَّ اللهَ قَدْ اتَّخَذَنِي خَلِيلاً كَمَا اتَّخَذَ إِبْرَاهِيمَ خَلِيلاً وَلَوْ كُنْتُ مُتَّخِذًا مِنْ أُمَّتِي خَلِيلاً لَاتَّخَذْتُ أَبَا بَكَرَ خَلِيلاً، أَلَا وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ مَسَاجِدَ، أَلَا فَلَا تَتَّخِذُوا الْقُبُورَ مَسَاجِدَ فَإِنِّي أَنْهَاكُمْ عَنْ ذلِكَ

"നിങ്ങളിൽനിന്നും എനിക്ക് 'ഖലീൽ' (ഉറ്റചങ്ങാതി) ഉണ്ടാകുന്നതിനെ പറ്റി ഞാൻ അല്ലാഹുവിലേക്ക് നിരപരാധിത്വം ബോധിപ്പിക്കുന്നു. കാരണം, തീർച്ചയായും അല്ലാഹു ഇബ്രാഹീമിനെ ഖലീലായി സ്വീകരിച്ചതുപോലെ എന്നെയും ഖലീലായി സ്വീകരിച്ചിരിക്കുന്നു. എന്റെ സമുദായത്തിൽനിന്നും എനിക്കൊരു 'ഖലീൽ' ഉണ്ടാകുമായിരുന്നെങ്കിൽ അത് അബൂബക്കറാകുമായിരുന്നു. അറിയുക, തീർച്ചയായും നിങ്ങൾക്ക് മുമ്പുള്ളവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കി സ്വീകരിച്ചിരുന്നു. അറിയൂ, നിങ്ങൾ കബറിടങ്ങളെ പള്ളികളാക്കരുത്, ഞാൻ അതിനെതൊട്ട് നിങ്ങളെ തടയുന്നു" (മുസ്ലിം)

# നബിﷺയുടെ പുത്രിമാർ

ജാഹിലിയ്യ കാലത്ത് പെൺകുട്ടികൾ ജനിക്കുന്ന ദിവസം മാതാപിതാക്കളുടെ ജീവിതത്തിലെ അപമാനകരമായ കറുത്ത ദിനമായിരുന്നു; അവരുടെ കുടുംബത്തിനും ഗോത്രത്തിനുമൊന്നടങ്കം അങ്ങനെ തന്നെയായിരുന്നു. അപമാനവും ദുരഭിമാനവും ആ പെൺകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടുന്നതിലേക്ക് വരെ ആ സമൂഹത്തെ നയിച്ചു. കിരാതവും ക്രൂരവുമായ രൂപത്തിൽ ആ സമ്പ്രദായം നടന്നുപോന്നു, അവിടെ കാരുണ്യത്തിനും സ്നേഹത്തിനും സ്ഥാനമില്ല. അപ്പോൾ പെൺകുട്ടികൾ ജീവനോടെ കുഴിച്ചുമൂടപ്പെട്ടു; പല രൂപത്തിലാണ് അവരത് നടപ്പാക്കിയിരുന്നതെന്ന് മാത്രം. അവരിൽ ചിലർ ആറുവയസ്സ് വരെ കുട്ടിയെ വെറുതെവിടും. പിന്നീട് കുട്ടിയുടെ മാതാവിനോട് പറയും: “അവളെ അണിയിച്ചൊരുക്കുകയും സുഗന്ധം പുരട്ടിക്കൊടുക്കുകയും ചെയ്യുക, ഞാൻ അവളുടെ അമ്മാവന്മാരുടെ അടുത്തേക്ക് അവളേയും കൊണ്ടുപോകുകയാണ്” വിജനപ്രദേശത്ത് അവൾക്കുവേണ്ടി അയാൾ ഒരു കുഴി കുഴിച്ചിട്ടുണ്ടാകും. അങ്ങനെ ആ കുഴിയെത്തുമ്പോൾ അയാൾ മകളോട് പറയും: “കുഴിയിലേക്ക് നോക്കൂ” ശേഷം അവളെ അതിലേക്ക് പൊടുന്നനെ തള്ളിയിടും. മണ്ണുവാരിയിട്ട് അവളെ കുഴിച്ചുമൂടും.

ഈ കിരാത സമൂഹത്തിലേക്കാണ് സ്ത്രീയെ - ഉമ്മയായും ഭാര്യയായും മകളായും സഹോദരിയായുമെല്ലാം - ആദരിക്കുന്ന മഹത്തായ മതവുമായി പ്രവാചകൻﷺ കടന്നുവരുന്നത്.

പ്രവാചകന്റെ പുത്രിമാർ പ്രവാചകന്റെ അതിരറ്റ സ്നേഹത്താൽ സൗഭാഗ്യരായി. നബിﷺയുടെ പുത്രിയായ ഫാത്വിമ(റ) അദ്ദേഹത്തിന്റെ അടുത്തു പ്രവേശിച്ചാൽ അവരെ ആനയിക്കുകയും തന്റെ

അടുത്തിരുത്തുകയും ചെയ്യുമായിരുന്നു. (അബൂദാവൂദ്, തുർമുദി, നസാഈ)

സ്വപുത്രിയെ വരവേൽക്കുന്നതിലും വാത്സല്യം കാണിക്കുന്നതിലുമുള്ള അദ്ദേഹത്തിന്റെ താൽപര്യം ചിത്രീകരിക്കുന്ന ഒരു രംഗം ആയിശﷺ വിശദീകരിക്കുന്നു: "നബിﷺയുടെ ഭാര്യമാരായ ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തിരിക്കുകയായിരുന്നു. അപ്പോൾ ഫാത്വിമﷺ കടന്നുവന്നു; പ്രവാചകന്റെ നടത്തം പോലെ തന്നെ അവർ നടക്കുമായിരുന്നു. അവരെ കണ്ടപ്പോൾ പ്രവാചകൻ ഹൃദ്യമായി സ്വാഗതം ചെയ്തു. "എന്റെ മകളേ, നിനക്ക് സ്വാഗതം" ശേഷം തന്റെ വലുത് ഭാഗത്ത് അവരെയിരുത്തി" (മുസ്‌ലിം)

പെൺമക്കളോടുള്ള അദ്ദേഹത്തിന്റെ വാൽസല്യത്തിനുള്ള മറ്റൊരു ഉദാഹരണമാണ്, അവർ നബിയുടെ അടുത്ത് അവരുടെ പ്രശ്നങ്ങളും പരാതികളുമായി വരുന്നതും അതിനദ്ദേഹം പരിഹാരം നിശ്ചയിച്ച് കൊടുക്കുകയും ചെയ്തിരുന്ന സംഭവങ്ങൾ... ഫാത്വിമﷺ ഒരിക്കൽ നബിﷺയുടെ അടുത്തുവന്ന്, തന്റെ കൈകൾ  അടുപ്പിലൂതി കേടുവന്നെന്നും, ഒരു ഭൃത്യനെ വേണമെന്നും പരാതി പറയാൻ ഒരുങ്ങി. എന്നാൽ തൽസമയം നബിﷺ വീട്ടിലുണ്ടായിരുന്നില്ല. മഹതി ആയിശﷺയോട് കാര്യം സൂചിപ്പിച്ചു. ആയിശﷺ നബി വീട്ടിൽ വന്നപ്പോൾ തന്നെ കാര്യം ബോധിപ്പിച്ചു. അലിﷺ പറയുന്നു: "ഞങ്ങൾ കിടക്കുകയായപ്പോൾ അദ്ദേഹം ഞങ്ങളുടെ അടുക്കൽ വന്നു, ഞങ്ങൾ (അലിﷺയും ഭാര്യ ഫാത്വിമﷺയും) എഴുന്നേൽക്കാനൊരുങ്ങിയപ്പോൾ "അവിടെയിരുന്നുകൊള്ളുക" എന്ന് നബിﷺ പറഞ്ഞു. എന്നിട്ട് ഞങ്ങളുടെ ഇടയിൽ വന്നിരുന്നുകൊണ്ട് പറഞ്ഞു:

أَلَا أَدُلُّكُمَا عَلَى مَا هُوَ خَيْرٌ لَكُمَا مِنْ خَادِمٍ؟ إِذَا أَوَيْتُمَا إِلَى فِرَاشِكُمَا، أَوْ أَخَذْتُمَا مَضَاجِعَكُمَا، فَكَبِّرَا أَرْبَعًا وَثَلَاثِينَ وَسَبِّحَا ثَلَاثًا وَثَلَاثِينَ، وَاحْمَدَا ثَلَاثًا وَثَلَاثِينَ فَهَذَا خَيْرٌ لَكُمَا مِنْ خَادِمٍ

"ഒരു ഭൃത്യനേക്കാൾ നിങ്ങൾക്ക് ഉത്തമമായത് ഞാൻ അറിയിച്ച് തരട്ടെ? നിങ്ങൾ നിങ്ങളുടെ കിടപ്പറയിൽ അണയുമ്പോൾ അല്ലെങ്കിൽ ഉറങ്ങാനായി കിടക്കുമ്പോൾ മുപ്പത്തിനാല് വട്ടം തക്ബീറും (اللّٰهُ أَكْبَرُ) മുപ്പത്തിമൂന്ന് വട്ടം തസ്ബീഹും (سُبْحَانَ اللّٰهِ) മുപ്പത്തിമൂന്ന് വട്ടം തഹ്മീദും (الْحَمْدُ لِلّٰهِ) ചൊല്ലുക. അതാണ് ഒരു ഭൃത്യനേക്കാൾ നിങ്ങൾക്കുത്തമം" (ബുഖാരി)

റസൂൽﷺയുടെ സഹനത്തിലും സംയമനത്തിലും നമുക്കുത്തമമായ മാതൃകയുണ്ട്. ഫാത്വിമﷺ ഒഴികെ അദ്ദേഹത്തിന്റെ എല്ലാ ആൺ മക്കളും പെൺമക്കളും അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ മരണമടഞ്ഞു. എന്നിട്ടും അദ്ദേഹം കവിളത്തടിക്കുകയോ വസ്ത്രം കീറുകയോ അടിയന്തിരവുമായി ബന്ധപ്പെട്ട് ഭക്ഷണമൊരുക്കുകയോ മറ്റു അനുശോചന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയോ ചെയ്തില്ല. മറിച്ച് അല്ലാഹുവിൽനിന്ന് പ്രതിഫലം കാംക്ഷിച്ച് ക്ഷമയോടെയും സംയമനത്തോടെയും അവന്റെ വിധിയെയും നിശ്ചയത്തേയും തൃപ്തിപ്പെട്ടു.

പ്രവാചക ശ്രേഷ്ഠൻ നമ്മോട് മഹത്തായ ഒരു ഉപദേശം നൽകി; അത് വേദനിക്കുന്നവർക്ക് സമാധാനവും ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസവുമാണ്:

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ أَجْرْنِي فِي مُصِيبَتِي وَاخْلُفْ لِي خَيْرًا مِنْهَا

"നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളതാണ്, അവനിലേക്ക് തന്നെ ഞങ്ങൾ മടങ്ങുന്നവരാണ്. അല്ലാഹുവേ എന്റെ വിപത്തിൽ നീയെനിക്ക് പ്രതിഫലം നൽകേണമേ. അതിനേക്കൾ ഉത്തമമായത് പകരം നൽകേണമേ (എന്നൊരാൾ പ്രാർഥിച്ചാൽ) ആ പ്രയാസം നീക്കി ഉത്തമമായത് അവന് അല്ലാഹു പകരമായി നൽകാതിരിക്കില്ല" (മുസ്‌ലിം)

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ

"ഞങ്ങൾ അല്ലാഹുവിനുള്ളതാണ്, അവനിലേക്ക് തന്നെ ഞങ്ങൾ മടങ്ങുന്നവരുമാണ്" എന്ന اسْتِرْجَاعُ നെ അല്ലാഹു ദുരിതബാധിതനുള്ള അവലംബവും ശമനവുമാക്കി നിശ്ചയിച്ചു. സഹനശീലർക്ക് അവന്റെ അടുക്കൽ നിന്നുള്ള പ്രതിഫലത്തെപറ്റി സുവിശേഷമറിയിക്കുകയും ചെയ്തു.

﴿إِنَّمَا يُوَفَّى ٱلصَّـٰبِرُونَ أَجْرَهُم بِغَيْرِ حِسَابٍ ۝١٠﴾

"നിശ്ചയമായും സഹനശീലർക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ പൂർത്തീകരിച്ച് നൽകപ്പെടുന്നതാണ്" (സുമർ: 10)

# ഭാര്യമാരോടുള്ള പെരുമാറ്റം

പ്രവാചകൻﷺ പറയുന്നു:

الدُّنْيَا كُلُّهَا مَتَاعٌ، وَخَيْرُ مَتَاعِ الدُّنْيَا الزَّوْجَةُ الصَّالِحَةُ

"ദുനിയാവ് മുഴുവൻ വിഭവങ്ങളാണ്. അതിലെ ഏറ്റവും ഉത്തമമായ വിഭവം സദ്വൃത്തയായ സ്ത്രീയാണ്" (*സ്വഹീഹുൽ ജാമിഉസ്സ്വഗീർ*)

പ്രവാചകൻ സ്വന്തം പത്നിമാരോടുള്ള പെരുമാറ്റത്തിൽ കാണിച്ചിരുന്ന സ്നേഹോത്സുകതയ്ക്കും ഊഷ്മളമായ അനുവർത്തനത്തിനുമുള്ള തെളിവാണ് ഉമ്മുൽ മുഅ്മിനീൻ ആയിശﷺയെ ഓമനപ്പേരുകൊണ്ട് വിളിച്ചതും ഹൃദയത്തിന് കുളിർമ്മയേകുന്ന വാർത്ത അവരെ അറിയിക്കുകയും ചെയ്ത നിവേദനം! ആയിശﷺ പറയുന്നു: ഒരു ദിവസം നബിﷺ എന്നോട് പറഞ്ഞു:

يَا عَائِشْ! هَذَا جِبْرِيلُ يُقْرِئُكِ السَّلَام

"ആഇശ്...! ഇതാ ജിബ്‌രീൽ നിന്നോട് സലാം പറയുന്നു" (ബുഖാരി, മുസ്‌ലിം)

അന്യൂനവും സമ്പൂർണവുമായ വ്യക്തിത്വത്തിന്റെ ഉടമയായ പ്രവാചക ശ്രേഷ്ഠൻ തന്റെ പ്രിയഭാജനങ്ങളുടെ ഹൃദയത്തുടിപ്പുകളും വൈകാരികതകളും താൽപര്യങ്ങളുമെല്ലാം മനസ്സിലാക്കിയിരുന്നു, ഓരോ സ്ത്രീയും ആഗ്രഹിക്കുന്ന -സ്വന്തം ഭർത്താവിന്റെ അടുക്കൽ ലഭിക്കണമെന്ന് ആശിക്കുന്ന- സ്ഥാനവും പ്രധാന്യവും അദ്ദേഹം അവർക്ക് വകവെച്ചുകൊടുത്തു.

ആയിശﷺ പറഞ്ഞു:

كُنْتُ أَشْرَبُ وَأَنَا حَائِضٌ فَأُنَاوِلُهُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ فَيَشْرَبُ وَأَتَعَرَّقُ فَيُنَاوِلَهُ ويَضَعُ فَاهُ عَلَى مَوْضِعِ فِيَّ

"ഞാൻ ഹൈളുകാരിയായിരിക്കെ വെള്ളം കുടിക്കാറുണ്ടായിരുന്നു. അപ്പോൾ പ്രവാചകൻﷺ ആ കോപ്പ വാങ്ങുകയും എന്റെ വായ് വച്ചടത്ത് തന്റെ വായ് വെച്ച് കൊണ്ട് വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു" (മുസ്‌ലിം)

മഹതി ആയിശﷺയെ പറ്റി ചില കപടൻമാരും ഒറിയന്റലിസ്റ്റുകളും പറഞ്ഞുപരത്തുന്നതുപോലെയുള്ള അപവാദ പ്രചരണങ്ങളിൽ യാതൊരു കഴമ്പുമില്ല. ഏറ്റവും നല്ല ഭാര്യയും ദാമ്പത്യജീവിതത്തിന്റെ സരളവും സുന്ദരവുമായ ഒരു ചിത്രമായിരുന്നു അവർ. ആയിശﷺ പറയുന്നു:

إِنَّ النَّبِيَّ ﷺ قَبَّلَ امْرَأَةً مِنْ نِسَائِهِ ثُمَّ خَرَجَ إِلَى الصَّلَاةِ وَلَمْ يَتَوَضَّأْ

"നബി തന്റെ ഭാര്യമാരിലൊരാളെ ചുംബിക്കുകയും പിന്നീട് നമസ്കരിക്കാൻ പുറപ്പെടുകയും ചെയ്തു; അദ്ദേഹം വുളൂഅ് എടുത്തില്ല" (അബൂദാവൂദ്, തുർമുദി)

ഉത്തമമായ ഒരു സ്ത്രീക്ക് അദ്ദേഹത്തിന്റെ അടുക്കലുള്ള പരിഗണനയും മഹത്തായ സ്ഥാനവും മറയില്ലാതെ പ്രവാചകൻ വെളിപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ഭാര്യയോടുള്ള സ്നേഹവും വാത്സല്യവും ഒരു പുരുഷന്റെ കുറവോ അവന് നാണിക്കേണ്ടതായ ഒന്നോ അല്ലെന്നും പ്രവാചകൻ അംറിബ്നു ആസ്ﷺനെ പഠിപ്പിച്ചു; അദ്ദേഹം ചോദിച്ചു: ജനങ്ങളിൽവെച്ച് താങ്കൾക്കേറ്റവും പ്രിയപ്പെട്ടതാരെയാണ്? നബിﷺ മറുപടി നൽകി: ആയിശയെ (ബുഖാരി, മുസ്‌ലിം)

ആർക്കെങ്കിലും ദാമ്പത്യജീവിതം ഉഷ്മളമാക്കണമെന്നും ആനന്ദപൂർണ്ണമാവണമെന്നും ആഗ്രഹമുണ്ടെങ്കിൽ അവർ ഉമ്മുൽ മുഅ്മിനീൻ ആയിശﷺയുടെ ഹദീസുകളെ പറ്റി ചിന്തിക്കുകയും നബി ﷺ അവരോട് എങ്ങനെ അനുവർത്തിച്ചിരുന്നുവെന്ന് മനസ്സിലാക്കുകയും വേണം. ആയിശﷺ പറഞ്ഞു:

كُنْتُ أَغْتَسِلُ أَنَا وَرَسُولُ اللهِ ﷺ مِنْ إِنَاءٍ وَاحِدٍ

"ഞാനും നബിﷺയും ഓരേ പാത്രത്തിൽനിന്നും കുളിക്കാറുണ്ടായിരുന്നു" (ബുഖാരി). അനുവദനീയമായ എല്ലാ മാർഗങ്ങളും ഉപ

യോഗിച്ച് പ്രവാചക ശ്രേഷ്ഠൻ തന്റെ ഇണകളെ സന്തോഷിപ്പിക്കാൻ ഉത്സുകനായിരുന്നു. ആയിശ ﷺ പറയുന്നു:

خَرَجْتُ مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي بَعْضِ أَسْفَارِهِ وَأَنَا جَارِيَةٌ لَمْ أَحْمِلْ اللَّحْمَ وَلَمْ أَبْدُنْ فَقَالَ لِلنَّاسِ تَقَدَّمُوا فَتَقَدَّمُوا ثُمَّ قَالَ لِي تَعَالَيْ حَتَّى أُسَابِقَكِ فَسَابَقْتُهُ فَسَبَقْتُهُ فَسَكَتَ عَنِّي حَتَّى إِذَا حَمَلْتُ اللَّحْمَ وَبَدُنْتُ وَنَسِيتُ خَرَجْتُ مَعَهُ فِي بَعْضِ أَسْفَارِهِ فَقَالَ لِلنَّاسِ تَقَدَّمُوا فَتَقَدَّمُوا ثُمَّ قَالَ تَعَالَيْ حَتَّى أُسَابِقَكِ فَسَابَقْتُهُ فَسَبَقَنِي فَجَعَلَ يَضْحَكُ وَهُوَ يَقُولُ هَذِهِ بِتِلْكَ

"ഞാൻ റസൂലിനോടൊപ്പം ഒരു യാത്രയ്ക്കൊരുങ്ങി. ഞാനന്ന് വണ്ണം കുറഞ്ഞ മെലിഞ്ഞ ഒരു യുവതിയാണ്. നബി ﷺ ജനങ്ങളോട് മുന്നിൽ നടന്നുപോയേക്കാൻ കൽപിച്ചു. ശേഷം എന്നോട് പറഞ്ഞു: "വരൂ നമുക്ക് ഓട്ടമത്സരം നടത്താം" അങ്ങനെയാ മത്സരത്തിൽ ഞാൻ ജയിച്ചു. പ്രവാചകൻ അതിനെപ്പറ്റി നിശബ്ദനായി. അങ്ങനെ കാലങ്ങൾക്കുശേഷം എനിക്ക് തടി കൂടുകയും കനം കൂടുകയുമെല്ലാം ചെയ്ത ഒരുവേളയിൽ അദ്ദേഹത്തോടൊപ്പം ഞാനൊരു യാത്രയ്ക്ക് പുറപ്പെട്ടു. അദ്ദേഹം ജനങ്ങളോട് മുൻപേ നടക്കാൻ കൽപിച്ചു. എന്നിട്ടെന്നോടായി പറഞ്ഞു: "വരൂ, നമുക്ക് ഒരു ഓട്ടമത്സരമാകാം" അപ്രാവശ്യം പ്രവാചകനെന്നെ പരാജയപ്പെടുത്തി. അദ്ദേഹം ചിരിക്കാൻ തുടങ്ങി, എന്നിട്ടെന്നോടു പറഞ്ഞു: "ഇത് മറ്റതിന് പകരമാണ്" (അഹ്മദ്)

വളരെ സരളമായ ഒരു വിനോദമാണെങ്കിൽകൂടിയും ദാമ്പത്യ ജീവിതത്തിൽ ഇതെത്ര പ്രാധാന്യമേറിയതാണ്. ജനങ്ങളോട് മുന്നിൽ നടക്കാൻ കൽപ്പിക്കുന്ന പ്രവാചകൻ സ്വന്തം ഭാര്യയോടൊത്ത് വിനോദത്തിലേർപ്പെടുന്നു! അവരുടെ ഹൃദയത്തിൽ ആനന്ദം നിറക്കുന്നു. ഇന്നലെകളിലെ വിനോദത്തെ ഓർമിപ്പിച്ചുകൊണ്ട് "ഇത് മറ്റതിന് പകരമാണ്" എന്ന് സ്മരിക്കുന്നു!

ലോകം ചുറ്റി സഞ്ചരിക്കുകയും ഓരോ ജനതയുടെയും നേതാക്കളെയും അവരുടെ സ്ഥിതിഗതികളെയും പരിചയപ്പെടുകയും ചെയ്യുന്ന ഏതൊരാളും നബി ﷺ യുടെ ഈ പ്രവർത്തനത്തിൽ അത്ഭുത ചകിതരാകാതിരിക്കില്ല. അദ്ദേഹം ബഹുമാന്യനായ പ്രവാചകനാണ്, അജയ്യനായ നേതാവാണ് ഖുറൈശികളുടെയും ബനുഹാശിമുകളുടെയും അമരക്കാരനാണ്. സമരവിജയത്തിന് ശേഷം ഒരു മഹാസൈ

ന്യത്തെ നയിച്ചുകൊണ്ട് തിരിച്ചുനാട്ടിലേക്ക് വരികയാണ് ആ നേതാവ്. അതോടൊപ്പം തന്റെ പത്നിമാരായ ഉമ്മഹാത്തുൽ മുഅ്മിനീങ്ങളോട് സ്നേഹാനുകമ്പയോടെ പെരുമാറുന്നതിൽ അൽപ്പംപോലും അദ്ദേഹം വീഴ്ച വരുത്തിയില്ല. സൈന്യത്തെ നയിക്കൽ, വഴിദൂരം, യുദ്ധവിജയം... ഈ നൂറുകൂട്ടം കാര്യങ്ങൾ അബലകളായ ഭാര്യമാരെ പറ്റിയോ, യാത്രയിലെ അവരുടെ അവശതയും പ്രയാസവും നീക്കാൻ അവർക്കാവശ്യമുള്ള സ്നേഹാർദ്രമായ സ്പർശനത്തെയും നിശ്വാസത്തെയും പറ്റിയോ അദ്ദേഹത്തെ വിസ്മരിപ്പിക്കുന്നില്ല!

ബുഖാരി‍ ഉദ്ധരിക്കുന്നു: നബിﷺ ഖൈബർ യുദ്ധത്തിൽനിന്ന് മടങ്ങുകയും സ്വഫിയ്യ ബിൻത്ത് ഹുയ്യയിനെ വിവാഹം കഴിക്കുകയും ചെയ്ത അവസരം, ഒട്ടകത്തിന് ചുറ്റും അവരെ മറക്കാനിട്ടിരിക്കുന്ന വിരി പ്രവാചകൻﷺ ഉയർത്തുകയും അവരുടെ ഒട്ടകത്തിനടുത്ത് ഇരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ കാൽമുട്ടുകൾ അടുപ്പിച്ചുവെയ്ക്കും. സ്വഫിയ്യ തന്റെ കാലുകൾ അദ്ദേഹത്തിന്റെ കാൽമുട്ടിൻമേൽ നിവർത്തിവെക്കുകയും ചെയ്യും.

സ്വജനതക്കായി വിജയത്തിന്റെ ഒരധ്യായം കൂടി കുറിച്ച് വിജയശ്രീലാളിതനായി മടങ്ങുന്ന നേതാവ് പ്രവാചകൻ സ്വന്തം ഭാര്യമാർക്കുമുമ്പിൽ ദയയും താഴ്മയും കാണിക്കുകയെന്ന ഉദാരമായ വിനയത്തിന്റെ അത്ഭുതകരമായ കാഴ്ചയാണ് ഇത്. അവരെ അദ്ദേഹം സഹായിക്കുന്നു, ആശ്വാസം നൽകുന്നു. തന്റെ സമുദായത്തോട് അദ്ദേഹം നൽകിയ ഉപദേശങ്ങളിലൊന്ന് ഇതാണ്:

أَلَا وَاسْتَوْصُوا بِالنِّسَاءِ خَيْرًا

“അറിയുക, നിങ്ങളുടെ സ്ത്രീകളെ കൊണ്ട് നന്മയെ ഞാൻ ഉപദേശിക്കുന്നു. (അവരോട് നല്ല രൂപത്തിൽ വർത്തിക്കുക)” (മുസ്ലിം)

# നബിﷺയുടെ ഭാര്യമാർ

റസൂലുല്ലാഹിﷺ പതിനൊന്ന് സ്ത്രീകളെ വിവാഹം കഴിച്ചു. അവർ 'ഉമ്മഹാത്തുൽ മുഅ്മിനീൻ' (വിശ്വാസികളുടെ മാതാക്കൾ) എന്ന് അറിയപ്പെടുന്നു.

നബിﷺ മരണമടയുമ്പോൾ അദ്ദേഹത്തിന് ഒമ്പത് ഭാര്യമാരായിരുന്നു ഉണ്ടായിരുന്നത്. പ്രവാചകന് തന്നേക്കാൾ പ്രായമുള്ളവരും, വാർദ്ധക്യത്തോടടുത്തവരും, വിധവകളും വിവാഹമോചിതരും ദുർബലകളുമായ ഭാര്യമാരുണ്ടായിരുന്നു. അവർക്കിടയിൽ പ്രായം കുറഞ്ഞ യുവതിയായി ആയിശﷺ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പ്രവാചകൻﷺ വിവാഹം കഴിച്ച ഭാര്യമാർക്കിടയിൽ വിഭജിക്കുന്നതിലും നീതിപാലിക്കുന്നതിലും ഒരു ഉത്തമമാതൃകയായിരുന്നു. തന്റെ പ്രിയതമനെ പറ്റി അവിടുത്തെ പ്രിയ പത്നി ആയിശﷺ തന്നെ വിവരിക്കട്ടെ.

كَانَ رَسُولُ اللهِ ﷺ إِذَا أَرَادَ سَفَرًا أَقْرَعَ بَيْنَ نِسَائِهِ فَأَيَّتُهُنَّ خَرَجَ سَهْمُهَا خَرَجَ بِهَا مَعَهُ، وَكَانَ يُقْسِمُ لِكُلِّ امْرَأَةٍ مِنْهُنَّ يَوْمَهَا وَلَيْلَتَهَا

"പ്രവാചകൻ ഒരു യാത്ര ചെയ്യാനുദ്ദേശിച്ചാൽ നറുക്കിടുമായിരുന്നു. ഏത് ഭാര്യക്കാണോ നറുക്ക് വീഴുന്നത് അവരുമായി പുറപ്പെടും. ഭാര്യമാർക്കോരോരുത്തർക്കുമായി രാത്രിയും പകലും അദ്ദേഹം വിഭജിച്ചു" (തുർമുദി)

അനസ്ﷺ പറയുന്നു:

كَانَ لِلنَّبِيِّ –صلى الله عليه وسلم– تِسْعُ نِسْوَةٍ فَكَانَ إِذَا قَسَمَ بَيْنَهُنَّ لاَ يَنْتَهِي إِلَى الْمَرْأَةِ الأُولَى إِلاَّ فِي تِسْعٍ فَكُنَّ يَجْتَمِعْنَ كُلَّ لَيْلَةٍ فِي بَيْتِ الَّتِي

يَأْتِيهَا فَكَانَ فِي بَيْتِ عَائِشَةَ فَجَاءَتْ زَيْنَبُ فَمَدَّ يَدَهُ إِلَيْهَا فَقَالَتْ هَذِهِ زَيْنَبُ. فَكَفَّ النَّبِيُّ –صلى الله عليه وسلم– يَدَهُ.

"നബിﷺക്ക് ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. ഒമ്പത് ദിവസം കഴിഞ്ഞിട്ടല്ലാതെ ആദ്യ (രാത്രിയും പകലും ചിലവഴിച്ച) ഭാര്യയിലേക്ക് ഊഴമെത്തുമായിരുന്നില്ല. ആരുടെ വീട്ടിലേക്കാണോ നബിﷺ ഒരു ദിവസം വരുന്നത് അന്ന് രാത്രി ഭാര്യമാരെല്ലാവരും കുറച്ച് സമയം ഒരുമിച്ചുകൂടൽ പതിവായിരുന്നു. ആയിശﷺയുടെ ഊഴമായ ഒരു രാത്രി നബിﷺ സൈനബിﷺന്റെ നേരെ കൈ നീട്ടിയപ്പോൾ ആയിശﷺ പറഞ്ഞു: 'ഇത് സൈനബാണ്'. അപ്പോൾ നബിﷺ കൈ പിൻവലിച്ചു" (മുസ്‌ലിം).

പ്രവാചകന്റെ ഭാര്യമാർക്കിടയിലെ നീതിപാലനത്തിന് ഇതിനേക്കാൾ വലിയ ഉദാഹരണം മറ്റേതാണ്! അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താലും ഉത്ബോധനത്താലുമാണ് ഇത്രയും മാതൃകാപരവും സമാധാനപരവുമായി ആ വീടുകളെയും വീട്ടുകാരെയും നിയന്ത്രിക്കാൻ നബിﷺക്കു കഴിഞ്ഞത്.

അതുകൊണ്ടുതന്നെ അദ്ദേഹംﷺ അക്കാര്യത്തിൽ അല്ലാഹുവോട് അങ്ങേയറ്റം നന്ദിയുള്ളവനുമായിരുന്നു. അദ്ദേഹം തന്റെ ഭാര്യമാരെ ആരാധാനാനുഷ്ഠാനങ്ങൾക്കായി പ്രോത്സാഹിപ്പിക്കുകയും അവരെ അതിനായി സഹായിക്കുകയും ചെയ്തിരുന്നു.

﴿وَأْمُرْ أَهْلَكَ بِٱلصَّلَوٰةِ وَٱصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَٱلْعَـٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾﴾

"നിന്റെ കുടുംബത്തെ നമസ്കാരം കൊണ്ട് കൽപ്പിക്കുകയും അതിൻമേൽ സഹനം കൈക്കൊള്ളുകയും ചെയ്യുക. നിന്നിൽനിന്ന് നാം ഉപജീവനത്തിനായി ചോദിക്കുന്നില്ല. നാമാണ് നിനക്ക് ഉപജീവനം നൽകുന്നത്. ധർമ്മബോധത്തിനാകുന്നു (ഗുണകരമായ) പര്യവസാനം" (ത്വാഹ:132) എന്ന അല്ലാഹുവിന്റെ കൽപ്പനയെ അദ്ദേഹം ശിരസാവഹിച്ചു.

ആയിശﷺ പറഞ്ഞു:

كَانَ النَّبِيُّ ﷺ يُصَلِّي وَأَنَا رَاقِدَةٌ مُعْتَرِضَةٌ عَلَى فِرَاشِهِ فَإِذَا أَرَادَ أَنْ يُوتِرَ أَيْقَظَنِي

"നബിﷺ നമസ്കരിക്കും ഞാൻ അദ്ദേഹത്തിന്റെ പായിൽ വില ങ്ങനെ കിടന്നുറങ്ങുന്നുമുണ്ടാകും. അദ്ദേഹം വിത്റ് നമസ്കരിക്കാൻ ഉദ്ദേശിക്കുമ്പോൾ എന്നെ വിളിച്ചുണർത്തുമായിരുന്നു" (ബുഖാരി, മുസ്ലിം).

ഭാര്യ ഭർത്താവിനെയോ ഭർത്താവ് ഭാര്യയേയോ മുഖത്ത് വെ ള്ളം കുടഞ്ഞ് രാത്രി നമസ്കാരത്തിനായി ഉണർത്തുന്നതിനെ ന ബിﷺ പ്രോത്സാഹിപ്പിക്കുകയുണ്ടായി. അബൂഹുറൈറ(റ) പറയുന്നു: നബിﷺ പറഞ്ഞു:

رَحِمَ اللهُ رَجُلاً قَامَ مِنَ اللَّيْلِ فَصَلَّى وَأَيْقَظَ امْرَأَتَهُ فَصَلَّتْ فَإِنْ أَبَتْ نَضَحَ فِي وَجْهِهَا الْمَاءَ، وَرَحِمَ اللهُ امْرَأَةً قَامَتْ مِنَ اللَّيْلِ فَصَلَّتْ وَأَيْقَظَتْ زَوْجَهَا فَصَلَّى فَإِنْ أَبَى نَضَحَتْ فِي وَجْهِهِ الْمَاءَ

"അല്ലാഹു ഒരു പുരുഷന് കാരുണ്യം ചെയ്യട്ടെ; അവൻ രാത്രി എഴുന്നേറ്റ് നമസ്കരിച്ചു, തന്റെ ഭാര്യയെ വിളിച്ചുണർത്തി, അവളും നമസ്കരിച്ചു, അവൾ ഉണരാൻ വിസമ്മതിച്ചപ്പോൾ അവളുടെ മുഖ ത്ത് വെള്ളം കുടഞ്ഞു. അല്ലാഹു ഒരു സ്ത്രീയ്ക്ക് കാരുണ്യം ചെയ്യ ട്ടെ; അവൾ രാത്രിയെഴുന്നേറ്റ് നമസ്കരിച്ചു, തന്റെ ഇണയെയും വിളി ച്ചുണർത്തി, അവനും നമസ്കരിച്ചു, അവൻ ഉണരാൻ വിസമ്മതിച്ച പ്പോൾ അവന്റെ മുഖത്ത് വെള്ളം കുടഞ്ഞു" (ബുഖാരി, മുസ്ലിം).

ഒരു മുസ്ലിമിന്റെ പൂർണതയിലും ഇസ്ലാമുമായുള്ള അഗാധമാ യ ബന്ധത്തിലും പെട്ടതാണ് തന്റെ ആന്തരീകവശത്തെ ശുദ്ധീകരി ക്കുന്നതിന്റെ പൂർത്തീകരണമെന്നോണം തന്റെ ബാഹ്യവശവും ശ്ര ദ്ധിക്കുകയെന്നത്

നബിﷺ ശുദ്ധ ഹൃദയനും വൃത്തിയുള്ള ശരീരത്തിനുടമയും സു ഗന്ധമുള്ളവനും ദന്തശുദ്ധി നിർബന്ധമായും ശ്രദ്ധിച്ചുപോന്നിരുന്ന വ്യക്തിയുമായിരുന്നു; ദന്തശുദ്ധിയെപ്പറ്റി അദ്ദേഹം മറ്റുള്ളവരോട് ഉപദേശിക്കുകയും ചെയ്തിരുന്നു:

لَوْ لَا أَنْ أَشُقَّ عَلَى أُمَّتِي لَأَمَرْتُهُمْ بِالسِّوَاكِ عِنْدَ كُلِّ صَلَاةٍ

“എന്റെ സമുദായത്തിന് പ്രയാസകരമാകില്ലായിരുന്നുവെങ്കിൽ എല്ലാ നമസ്കാരത്തോടൊപ്പവും ദന്തശുദ്ധി വരുത്താൻ ഞാൻ കൽപ്പിക്കുമായിരുന്നു” (അഹ്മദ്).

ഹുദൈഫ ﷺ പറഞ്ഞു:

“പ്രവാചകൻ ﷺ ഉറക്കിൽനിന്നെഴുന്നേറ്റാൽ സിവാക് കൊണ്ട് തന്റെ വായ് വൃത്തിയാക്കുമായിരുന്നു” (മുസ്ലിം).

ശുറൈഹബ്നുഹാനി ﷺ ആയിശ ﷺ യോട് ചോദിച്ചു:

قُلْتُ لِعَائِشَةَ رَضِيَ اللهُ عَنْهَا: بِأَيِّ شَيْءٍ كَانَ يَبْدَأُ النَّبِيُّ ﷺ إِذَا دَخَلَ بَيْتَهُ؟ قَالَتْ: بِالسِّوَاكِ

“നബി ﷺ വീട്ടിൽ പ്രവേശിച്ചാൽ എന്തുകൊണ്ടാണ് ആദ്യം അദ്ദേഹം തുടങ്ങാറുണ്ടായിരുന്നത്? അവർ പറഞ്ഞു: സിവാക് കൊണ്ട്” (മുസ്ലിം).

അദ്ദേഹത്തിന്റെ ശുചിത്വവും വീട്ടുകാരെ അഭിമുഖീകരിക്കുന്നതിനായുള്ള ഒരുക്കവും എത്ര മനോഹരം!

വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം പറയാറുണ്ടായിരുന്നു:

بِسْمِ اللهِ وَلَجْنَا، وَبِسْمِ اللهِ خَرَجْنَا، وَعَلَى رَبِّنَا تَوَكَّلْنَا، ثُمَّ يُسَلِّمُ عَلَى أَهْلِهِ

“അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പുറപ്പെടുന്നു. നമ്മുടെ നാഥന്റെ മേൽ നാം ഭരമേൽപ്പിക്കുകയും ചെയ്യുന്നു” ശേഷമദ്ദേഹം വീട്ടുകാർക്കു മേൽ സലാം ചൊല്ലും (മുസ്ലിം).

മുസ്ലിം സഹോദരാ ശുദ്ധിയോടും സലാം കൊണ്ടും വീട്ടുകാരെ അഭിമുഖീകരിക്കുന്നവനായി നീ മാറുക. കുറ്റം പറഞ്ഞും, ആക്ഷേപിച്ചുമൊക്കെ വീട്ടിലേക്ക് കടന്നുവരുന്നവനാകരുത് നീ.

# നബിﷺയുടെ തമാശകൾ

സ്വസമുദായം, സൈന്യം, അണികൾ, കുടുംബം ഇങ്ങനെ ഒരുപാടുത്തരവാദിത്വങ്ങൾ മഹാനായ ആ നേതാവിനുണ്ടായിരുന്നു. 'വഹ്‌യും' ആരാധനാകർമ്മങ്ങളും അദ്ദേഹത്തിന് ശ്രദ്ധിക്കണമായിരുന്നു. മറ്റു പല പ്രശ്നങ്ങളും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായും ഉണ്ടായിരുന്നു. ഏതൊരു മനുഷ്യനേയും ഈ ഭാരിച്ച ഉത്തരവാദിത്വങ്ങൾ സ്വാഭാവികമായും ഉത്തരവാദിത്വനിർവഹണത്തെത്തൊട്ട് അശക്തനാക്കുകയും അവന്റെ ആത്മാവിന്റെ വീര്യം കെടുത്തുകയും ചെയ്യും. എന്നാൽ നബിﷺ ഓരോ കാര്യത്തിനും അതിന്റെ അവകാശം വകവെച്ചുകൊടുത്തു. ഒന്നിന്റെപേരിൽ മറ്റൊന്നിനെ അവഗണിച്ചുകൊണ്ട് കൃത്യവിലോപം കാണിച്ചില്ല. തന്റെ വമ്പിച്ച ഭാരങ്ങൾക്കും ജോലികൾക്കുമിടയിലും ദുർബലർക്കും ചെറിയവർ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നു. പ്രായം കുറഞ്ഞവരുമായും ചിലപ്പോൾ പ്രായം ചെന്നവരുമായും പ്രവാചകൻ വിനോദിക്കുകയും അവരുടെ മനസ്സ് പിടിച്ച് പറ്റുകയും അവരുടെ ഹൃദയത്തെ ആനന്ദിപ്പിക്കുകയും തമാശകൾ പറയുകയുമൊക്കെ ചെയ്യാറുണ്ടായിരുന്നു.

അബൂഹുറൈറ رضي الله عنه പറഞ്ഞു: സ്വഹാബാക്കൾ നബിﷺയോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരെ, താങ്കൾ ഞങ്ങളോടൊപ്പം വിനോദത്തിലേർപ്പെടുന്നല്ലോ? അദ്ദേഹം മറുപടി നൽകി:

نَعَمْ. غَيْرَ أَنِّي لَا أَقُولُ إِلَّا حَقًّا

അതേ പക്ഷെ ഞാൻ ആ (തമാശകളിൽപോലും) സത്യമല്ലാതെ പറയില്ല" (അഹ്മദ്).

അനസിബ്നു മാലിക്ﷺ അദ്ദേഹത്തിന്റെﷺ തമാശകളിലൊന്ന് ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്. നബിﷺ അദ്ദേഹത്തെ ഒരിക്കൽ "ഇരു ചെവിയാ" എന്ന് വിളിക്കുകയുണ്ടായി. (അബൂദാവൂദ്).

അനസ്ﷺ പറയുന്നു:

ഉമ്മുസുലൈംﷺവിന് അബൂഉമൈർ എന്ന് വിളിക്കപ്പെടുന്ന ഒരു മകനുണ്ടായിരുന്നു. പ്രവാചകൻﷺ ചിലപ്പോഴൊക്കെ ആ കുട്ടിയുമായി തമാശകൾ പറയാറുണ്ടായിരുന്നു. ഒരു ദിവസം പ്രവാചകൻﷺ തമാശ പറഞ്ഞുകൊണ്ട് ആ കുട്ടിയുടെ അടുക്കൽ ചെല്ലുകയുണ്ടായി. അപ്പോൾ അവൻ ദുഃഖിച്ചിരിക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം ചോദിച്ചു: "അബൂഉമൈർ എന്തിനാണ് ദുഃഖിതനായിരിക്കുന്നത്?" ആളുകൾ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരെ, അവന്റെ കൂടെ കളിച്ചു കൊണ്ടിരുന്ന കുരുവി ചത്തുപോയി. പ്രവാചകൻ കുട്ടിയോട് ചോദിച്ചു: "അബൂ ഉമൈർ നിന്റെ കുരുവിക്കെന്തുപറ്റി?" (ബുഖാരി, മുസ്ലിം).

വൃദ്ധരോടൊപ്പമുള്ള പ്രവാചകന്റെ നിമിഷങ്ങളിലൊന്ന് അനസ്ﷺ ഉദ്ധരിക്കുന്നത് കാണുക:

സാഹിറിബ്നു ഹറാം എന്ന ഒരു ഗ്രാമീണനായ വ്യക്തി നബിﷺയുടെ അനുയായികൾക്കിടയിലുണ്ടായിരുന്നു. നബിﷺ അയാളെ ഇഷ്ടപ്പെട്ടിരുന്നു. അയാൾ ഒരു വിരൂപനായിരുന്നു. ഒരിക്കൽ അയാൾ തന്റെ കച്ചവടച്ചരക്കുകൾ വിൽക്കവെ നബിﷺ അയാളുടെ അടുത്തേക്ക് ചെന്നു. നബിﷺ അയാൾ നബിയെ കാണാത്ത രൂപത്തിൽ പുറകിൽനിന്നും മുറുക്കി പിടിച്ചു. അയാൾ പറഞ്ഞു: "എന്നെ വിടു... ആരാണിത്?" മുഖം തിരിച്ചുനോക്കിയപ്പോൾ നബിﷺ ആണെന്ന് അയാൾക്ക് മനസ്സിലായി. നബിയാണെന്ന് മനസ്സിലായപ്പോൾ അയാൾ തന്റെ പുറം നബിയുടെ നെഞ്ചിലേക്ക് തന്നെ ചേർത്തുനിന്നു. നബിﷺ ഇപ്രകാരം പറയാൻ തുടങ്ങി: "ഈ അടിമയെ ആരാണ് വാങ്ങുക?" അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, അപ്പോൾ -അല്ലാഹുവാണെ- എന്നെ വിലകുറച്ചാണ് താങ്കൾ കാണുന്നത്!" അപ്പോൾ നബിﷺ പറഞ്ഞു: "പക്ഷെ അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾ വില കൂടിയതാണ്" (അഹ്മദ്).

പ്രവാചകൻﷺ സ്വകുടുംബത്തോടും ജനതയോടും സരളമായി അനുവർത്തിക്കുമായിരുന്നെങ്കിലും അദ്ദേഹം പൊട്ടിച്ചിരിക്കാറുള്ള

തായി നിനക്ക് കാണാൻ കഴിയില്ല. അദ്ദേഹം പുഞ്ചിരിക്കുക മാത്രമാണ് ചെയ്തിരുന്നത്. ആയിശ ﷺ പറഞ്ഞു:

مَا رَأَيْتُ رَسولَ اللَّهِ –صلى الله عليه وسلم– مُستَجْمِعا قَطُّ ضَاحِكا حتى تُرى منه لَهَوَاتُهُ ، إِنَّمَا كَانَ يَتَبَسَّم

"അല്ലാഹുവിന്റെ ദൂതർ അണപ്പല്ല് കാണുവോളം പൊട്ടിച്ചിരിക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. അദ്ദേഹം പുഞ്ചിരിക്കുക മാത്രമാണ് ചെയ്യുക" (ബുഖാരി, മുസ്‌ലിം)

സരളവും സുന്ദരവുമായ അദ്ദേഹത്തിന്റെ ഈ പെരുമാറ്റത്തിനപവാദമായി ചിലപ്പോഴെല്ലാം അദ്ദേഹത്തിന്റെ മുഖം ചുവക്കാറുണ്ട്; അതാകട്ടെ അല്ലാഹു വിരോധിച്ച വല്ലതും കാണുവാനിടയായാലാണ്. ആയിശ ﷺ പറഞ്ഞു:

"നബി ﷺ ഒരു യാത്ര കഴിഞ്ഞ് വരികയായിരുന്നു. ഞാൻ വീടിന്റെ മുൻവശം ഒരു രൂപമുള്ള വിരികൊണ്ട് മറച്ചിരുന്നു. നബി ﷺ അത് കണ്ടപാടെ വലിച്ചുചീന്തി, അദ്ദേഹത്തിന്റെ മുഖം ചുവന്നിരുന്നു. അവിടുന്ന് പറയുകയും ചെയ്തു:

يَا عَائِشَةُ! أَشَدُّ النَّاسِ عَذَابًا يَوْمَ الْقِيَامَةِ الَّذِينَ يُضَاهُونَ بِخَلْقِ اللَّهِ

"ആയിശ, ജനങ്ങളിൽനിന്നും അല്ലാഹുവിന്റെ അടുക്കൽ -ഖിയാമത്തുനാളിൽ -ഏറ്റവും കഠിനമായ ശിക്ഷ അനുഭവിക്കുന്നവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിനോട് മത്സരിക്കുന്നവരാണ്" (ബുഖാരി, മുസ്‌ലിം)

പുറമെ കാണുന്ന വിധം വീടുകളിൽ ചിത്രം വെക്കുന്നത് ഹറാമാണെന്ന് ഈ ഹദീസ് സൂചിപ്പിക്കുന്നു. ചുമരുകളിൽ തൂക്കുകയോ തൂണുകളിലും മറ്റും രൂപങ്ങൾ കൊത്തിവെക്കുകയോ ചെയ്യൽ ഗൗരവമേറിയ നിഷിദ്ധങ്ങളിൽ പെട്ടതാണ്. കുറ്റം കിട്ടുന്നതിന് പുറമെ നമ്മുടെ വീട്ടിൽ കാരുണ്യത്തിന്റെ മലക്കുകൾ പ്രവേശിക്കുന്നതിൽനിന്നും ആ പ്രവർത്തനം തടയുകയും ചെയ്യും.

# നബിﷺയുടെ ഉറക്കം

ഉബയ്യ്ﷺ നിവേദനം. നബിﷺ പറഞ്ഞു:

"നിങ്ങളിലാരെങ്കിലും നിങ്ങളുടെ വിരിപ്പിലേക്ക് ഉറങ്ങാനായി എത്തിയാൽ തന്റെ വസ്ത്രത്തിന്റെ അറ്റം പിടിക്കട്ടെ, എന്നിട്ട് തന്റെ വിരിപ്പ് തട്ടി കുടയട്ടെ. അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. അവൻ പോയതിനുശേഷം അവന്റെ വിരിപ്പിൽ എന്തൊക്കെയാണ് വന്നതെന്ന് അവനറിയില്ല. അവൻ കിടന്നുറങ്ങാൻ ഉദ്ദേശിക്കുകയാണെങ്കിൽ വലതുഭാഗം തിരിഞ്ഞു കിടക്കുക. ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുക:

بِاسْمِكَ رَبِّ وَضَعْتُ جَنْبِي وَبِكَ أَرْفَعُهُ اللَّهُمَّ إِنْ أَمْسَكْتَهَا فَارْحَمْهَا وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا حَفِظْتَ بِهِ عِبَادَكَ الصَّالِحِينَ

"എന്റെ രക്ഷിതാവായ അല്ലാഹുവേ, നീ പരിശുദ്ധൻ നിന്റെ (നാമത്തിൽ) ഞാൻ എന്റെ പാർശത്തെ വെച്ചിരിക്കുന്നു. നിന്റെ (നാമം) കൊണ്ട് തന്നെ എന്റെ പാർശത്തെ ഉയർത്തുകയും ചെയ്യുന്നു. നീ എന്റെ ആത്മാവിനെ പിടിക്കുകയാണെങ്കിൽ അതിന് കരുണ ചെയ്യുക. ഇനി അതിനെ വിട്ടയക്കുകയാണെങ്കിൽ സദ്വൃത്തരായ നിന്റെ അടിമകളെ സംരക്ഷിക്കും പ്രകാരം അതിനേയും സംരക്ഷിക്കുക" (മുസ്‌ലിം).

ഓരോ മുസ്‌ലിം സ്ത്രീയോടും പുരുഷനോടുമുള്ള നബിﷺയുടെ മറ്റൊരു ഉപദേശം കാണുക:

إِذَا أَتَيْتَ مَضْجِعَكَ فَتَوَضَّأْ وُضُوءَكَ لِلصَّلَاةِ ثُمَّ اضْطَجِعْ عَلَى شِقِّكَ الْأَيْمَنِ

"നീ നിന്റെ കിടപ്പറയിലേക്ക് എത്തിയാൽ നമസ്കാരത്തിനെന്ന പോലെ വുളൂഅ് ചെയ്യുക. ശേഷം വലതുവശത്ത് ചെരിഞ്ഞ് കിടക്കുക" (ബുഖാരി, മുസ്‌ലിം)

ആയിശﷺ പറഞ്ഞു:

كَانَ رَسُولُ اللهِ ﷺ إِذَا أَوَى إِلَى فِرَاشِهِ كُلَّ لَيْلَةٍ، جَمَعَ كَفَّيْهِ فَنَفَثَ فِيهِمَا، وَقَرَأَ فِيهِمَا: ﴿قُلْ هُوَ اللَّهُ أَحَدٌ﴾ وَ ﴿قُلْ أَعُوذُ بِرَبِّ الْفَلَقِ﴾، وَ ﴿قُلْ أَعُوذُ بِرَبِّ النَّاسِ﴾ ثُمَّ مَسَحَ بِهِمَا مَا اسْتَطَاعَ مِنْ جَسَدِهِ يَبْدَأُ بِهِمَا رَأْسَهُ وَوَجْهَهُ وَمَا أَقْبَلَ مِنْ جَسَدِهِ، يَصْنَعُ ذَلِكَ ثَلَاثَ مَرَّاتٍ

"റസൂലുല്ലാഹിﷺ ഓരോ രാത്രിയിലും തന്റെ വിരിപ്പിലേക്കണയുമ്പോൾ രണ്ട് മുൻകൈകളും ചേർത്തുവെച്ച് ഊതുമായിരുന്നു. എന്നിട്ട് അവയിൽ ﴿قُلْ هُوَ اللَّهُ أَحَدٌ﴾، ﴿قُلْ أَعُوذُ بِرَبِّ الْفَلَقِ﴾، ﴿قُلْ أَعُوذُ بِرَبِّ النَّاسِ﴾ എന്നിവ ഓതുമായിരുന്നു. ശേഷം തലയിൽനിന്ന് തുടങ്ങി മുഖവും ശരീരത്തിലെ മുൻഭാഗവും അങ്ങനെ കഴിയുന്നിടത്തെല്ലാം തടവും. മൂന്ന് വട്ടം ഇപ്രകാരം അദ്ദേഹം പ്രവർത്തിക്കും" (ബുഖാരി)

അനസ്ﷺ പറയുന്നു:

പ്രവാചകൻﷺ തന്റെ വിരിപ്പിനടുത്തെത്തിയാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു.

الْحَمْدُ لِلَّهِ الَّذِي أَطْعَمَنَا وَسَقَانَا وَكَفَانَا وَآوَانَا فَكَمْ مِمَّنْ لَا كَافِيَ لَهُ وَلَا مُؤْوِيَ

"ഞങ്ങളെ തീറ്റിക്കുകയും കുടിപ്പിക്കുകയും ആവശ്യമായതെല്ലാം നൽകുകയും അഭയം നൽകുകയും ചെയ്ത അല്ലാഹുവിന് സർവസ്തുതിയും; എത്രയാളുകളാണ് ആവശ്യങ്ങൾ നിറവേറാതെ, അണയാനൊരു അഭയമില്ലാത്തവരായിട്ടുള്ളത്" (മുസ്‌ലിം)

അബൂഖത്താദﷺ വിൽനിന്ന്:

إِنَّ النَّبِيَّ ﷺ كَانَ إِذَا عَرَسَ بِلَيْلٍ اضْطَجَعَ عَلَى شِقِّهِ الْأَيْمَنِ، وَإِذَا عَرَسَ قُبَيْلَ الصُّبْحِ نَصَبَ ذِرَاعَهُ وَوَضَعَ رَأْسَهُ عَلَى كَفِّهِ

"നബിﷺ യാത്രയിൽ രാത്രി ഉറങ്ങാനൊരുങ്ങിയാൽ വലതുഭാഗം ചെരിഞ്ഞ് കിടക്കുമായിരുന്നു. സുബ്ഹിക്ക് തൊട്ടുമുമ്പാണ് ഉറങ്ങാ

നൊരുങ്ങുന്നതെങ്കിൽ തന്റെ പടച്ചട്ട നാട്ടിവെക്കുകയും മുൻകൈയിൽ തലവെച്ച് കൊണ്ടുറങ്ങുകയും ചെയ്യുമായിരുന്നു" (മുസ്‌ലിം)

പ്രിയപ്പെട്ട സഹോദരാ, നമുക്ക് അല്ലാഹു അനുഗ്രഹങ്ങൾ എത്രത്തോളം കോരിച്ചൊരിഞ്ഞുതന്നിരിക്കുന്നു. ദൂതൻമാരുടെ നേതാവും അന്ത്യപ്രവാചകനും ലോകത്തിൽ കാലടികൾ വെച്ചവരിലേറ്റവും ഉത്തമസൃഷ്ടിയുമായ മുഹമ്മദ് നബിﷺയെ നമ്മുടെ വിരിപ്പിൽ പോലും നമുക്കു വിസ്മരിക്കാവതല്ല.

ആയിശ ﵂ പറയുന്നു:

إِنَّمَا كَانَ فِرَاشُ رَسُولِ اللهِ ﷺ الَّذِي يَنَامُ عَلَيْهِ مِنْ أَدَمٍ حَشْوُهُ لِيفٌ

"ഈത്തപ്പനനാരുകൾ നിറച്ച് മൃഗത്തിന്റെ തോലുകൊണ്ടുണ്ടാക്കിയ ഒരു പായിലാണ് റസൂൽﷺ ഉറങ്ങിയിരുന്നത്" (മുസ്‌ലിം)

ഒരിക്കൽ ഉമർ﵁വും കൂടെ ചിലരും നബിﷺയുടെ അടുക്കൽ ചെന്നു. നബിﷺ ഉറങ്ങുകയായിരുന്നു. നബി തിരിഞ്ഞ് കിടന്നപ്പോൾ കിടക്കുന്ന പായക്കും ശരീരത്തിനുമിടയിൽ വിരിപ്പൊന്നുമില്ലാത്തതിനാൽ -അദ്ദേഹത്തിന്റെ ശരീരത്തിൽ അടയാളം വീണിരിക്കുന്നത് ഉമർ﵁ കണ്ടു. അദ്ദേഹം കരഞ്ഞുപോയി. നബിﷺ ഉണർന്നുകൊണ്ട് ചോദിച്ചു: "ഉമർ, എന്തിനാണ് കരയുന്നത്?"ഉമർ﵁ പറഞ്ഞു: അല്ലാഹുവാണേ, കിസ്റയേക്കാളും കൈസറിനേക്കാളും അല്ലാഹുവിന്റെ അടുക്കൽ ആദരണീയൻ താങ്കളാണെന്ന് അറിയുന്നതിനാലാണ് (ഞാൻ കരഞ്ഞത്) അവർ ദുൻയാവിന്റെ സുഖലോലുപതയിൽ കിടന്നു മയങ്ങുന്നു. അല്ലാഹുവിന്റെ ദൂതനായ താങ്കൾ ഈ സ്ഥലത്തും! അപ്പോൾ നബിﷺ പറഞ്ഞു:

أَمَا تَرْضَى أَنْ تَكُونَ لَهُمْ الدُّنْيَا وَلَنَا الآخِرَةُ

"അവർക്ക് ദുൻയാവും നമുക്ക് പരലോകവും ലഭിക്കുന്നതിൽ താങ്കൾ തൃപ്തിപ്പെടുന്നില്ലേ."

ഉമർ﵁ പറഞ്ഞു: "അതെ." അപ്പോൾ അദ്ദേഹമരുളി: "അതപ്രകാരം തന്നെയാണ്" (അഹ്മദ്).

## നബിﷺയുടെ രാത്രി നമസ്കാരം

മദീനയിലെ രാത്രി ആസന്നമായിരിക്കുന്നു. ഇരുട്ടതിനെ മൂടിക്കഴിഞ്ഞു. പക്ഷെ പ്രവാചകൻﷺ തന്റെ നമസ്കാരവും ദൈവസ്മരണയും കൊണ്ട് അദ്ദേഹത്തിന്റെ ചുറ്റും പ്രകാശിതമാക്കുകയാണ്. അദ്ദേഹം രാത്രിയിൽ ഉറക്കമൊഴിച്ച്, ആകാശഭൂമികളുടെ രക്ഷിതാവായ അല്ലാഹുവോട് രഹസ്യസംഭാഷണത്തിലേർപ്പെട്ട്, നമസ്കരിച്ചുകൊണ്ടിരിക്കുന്നു.

﴿يَـٰٓأَيُّهَا ٱلْمُزَّمِّلُ ۝١ قُمِ ٱلَّيْلَ إِلَّا قَلِيلًا ۝٢ نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ۝٣ أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ۝٤﴾

"ഹേ പുതച്ചുമൂടിയവനെ, രാത്രിയിൽ കുറച്ചൊഴികെ നീനിന്ന് നമസ്ക്കരിക്കുക; രാത്രിയുടെ പകുതിയോളം അല്ലെങ്കിൽ അതിൽനിന്നൽപം കുറക്കുക അല്ലെങ്കിൽ കൂട്ടുക, ക്വുർആൻ മുറപ്രകാരം പാരായണം ചെയ്യുകയും ചെയ്യുക" (മുസ്സമ്മിൽ: 1-4) എന്ന സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ കൽപ്പനക്കുത്തരം നൽകികൊണ്ട് അദ്ദേഹം ഉണർന്നിരിക്കുകയാണ്.

അബൂഹുറൈറ رضي الله عنه പറയുന്നു:

തിരുദൂതർﷺ തന്റെ രണ്ടു കാലുകൾ നീരുവന്ന് പൊട്ടുന്നത്വരെ നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തോട് ചോദിക്കപ്പെടും: "അല്ലാഹുവിന്റെ ദൂതരെ, കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടും താങ്കളെന്തിന് ഇപ്രകാരം ചെയ്യുന്നു?" അദ്ദേഹം പറയും:

أَفَلَا أَكُونَ عَبْدًا شَكُورًا؟

"ഞാൻ (അതിനാൽ) ഒരു നന്ദിയുള്ള അടിമയാകേണ്ടേ?" (ഇബ്നുമാജ)

അസ്‌വദിബ്നു യസീദ്ﷺ ആയിശﷺയോട് നബിﷺയുടെ രാത്രി നമസ്കാരത്തെപ്പറ്റി ആരാഞ്ഞു. അവർ പറഞ്ഞു:

كَانَ يَنَامُ أَوَّلَ اللَّيْلِ ثُمَّ يَقُومُ فَإِذَا كَانَ لَهُ حَاجَةٌ أَ لَمَّ بِأَهْلِهِ فَإِذَا سَمِعَ الْأَذَانَ وَثَبَ فَإِنْ كَانَ جُنُبًا أَفَاضَ عَلَيْهِ مِنْ الْمَاءِ وَإِلَّا تَوَضَّأَ ثُمَّ خَرَجَ إِلَى الصَّلَاةِ

"അദ്ദേഹം രാത്രിയുടെ ആദ്യഭാഗം ഉറങ്ങും, പിന്നീട് എഴുന്നേറ്റ് നമസ്കരിക്കും. അദ്ദേഹത്തിന് വല്ല ആവശ്യവും നേരിട്ടാൽ ഭാര്യമാരെ ഉണർത്തും. ബാങ്കു കേട്ടാൽ ചാടിയെഴുന്നേൽക്കും. അദ്ദേഹം ജനാബത്തുകാരനാണെങ്കിൽ ശരീരത്തിൽ വെള്ളം കോരിയൊഴിക്കും, അല്ലെങ്കിൽ വുളൂഅ് ചെയ്ത് നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെടും" (ബുഖാരി)

റസൂൽﷺയുടെ രാത്രി നമസ്കാരത്തിന്റെ അത്ഭുതകരമായ സൗന്ദര്യവും ദൈർഘ്യവുമെല്ലാം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അത് മാതൃകയായി സ്വീകരിക്കേണ്ടവയുമാണ്. അബൂഹുദൈഫﷺ പറഞ്ഞു:

صَلَّيْتُ مَعَ النَّبِيِّ – صلى الله عليه وسلم – لَيْلَةً فَافْتَتَحَ الْبَقَرَةَ، فَقُلْتُ: يَرْكَعُ عِنْدَ الْمِائَةِ، فَمَضَى، فَقُلْتُ: يَرْكَعُ عِنْدَ الْمِائَتَيْنِ، فَمَضَى، فَقُلْتُ: يُصَلِّي بِهَا فِي رَكْعَةٍ، فَمَضَى، ثُمَّ افْتَتَحَ النِّسَاءَ فَقَرَأَهَا، ثُمَّ افْتَتَحَ آلَ عِمْرَانَ فَقَرَأَهَا بِقِرَاءَةٍ مُتَرَسِّلا، إِذَا مَرَّ بِآيَةٍ فِيهَا تَسْبِيحٌ سَبَّحَ، وَإِذَا مَرَّ بِسُؤَالٍ سَأَلَ، وَإِذَا مَرَّ بِتَعَوُّذٍ تَعَوَّذَ، ثُمَّ رَكَعَ، فَجَعَلَ يَقُولُ: سُبْحَانَ رَبِّيَ الْعَظِيمِ، فَكَانَ رُكُوعُهُ نَحْوًا مِنْ قِيَامِهِ، ثُمَّ قَالَ: سَمِعَ اللهُ لِمَنْ حَمِدَهُ، رَبَّنَا لَكَ الْحَمْدُ، ثُمَّ قَامَ طَوِيلاً قَرِيبًا مِمَّا رَكَعَ، ثُمَّ سَجَدَ فَقَالَ: سُبْحَانَ رَبِّيَ الْأَعْلَى، فَكَانَ سُجُودُهُ قَرِيبًا مِنْ قِيَامِهِ

"ഞാൻ നബിﷺയോടൊപ്പം ഒരു രാത്രി നമസ്കരിച്ചു. അദ്ദേഹം സൂറത്തിൽ ബഖറ പാരായണം ചെയ്യാൻ തുടങ്ങി. നൂറ് ആയത്ത്

കഴിയുമ്പോൾ അദ്ദേഹം റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി. അദ്ദേഹം (നൂറും കഴിഞ്ഞ് തുടർന്നപ്പോൾ) ഞാൻ കരുതി ഈ റക്അത്ത് ബഖറ കൊണ്ട് തീർക്കുമെന്ന്. അദ്ദേഹം പാരായണം തുടർന്നു. ശേഷം ആലുഇംറാൻ ഓതാൻ തുടങ്ങി. അപ്പോൾ ആലുഇംറാൻ ഓതി അദ്ദേഹം നിർത്തുമെന്ന് ഞാൻ കരുതി അതിനുശേഷം അദ്ദേഹമപ്പോൾ സൂറത്തുന്നിസാഅ് ഓതാൻ തുടങ്ങി; നല്ല വടിവൊത്ത് കൊണ്ടാണ് അദ്ദേഹം ഓതുന്നത്. തസ്ബീഹ് കൊണ്ടുള്ള ആയത്ത് പാരായണത്തിൽ കടന്നുപോകുമ്പോൾ അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കും. പ്രാർഥനയുടെ സ്ഥലം കടന്നുപോയാൽ അദ്ദേഹം പ്രാർഥിക്കും. അഭയതേട്ടമടങ്ങുന്ന ആയത്തുകൾ കടന്നുപോകുമ്പോൾ അദ്ദേഹം അല്ലാഹുവോട് അഭയം തേടും. ശേഷം അദ്ദേഹം റുകൂഅ് ചെയ്തു. ഇപ്രകാരം ചൊല്ലി (سُبْحَانَ رَبِّيَ الْعَظِيمِ) "മഹാനായ എന്റെ രക്ഷിതാവ് പരിശുദ്ധൻ" അദ്ദേഹത്തിന്റെ 'ഖിയാമി'(നിൽപ്പ്)നോട്-ദൈർഘ്യത്തിൽ - അടുത്തതായിരുന്നു(അദ്ദേഹത്തിന്റെ റുകൂഅ്). പിന്നീട് അദ്ദേഹം (سَمِعَ اللَّهُ لِمَنْ حَمِدَهُ) "അല്ലാഹുവെ സ്തുതിച്ചവനെ അവൻ കേട്ടിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, നിനക്കാണ് സർവ സ്തുതിയും" എന്ന് പറഞ്ഞു. റുകൂഇനോളം നിന്നു. പിന്നീട് സുജൂദ് ചെയ്തുകൊണ്ട് ചൊല്ലി" (سُبْحَانَ رَبِّيَ الْأَعْلَى) "ഉന്നതനായ എന്റെ രക്ഷിതാവ് പരിശുദ്ധനായിരിക്കുന്നു" അദ്ദേഹത്തിന്റെ സുജൂദ് ഖിയാമിനോട് ഏകദേശം സാമ്യമായിരുന്നു" (മുസ്‌ലിം).

# സുബ്ഹിക്ക് ശേഷം

മദീനയിൽ രാത്രിയൊഴിയുകയും പുലരിയാവുകയും ചെയ്തിരിക്കുന്നു. പള്ളിയിൽ സുബ്ഹി ജമാഅത്ത് നമസ്കരിച്ചതിനുശേഷം ദിക്ർ ഉരുവിട്ടും അല്ലാഹുവെ സ്മരിച്ചും സൂര്യോദയം വരെ നബിﷺ ഇരിക്കും. ശേഷം (സൂര്യോദയത്തിന് ശേഷം) രണ്ട് റക്അത്ത് നമസ്കരിക്കും.

ജാബിറിബ്നു സംറ رضي الله عنه പറയുന്നു:

أَنَّ النَّبِيَّ ﷺ كَانَ إِذَا صَلَّى الْفَجْرَ جَلَسَ فِي مُصَلَّاهُ حَتَّى تَطْلُعَ الشَّمْسُ حسْنًا

"നബിﷺ ഫജ്ർ നമസ്കരിച്ചു കഴിഞ്ഞാൽ മുസ്വല്ലയിൽ ഇരിക്കുമായിരുന്നു; സൂര്യൻ നന്നായി ഉദിക്കുന്നതുവരെ" (മുസ്ലിം).

ഈ നബിചര്യയെ പ്രോത്സാഹിപ്പിക്കുകയും മഹത്തായ പ്രതിഫലത്തെപ്പറ്റി നമ്മെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനസ് رضي الله عنه പറഞ്ഞു:

مَنْ صَلَّى الْفَجْرَ فِي جَمَاعَةٍ، ثُمَّ قَعَدَ يَذْكُرُ اللهَ حَتَّى تَطْلُعَ الشَّمْسُ ثُمَّ صَلَّى رَكَعَتَيْنِ، كَانَتْ لَهُ كَأَجْرِ حَجَّةٍ وَعُمْرَةٍ، تَامَّةٍ، تَامَّةٍ، تَامَّةٍ

നബിﷺ പറഞ്ഞു: "ആരെങ്കിലും ഫജ്ർ നമസ്കരിക്കുകയും ശേഷം അല്ലാഹുവെ സ്മരിച്ച് സൂര്യോദയം വരെ ഇരിക്കുകയും പിന്നീട് രണ്ട് റഖ്അത്തുകൾ നമസ്കരിക്കുകയും ചെയ്താൽ ഒരു ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം അവനുണ്ടാകും. പൂർണമായും, പൂർണമായും, പൂർണമായും" (തുർമുദി).

# ളുഹാ നമസ്കാരം

പകൽ നീങ്ങിയിരിക്കുന്നു, സൂര്യന്റെ ചൂട് ശക്തിപ്പെടുകയും ചെയ്തു. മുഖം ചുളിപ്പിക്കുന്ന ചൂടുകാറ്റ് വീശാൻ തുടങ്ങി. ളുഹാ സമയമായിരിക്കുന്നു. അദ്ദേഹംﷺ തന്റെ പണികളും പ്രാഥമികാവശ്യങ്ങളുമെല്ലാം നിർവഹിച്ചുകഴിഞ്ഞു. പ്രവാചകത്വത്തിന്റെ ഭാരമേറിയ ഉത്തരവാദിത്വങ്ങൾ നിവേദക സംഘങ്ങളെ വരവേൽക്കൽ അനുചരൻമാരെ മതം പഠിപ്പിക്കൽ, കുടുംബത്തോടുള്ള ബാധ്യതകൾ എല്ലാം ഉണ്ടായിരിക്കെത്തന്നെ അദ്ദേഹം ആരാധനകൾക്കു വേണ്ടി സമയം കണ്ടെത്തിയിരുന്നു.

മുആദഃ ആയിശയോട് ചോദിച്ചു: നബിﷺ ളുഹാ നമസ്കരിച്ചിരുന്നോ? അവർ പറഞ്ഞു:

نَعَمْ أَرْبَعُ رَكَعَاتٍ وَيَزِيدُ مَا شَاءَ اللهُ عَزَّ وَجَلَّ

"അതെ, നാല് റക്അത്ത്. അല്ലാഹു ഉദ്ദേശിച്ചത് അധികരിപ്പിക്കുകയും (നാലിൽ കൂടുതൽ റക്അത്ത് നമസ്കരിക്കുകയും) ചെയ്യുമായിരുന്നു" (മുസ്ലിം).[1]

പ്രവാചകൻ പ്രസ്തു നമസ്കാരത്തെ കൊണ്ട് തന്നെ വസ്വിയ്യത്ത് ചെയ്യുകയും ചെയ്തിട്ടുള്ളതായി അബൂഹുറൈറ പറയുന്നു:

أَوْصَانِي خَلِيلِي ﷺ بِصِيَامِ ثَلَاثَةِ أَيَّامٍ مِنْ كُلِّ شَهْرٍ، وَرَكَعَتَيْ الضُّحَى، وَأَنْ أُوتِرَ قَبْلَ أَنْ أَرْقُدَ

"എന്റെ ഉറ്റമിത്രം - നബിﷺ - എല്ലാ മാസവും മൂന്ന് ദിവസങ്ങൾ (അയ്യാമുൽ ബീള്) നോമ്പുകൊണ്ടും, രണ്ട് റക്അത്ത് ളുഹാ നമസ്കാരം കൊണ്ടും, ഉറങ്ങുന്നതിന് മുമ്പ് വിത്റാക്കാനും വസ്വിയ്യത്ത് ചെയ്തു" (ബുഖാരി, മുസ്ലിം)

1. ളുഹാ എട്ട് റക്അത്തുകൾ വരെ നമസ്കരിക്കാമെന്നാണ് ഹദീസുകളിൽനിന്നും മനസ്സിലാകുന്നത്-വിവഃ.

# വീട്ടിലെ സുന്നത്തു നമസ്കാരങ്ങൾ

ഈ വീട് ഈമാനുമേൽ ഈമാൻ കൊണ്ട് നിർവൃതമാണ്. ആരാധനകളാലും ദൈവസ്മരണയാലും നിറഞ്ഞതാണ്. നമ്മുടെ വീടും അപ്രകാരമാക്കാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു:

اجْعَلُوا فِي بُيُوتِكُمْ مِنْ صَلَاتِكُمْ وَلَا تَتَّخِذُوهَا قُبُورًا

“നിങ്ങളുടെ നമസ്കാരങ്ങളിൽ കുറച്ച് നിങ്ങളുടെ ഭവനങ്ങളിലാക്കുക. അതിനെ നിങ്ങൾ ഖബറാക്കരുത്” (ബുഖാരി)

ഇബ്നുൽ ഖയ്യിം ﷫ പറഞ്ഞു: ഐച്ഛികവും സുന്നത്തുമായ-കാരണമില്ലാത്ത-നമസ്കാരങ്ങൾ ഭൂരിഭാഗവും അദ്ദേഹം ﷺ വീട്ടിലായിരുന്നു നമസ്കരിച്ചിരുന്നത്; മഗ്രിബിന്റെ സുന്നത്ത് പ്രത്യേകിച്ചും. അദ്ദേഹം അവ പള്ളിയിൽവെച്ച് ഒരിക്കൽപോലും നമസ്കരിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടില്ല. സുന്നത്ത് നമസ്കാരങ്ങൾ വീട്ടിൽവെച്ച് നമസ്കരിക്കുന്നതിൽ ഒരുപാട് ഉപകാരങ്ങളുണ്ട് അവയിൽപെട്ട ചിലത്: നബി ﷺ യുടെ സുന്നത്ത് പിന്തുടരൽ, സ്ത്രീകളെയും കുട്ടികളെയും നമസ്കാരത്തിന്റെ രൂപം പഠിപ്പിക്കുക, ഖുർആൻ പാരായണം ദിക്റ് മുതലായവ കൊണ്ട് പിശാചിനെ വീട്ടിൽനിന്ന് ആട്ടിയോടിക്കുക, നിഷ്കളങ്കതയ്ക്കും ലോകമാന്യതയിൽനിന്നുമുള്ള വിദൂരതയ്ക്കും സഹായകം തുടങ്ങിയവ.

# നബിﷺയുടെ കരച്ചിൽ

സ്ത്രീ പുരുഷൻമാരിൽ ഒരുപാടാളുകളെ കരയുന്നവരായി നാം കണ്ടിട്ടുണ്ട്. പക്ഷെ അതെല്ലാം എന്തിനു വേണ്ടിയായിരുന്നു? ആർക്കു വേണ്ടിയായിരുന്നു?! താൻ ഉദ്ദേശിച്ചാൽ ദുൻയാവ് തന്റെ കൈകളിലാകും, സ്വർഗം തന്റെ മുമ്പിലാണ്, അതിലെ ഏറ്റവും വലിയ പദിവിയിലാണ് താൻ എന്നിട്ടും നമ്മുടെ നബിﷺ കരയാറുണ്ടായിരുന്നു. അതെ, അദ്ദേഹം തീർച്ചയായും കരയാറുണ്ടായിരുന്നു; നിഷ്കളങ്കരായ അടിമകളുടെ കരച്ചിൽ. തന്റെ നാഥനോട് നമസ്കാരവേളയിൽ രഹസ്യ സംഭാഷണം നടത്തുമ്പോഴും, ക്വുർആൻ പാരായണം കേൾക്കുമ്പോഴുമെല്ലാം അദ്ദേഹംﷺ കരയാറുണ്ടായിരുന്നു. അതിന് കാരണം അദ്ദേഹത്തിന്റെ ലോലമനസ്സും രഹസ്യജീവിതത്തിലെ പരിശുദ്ധതയും അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ചുള്ള അറിവും ഭയഭക്തിയുമാണ്.

മിത്വ്റഫ് ഇബ്നു അബ്ദുല്ലാഹിബ്നു അശ്ശുഖൈർ رضي الله عنه തന്റെ പിതാവിൽനിന്നുമുദ്ധരിക്കുന്നു:

أَتَيْتُ رَسُولَ اللهِ ﷺ وَهُوَ يُصَلِّي وَلجوفه أَزِيزٌ كَأَزِيزِ الْمِرْجَلِ مِنْ الْبُكَاءِ

“റസൂലുല്ലാഹിﷺ നമസ്കരിക്കുമ്പോൾ ഞാനദ്ദേഹത്തിനടുത്ത് ചെന്നു. ചട്ടി (യിൽ എണ്ണ) തിളക്കുന്നതുപോലെ കരയുന്നതിന്റെ ശബ്ദം അദ്ദേഹത്തിന്റെ ഉള്ളിൽനിന്നും (കേൾക്കാമായിരുന്നു)” (അബൂദാവൂദ്)

അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه പറഞ്ഞു:

റസൂലുല്ലാഹിﷺ തന്റെമേൽ ക്വുർആനോതുവാൻ എന്നോട് പറഞ്ഞു. ഞാൻ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരെ, ഞാൻ താങ്കൾക്ക്

ക്വുർആൻ ഓതി തരികയോ; താങ്കളിലൂടെയാണല്ലോ അതവതരിച്ചത്?" അദ്ദേഹംﷺ പറഞ്ഞു: "ഞാനല്ലാത്തവരിൽനിന്ന് അത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു" അങ്ങനെ ഞാൻ സൂറത്തുന്നിസാഅ് പാരായണം ചെയ്തു. "അവർക്ക് മേൽ സാക്ഷിയായി ഞാൻ നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ എന്ന ഭാഗമെത്തിയപ്പോൾ അദ്ദേഹം നിർത്താനാവശ്യപ്പെട്ടു. റസൂലുല്ലയുടെ രണ്ട് കൺതടങ്ങളും നിറഞ്ഞതായി ഞാൻ കണ്ടു" (ബുഖാരി)

റസൂൽﷺയുടെ തലയിലെ മധ്യഭാഗത്തുള്ള നരച്ച മുടികളെയും ഏകദേശം പതിനെട്ടോളം വരുന്ന നരച്ച രോമങ്ങളെയും പറ്റി ചിന്തിച്ചുനോക്കൂ. അദ്ദേഹത്തിന്റെ ആ ജരാനരക്കുള്ള കാരണമായദ്ദേഹം പറഞ്ഞത് കേൾക്കാനായി താങ്കളുടെ മനസ്സിനെ ഒരുക്കൂ. അബൂബക്കർ رضي الله عنه പറഞ്ഞു:

"അല്ലാഹുവിന്റെ ദൂതരെ താങ്കൾ നരച്ചുവല്ലോ! അദ്ദേഹംﷺ പറഞ്ഞു: "സൂറത്തുൽ ഹൂദ്, അൽവാഖിഅ, അൽമുർസലാത്ത്, അമ്മ യതസാഅലൂൻ, ഇദശ്ശംസുഖുവ്വിറത്ത് എന്നിവയാണെന്നെ നരപ്പിച്ചത്" (തുർമുദി)

# നബിﷺയുടെ വിനയം

ജനങ്ങളിലേറ്റവും ശ്രേഷ്ഠ സ്വഭാവക്കാരനും സമ്പൂർണ്ണതയോടെ സൃഷ്ടിക്കപ്പെട്ടവനുമായിരുന്നു മുഹമ്മദ് നബിﷺ. ആയിശ رضي الله عنها പറഞ്ഞതുപോലെ:

كَانَ خُلُقُهُ الْقُرْآن

"അദ്ദേഹത്തിന്റെ സ്വഭാവം ക്വുർആനായിരുന്നു" (മുസ്‌ലിം).

നബിﷺ ഇപ്രകാരം പറയുകയും ചെയ്തിരിക്കുന്നു:

إِنَّمَا بُعِثْتُ لِأُتَمِّمَ مَكَارِمَ الْأَخْلَاقِ

"ആദരണീയ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായി മാത്രമാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്" (അഹ്മദ്).

പുകഴ്ത്തലുകളും മുഖസ്തുതിയും അതിരുകവിഞ്ഞ ബഹുമാനങ്ങളും നബിﷺ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല എന്നതുതന്നെ അദ്ദേഹത്തിന്റെ വിനയത്തിലും താഴ്മയിലും പെട്ടതാണല്ലോ. ഉമറുബ്നുൽ ഖത്താബ് رضي الله عنه പറഞ്ഞു:

റസൂലുല്ലാഹിﷺ പറഞ്ഞിരിക്കുന്നു:

لَا تَطْرُونِي كَمَا أَطَرَتْ النَّصَارَى عِيسَى ابْنَ مَرْيَمَ، إِنَّمَا أَنَا عَبْدٌ، فَقُولُوا: عَبْدُ اللهِ وَرَسُولُهُ

"ഈസബ്നു മർയമിനെ ക്രിസ്ത്യാനികൾ അതിരുകവിഞ്ഞ് പുകഴ്ത്തിയ പ്രകാരം എന്നേയും നിങ്ങൾ പുകഴ്ത്തരുത്. ഞാൻ ഒരു അടിമ മാത്രമാണ്. അതിനാൽ നിങ്ങൾ പറയുക: അല്ലാഹുവിന്റെ അടിമയും ദൂതരുമായവർ" (അബൂദാവൂദ്)

അനസ്ﷺ പറയുന്നു: "അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിലെ ഉത്തമരും ഉത്തമന്റെ പുത്രനുമായവരെ, ഞങ്ങളുടെ നേതാവും നേതാവിന്റെ പുത്രനുമായവരെ..." എന്ന് ചിലയാളുകൾ നബിﷺയെ സംബോധന ചെയ്തു. അപ്പോൾ അദ്ദേഹം പ്രതിവചിച്ചു: "ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ സംസാരം സംസാരിക്കുക. പിശാച് നിങ്ങളെ സ്വേഛകളെ പിൻപറ്റുന്നവരാക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിന്റെ അടിമയും ദൂതനുമായ മുഹമ്മദാണ്. അല്ലാഹു എന്നെ പ്രതിഷ്ഠിച്ചിടത്തുനിന്ന് എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല" (നസാഈ)

ചിലയാളുകൾ അതിരുകവിഞ്ഞ് പ്രവാചകനെ ആദരിക്കുകയും അദ്ദേഹത്തിന് അദൃശ്യകാര്യങ്ങളറിയാമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു, അദ്ദേഹം നന്മയും തിന്മയും ഉടമപ്പെടുത്തുന്നു, ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു, രോഗങ്ങൾ സുഖപ്പെടുത്തുന്നു എന്നെല്ലാം അവർ വിശ്വസിക്കുന്നു. അല്ലാഹുവാകട്ടെ ഇതെല്ലാം നിഷേധിക്കുന്നു:

﴿قُل لَّآ أَمۡلِكُ لِنَفۡسِي نَفۡعٗا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُۚ وَلَوۡ كُنتُ أَعۡلَمُ ٱلۡغَيۡبَ لَٱسۡتَكۡثَرۡتُ مِنَ ٱلۡخَيۡرِ وَمَا مَسَّنِيَ ٱلسُّوٓءُۚ﴾

"പറയുക (പ്രവാചകരേ,) ഞാൻ എന്റെ സ്വന്തത്തിന് ഉപകാരമോ ഉപദ്രവമോ ഉടമപ്പെടുത്തുന്നില്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യമായറിയാമായിരുന്നെങ്കിൽ ഞാൻ നന്മകൾ അധികരിപ്പിക്കുകയും എനിക്ക് ഒരു ദോഷവും ബാധിക്കാതിരിക്കുകയും ചെയ്യുമായിരുന്നു" (അഅ്റാഫ്: 188).

അല്ലാഹുവിലേക്ക് എന്നും താഴ്മയോടെ മടങ്ങുന്ന, അഹങ്കാരം അൽപം പോലും ഇഷ്ടപ്പെടാത്ത വ്യക്തിത്വമായിരുന്നു നമ്മുടെ നബിﷺ. വിനയാന്വിതരുടെയും താഴ്മ കാട്ടുന്നവരുടെയും നേതാവായിരുന്നു അദ്ദേഹം. അനസ്ﷺ പറഞ്ഞു:

റസൂലുല്ലാഹിﷺയേക്കാൾ അദ്ദേഹത്തിന്റെ അനുചരൻമാർക്ക് ആരെയും ഇഷ്ടമായിരുന്നില്ല. (എന്നിട്ടും) പ്രവാചകനെ കാണുമ്പോൾ അവർ എഴുന്നേറ്റുനിൽക്കാറില്ലായിരുന്നു; അദ്ദേഹത്തിനത് വെറുപ്പായതുകൊണ്ടാണ്. (അഹ്മദ്).

ലോകത്തിന്റെ പ്രവാചകന്റെ അത്യപൂർവമായ സത്സ്വഭാവത്തിനും അതിശയിപ്പിക്കുന്ന താഴ്മക്കുമുള്ള ഉദാഹരണങ്ങളിലേക്ക് ശ്രദ്ധതിരിക്കൂ.

ഒരു അബലയും ദുർബലയുമായ പെണ്ണിനായി തന്റെ വിലപ്പെട്ട സമയം മാറ്റിവെക്കുകയും അവർക്ക് മുന്നിൽ വിനയാന്വിതനാവുകയുമാണ് നബിﷺ.

അനസ്ؓ പറയുന്നു: നബിﷺയുടെ അടുത്തേക്ക് ഒരു സ്ത്രീ വന്നുകൊണ്ട് പറഞ്ഞു: "എനിക്ക് നിങ്ങളിലേക്ക് ഒരു ആവശ്യമുണ്ട്" അപ്പോൾ പ്രവാചകൻ പ്രതിവചിച്ചു:

اجْلِسِي فِي أَيِّ طَرِيقِ الْمَدِينَةِ شِئْتِ أَجْلِسُ إِلَيْكِ

"മദീനയിലെ നിങ്ങളുദ്ദേശിക്കുന്ന ഏത് വഴിത്താരയിലും ഇരിക്കൂ; ഞാൻ (നിങ്ങളുടെ ആവശ്യം പൂർത്തീകരിച്ചുതരാനായി) നിങ്ങളിലേക്ക് ശ്രദ്ധിച്ചിരിക്കാം" (അബൂദാവൂദ്)

നബിﷺ പറഞ്ഞതായി അബൂഹുറൈറؓ പറയുന്നു: "ഞാൻ ഒരു മൃഗത്തിന്റെ കണങ്കാലിലേക്കോ തണ്ടംകൈയ്യിലേക്കോ (അഥവാ അവ കൊണ്ടുണ്ടാക്കുന്നതിലേക്കോ) ക്ഷണിക്കപ്പെട്ടാലും അതിനുത്തരം നൽകും. എനിക്ക് ഒരു മൃഗത്തിന്റെ കണങ്കാലോ തണ്ടം കൈയോ സമ്മാനം നൽകപ്പെട്ടാലും ഞാനത് സ്വീകരിക്കുന്നതാണ്" (ബുഖാരി)

പ്രവാചകന്റെ പ്രസിദ്ധമായ ഒരു ഹദീഥ് നിലനിൽക്കുന്നിടത്തോളം കാലം അത് ഏത് കാലഘട്ടത്തിലേയും അഹങ്കാരികൾക്ക് ഒരു പ്രതിബന്ധവും താക്കീതുമായിരിക്കും. അബ്ദുല്ലാഹിബ്നു മസ്ഊദ്ؓ നബിﷺ പറഞ്ഞതായി ഉദ്ധരിക്കുന്നു:

لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَال ذَرَّةٍ مِنْ كِبْرٍ

"അഹങ്കാരത്തിന്റെ കണികയെങ്കിലും മനസ്സിൽ അവശേഷിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കില്ല" (മുസ്‌ലിം).

അഹംഭാവം നരകത്തിലേക്കുള്ള വഴിയാണ്; അല്ലാഹുവിൽ ശരണം; അതെത്ര ചെറിയ കണികയാണെങ്കിലും അഹങ്കരിച്ച് ഭൂമിയിൽ നടന്ന ഒരുവന് അല്ലാഹുവിന്റെ കോപവും വേദനാജനകമായ ശിക്ഷയും ഇറങ്ങിയതെപ്രകാരമാണെന്നു നോക്കൂ. അബൂഹുറൈറؓ നബിﷺയിൽ നിന്നും ഉദ്ധരിക്കുന്നു:

بَيْنَمَا رَجُلٌ يَمْشِي فِي حُلَّةٍ تُعْجِبُهُ نَفْسهُ، مرجل رأسه يختال فِي مَشْيَتِهِ، إِذْ
خَسَفَ الله بِهِ الأَرْضَ فَهُوَ يَتَجَلْجَلُ فِيهَا إِلَى يَوْمِ الْقِيَامَةِ

“തന്നെ അതിശയിപ്പിക്കുന്ന വസ്ത്രം ധരിച്ച് തലമുടി ചീകിയൊതുക്കി നടപ്പിൽ അഹങ്കരിച്ചുകൊണ്ട് ഒരാൾ സഞ്ചരിക്കവെ അല്ലാഹു അവനെ ഭൂമിയിലേക്ക് ആഴ്ത്തി കളഞ്ഞു; അന്ത്യദിനം വരെ അയാൾ പാതാളത്തിലാണ്ടുകൊണ്ടിരിക്കും” (ബുഖാരി, മുസ്ലിം)

# നബിﷺയുടെ ഭൃത്യൻ

പ്രവാചകൻﷺ ഭൃത്യരെ അവർക്ക് അർഹിച്ച സ്ഥാനവും പരിഗണനയും നൽകി. ഒരു ഭൃത്യനെ അയാളുടെ മതബോധവും ധർമബോധവും പരിഗണിക്കണമെന്നും അയാളുടെ ജോലിയെയും ദുർബലതയേയുമല്ല കണക്കിലെടുക്കേണ്ടതെന്നുമുണർത്തി. കൂലിവേലക്കാരെയും ഭൃത്യരേയും സംബന്ധിച്ചദ്ദേഹം പറഞ്ഞു:

هُمْ إِخْوَانُكُمْ جَعَلَهُمُ اللَّهُ تَحْتَ أَيْدِيكُمْ فَأَطْعِمُوهُمْ مِمَّا تَأْكُلُونَ وَأَلْبِسُوهُمْ مِمَّا تَلْبَسُونَ وَلاَ تُكَلِّفُوهُمْ مَا يَغْلِبُهُمْ فَإِنْ كَلَّفْتُمُوهُمْ فَأَعِينُوهُمْ

"അവർ നിങ്ങളുടെ സഹോദരന്മാരാണ്; നിങ്ങൾക്കു കീഴിലവരെ അല്ലാഹു ആക്കിയെന്ന് മാത്രം. അതിനാൽ നിങ്ങൾ ഭക്ഷിക്കുന്നതിൽ നിന്നും അവരേയും ഭക്ഷിപ്പിക്കുക, നിങ്ങൾ ധരിക്കുന്നതിൽനിന്നും അവരേയും ധരിപ്പിക്കുക, അവർക്ക് സാധിക്കാത്തത് ചെയ്യാൻ നിങ്ങളവരെ നിർബന്ധിക്കരുത്. അവരെ വല്ല പണിയുമേൽപ്പിച്ചാൽ നിങ്ങളവരെ സഹായിക്കുക" (മുസ്‌ലിം).

നോക്കു, ഒരു ഭൃത്യൻ തന്റെ യജമാനനെപ്പറ്റി സംസാരിക്കുന്ന അത്ഭുതകരമായ അഭിപ്രായവും, സ്വീകാര്യമായ സാക്ഷിത്വവും ഊഷ്മളമായ സ്തുതിവചനങ്ങളും. റസൂൽﷺയെ അദ്ദേഹത്തിന്റെ ഭൃത്യൻ പുകഴ്ത്തിയതുപോലെ ലോകത്തേതെങ്കിലുമൊരു യജമാനനെ ഭൃത്യൻ പുകഴ്ത്തിയത് നിങ്ങൾ കേട്ടിട്ടുണ്ടോ! അനസിബ്നു മാലിക്رضي الله عنه പറഞ്ഞു:

خَدَمْتُ رَسُولَ اللهِ ﷺ عَشَرَ سِنِينَ فَمَا قَالَ لِي أُفٍ قَطُّ، وَمَا قَالَ لِي لِشَيْءٍ صَنَعْتُهُ [لِمَ صَنَعْتَهُ؟] وَلَا لِشَيْءٍ تَرَكْتُهُ لِمَ تَرَكْتَهُ؟

"ഞാൻ റസൂലുല്ലാഹിﷺക്ക് വേണ്ടി പത്ത് വർഷം വേല ചെയ്തിട്ടുണ്ട്. അദ്ദേഹമെന്നോട് ഒരിക്കൽ പോലും "ഛെ" എന്ന് പറഞ്ഞിട്ടില്ല. ഒരു കാര്യത്തെ പറ്റിയുമദ്ദേഹം 'നീയെന്തെ അത് ചെയ്തു' അല്ലെങ്കിൽ 'എന്തെ അത് ചെയ്തില്ല' എന്ന് ചോദിച്ചിട്ടില്ല. ഞാൻ വീഴ്ച വരുത്തിയ ഒന്നിനെ പറ്റിയും 'എന്തുകൊണ്ട് നീയതു വിട്ടുകളഞ്ഞു?' എന്നു പോലും ചോദിച്ചിട്ടില്ല" (മുസ്‌ലിം)

പത്തുവർഷമെന്നാൽ ഏതാനും ദിവസങ്ങളോ മാസങ്ങളോ അല്ല. ഒരു പുരുഷായുസിന്റെ വലിയൊരു ഭാഗമാണ്; അതിൽ സന്തോഷവും ആഹ്ലാദവും സന്താപവും വെറുപ്പും മനസ്സിന്റെ ചാഞ്ചാട്ടങ്ങളും ചിന്തകളുടെ നിംന്നോനതികളും ദാരിദ്ര്യവും ഐശ്വര്യവുമെല്ലാം കടന്നുപോയിരിക്കും. എന്നിട്ടും തന്റെ ഭൃത്യനെ അദ്ദേഹം ശാസിക്കുകയോ വിരോധിക്കുകയോ ചെയ്തില്ല, നേരെ മറിച്ച് അയാളെ തുല്യനായി പരിഗണിക്കുകയും അയാളുടെയും അയാളുടെ കുടുംബത്തിന്റെയും ആവശ്യങ്ങളും പരാധീനതകളും മനസ്സിലാക്കുകയും ചെയ്തു. അവർക്കായി പ്രാർഥിക്കാനുമദ്ദേഹം  മറന്നില്ല!.

അനസ്رضي الله عنه പറഞ്ഞു: എന്റെ ഉമ്മ അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരെ, താങ്കളുടെ ഭൃത്യനുവേണ്ടി പ്രാർഥിച്ചാലും" അദ്ദേഹം പ്രാർഥിച്ചു:

اللَّهُمَّ أَكْثِرْ مَالَهُ وَوَلَدَهُ، وَبَارِكْ لَهُ فِيمَا أَعْطَيْتَهُ

"അല്ലാഹുവേ അവനു നീ സമ്പത്തും സന്താനങ്ങളും വർദ്ധിച്ചു നൽകണേ. നീ നൽകിയതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ..." (ബുഖാരി)

അദ്ദേഹത്തിന്റെ പക്വമായ വ്യക്തിത്വത്തിനുള്ള തെളിവെന്നോണം അദ്ദേഹം തന്റെ കീഴിലുള്ള ദുർബലരായ ഭാര്യമാരെയോ ഭൃത്യരെയോ ഒരിക്കലും അടിച്ചിട്ടില്ല. ആയിശرضي الله عنها പറഞ്ഞു:

مَا رَأَيْتُ رَسُولَ اللهِ ﷺ مُنْتَصِرًا مِنْ مظلمة ظَلَمَهَا قَطُّ مَا لَمْ ينتهك مِنْ مَحَارِمِ اللهِ تَعَالَى شَيْء، فَإِذَا انْتَهَكَ مِنْ مَحَارِمِ اللهِ تَعَالَى شَيء، كَانَ مِنْ أَشَدِّهِمْ فِي ذَلِكَ غَضبًا، وَمَا خُيِّرَ بَيْنَ أَمْرَيْنِ إِلَّا اخْتَارَ أَيْسَرَهُمَا مَا لَمْ يَكُنْ مأثمًا

"അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം നടത്തുമ്പോഴല്ലാതെ റസൂലുല്ലാഹിﷺ ഒരു വസ്തുവെയും തന്റെ കൈകൊണ്ട് മർദ്ദിച്ചിട്ടില്ല. ഒരു സ്ത്രീയെയോ ഭൃത്യനെയോ മർദ്ദിച്ചിട്ടുമില്ല" (മുസ്ലിം).

ഉമ്മുൽ മുഅ്മിനീൻ ആയിശﷺ ഒരിക്കൽകൂടി തെളിമയാർന്ന അദ്ദേഹത്തിന്റെ പെരുമാറ്റത്തിനും സൽസ്വഭാവത്തിനും സാക്ഷ്യം വഹിക്കുന്നു: "അല്ലാഹുവിന്റെ നിഷിദ്ധങ്ങൾ ഭേദിക്കപ്പെടുമ്പോഴല്ലാതെ പ്രവാചകൻ ഒരു ദ്രോഹത്തിലും സംതൃപ്തനായി ഞാൻ കണ്ടിട്ടില്ല. അല്ലാഹു നിഷിദ്ധങ്ങളാക്കിയത് ഭേദിക്കപ്പെട്ടാൽ അതിൽ ഏറ്റവും കോപിക്കുന്നവൻ അദ്ദേഹമായിരുന്നു..." (ബുഖാരി).

മൃദുലതയിലേയ്ക്കും സൗമ്യതയിലേക്കും അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു:

إِنَّ اللهَ رَفِيقٌ يُحِبُّ الرِّفْقَ فِي الْأَمْرِ كُلِّهِ

"നിശ്ചയം അല്ലാഹു സൗമ്യനാണ്. ഏത് കാര്യത്തിലും സൗമ്യതയെ അവൻ ഇഷ്ടപ്പെടുന്നു" (ബുഖാരി, മുസ്ലിം)

# പാരിതോഷികങ്ങളും അതിഥിയും

മനുഷ്യജീവിതത്തിലെ സ്വാഭാവികമായ വൈകാരിക പരിഗണനയും മാനസികമായ അടുപ്പവും കുടുംബ-സാമൂഹിക ജീവിതത്തിലും അനിവാര്യമാണ്. മനസ്സുകളെ പരസ്പരം അടുപ്പിക്കുകയും ഹൃദയങ്ങളിൽ സ്നേഹം വിതയ്ക്കുകയും ചെയ്യുന്ന ഒന്നാണ് പാരിതോഷികങ്ങൾ. ആയിശ(റ) പറഞ്ഞു:

أَنَّ النَّبِيَّ ﷺ كَانَ يَقْبَلُ الْهَدِيَّةَ وَيثيب عَلَيْهَا

"നബി ﷺ പാരിതോഷികങ്ങൾ സ്വീകരിക്കുകയും അതിന്റെ മേൽ പ്രതിഫലത്തിനായി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു." (ബുഖാരി).

ഈ സമ്മാനദാനവും നന്ദിയും മനസ്സിന്റെ ഔദാര്യതയിലും തെളിമയിലുംപെട്ടതാണ്. ഔദാര്യത നബിമാരുടെ സ്വഭാവഗുണങ്ങളിലും റസൂലുമാരുടെ ചര്യകളിലും പെട്ടതാണ്. ഇക്കാര്യത്തിൽ നബി ﷺ ഏറെ മുന്നിലായിരുന്നു. അദ്ദേഹമാണ് ഈ വാചകത്തിനുടമ:

مَنْ كَانَ يُؤْمِنُ بِاللهِ وَاليَوْمِ الآخِرِ فَلْيُكْرِمْ ضَيْفَهُ جَائزته يَوْم وَلَيْلَة، وَالضِّيَافَةُ ثَلَاثَةَ أَيَّامٍ فَمَا بَعْدَ ذَلِكَ فَهُوَ صَدَقَةٌ وَلَا يَحِلُّ لَهُ أَنْ يَثْوِيَ عِنْدَهُ حَتَّى يحرجه؟

"ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ. ആതിഥ്യം മൂന്ന് ദിവസമാണ്. അതിന് ശേഷമുള്ളത് ദാനമാണ്. (അതിഥിക്കാകട്ടെ) ആതിഥേയന് ബുദ്ധിമുട്ടാകുന്നത് വരെ കൂടെ താമസിക്കൽ അനുവദനീയമല്ല" (ബുഖാരി).

ഹിജാസും അറബ് ഉപഭൂഖണ്ഡവും മരുഭൂമിയും നാഗരികതകളും ഒരിക്കലും സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഉദാത്തമായ സ്വഭാവസവിശേഷ തകളെല്ലാം അദ്ദേഹത്തിൽ മാത്രം ഒരുമിച്ചുകൂടിയിരുന്നു. ഒരു സംഭവം ശ്രദ്ധിക്കൂ: ഒരിക്കൽ ഒരു സ്ത്രീ റസൂൽﷺയുടെ അടുക്കൽ സുന്ദരമായി നെയ്തുണ്ടാക്കിയ ഒരു പുതപ്പുമായി വന്നുകൊണ്ട് പറഞ്ഞു: "താങ്ക ൾക്ക് ധരിക്കാനായി ഞാൻ എന്റെ കൈകൊണ്ട് നെയ്തുണ്ടാക്കിയ താണിത്" അത് താൽപര്യപൂർവം സ്വീകരിച്ചു. അത് ധരിച്ചുകൊണ്ട് അദ്ദേഹം ഞങ്ങളുടെ അടുത്തേക്ക് ഇറങ്ങിവന്നു. അപ്പോൾ ഒരാൾ പറഞ്ഞു: "എത്ര സുന്ദരമാണിത്, അത് എന്നെ ഉടുപ്പിച്ചാലും" അദ്ദേ ഹം സമ്മതം മൂളി. സദസ്സിൽ അൽപ്പനേരം ഇരുന്ന ശേഷം അദ്ദേഹം വസ്ത്രം മടക്കി അത് ആവശ്യപ്പെട്ട വ്യക്തിക്ക് കൊടുത്തയച്ചു. ജന ങ്ങൾ ആ വ്യക്തിയോട് പറഞ്ഞു: "നീ ചെയ്തത് ശരിയായില്ല. നബിﷺ ആ വസ്ത്രം താൽപര്യപൂർവം അണിഞ്ഞതാണ്. എന്നിട്ടും നീ അത് അദ്ദേഹത്തിൽനിന്നും ചോദിച്ചുവാങ്ങി; നിനക്കറിയില്ലേ അദ്ദേഹം ചോദിക്കുന്നവരെ വെറുംകയ്യോടെ മടക്കാറില്ലെന്ന്?" അയാ ൾ പറഞ്ഞു: "അല്ലാഹുവാണെ, അദ്ദേഹത്തിൽനിന്നും ഞാനത് വാ ങ്ങിയത് എനിക്ക് ഉടുക്കാനല്ല മറിച്ച് (പ്രവാചകൻ ധരിച്ച) ആ വസ് ത്രം എന്റെ കഫൻപുടവയാക്കാൻ വേണ്ടി മാത്രമാണ് ഞാനത് ചോ ദിച്ചത്". സഹലിബ്നു സഅ്ദ്رضي الله عنه പറയുന്നു: (അദ്ദേഹം പറഞ്ഞ പോ ലെ) അത് അദ്ദേഹത്തിന്റെ കഫൻ പുടവയായിരുന്നു. (ബുഖാരി).

അല്ലാഹു മാനവരിൽനിന്നും തെരഞ്ഞെടുക്കുകയും തന്റെ മേൽ നോട്ടത്തിൽ വളർത്തിയെടുക്കുകയും മാതൃകാവ്യക്തിത്വമായി രൂപപ്പെടു ത്തുകയും ചെയ്ത ഒരു വ്യക്തിത്വത്തിൽനിന്നും ഇപ്രകാരം അനന്യമാ യ സ്വഭാവഗുണങ്ങളുണ്ടാകുന്നതിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു. ഔദാര്യത്തിനും വിശാലമനസ്കതക്കുമൊരു മകുടോദാഹരണം പ്രവാച ക ജീവിത്തിൽനിന്നും കാണുക: ഹകീമുബ്നു ഹുസാംرضي الله عنه പറഞ്ഞു:

"ഞാൻ റസൂലുല്ലാഹിﷺയോട് ചോദിച്ചു. അദ്ദേഹമെനിക്ക് തന്നു. ഞാൻ വീണ്ടുമദ്ദേഹത്തോട് ചോദിച്ചു; അദ്ദേഹം തന്നു. വീണ്ടും ഞാൻ ചോദിച്ചപ്പോഴും അദ്ദേഹം തന്നു. ശേഷം അരുളി:

يَا حَكِيمُ ، إِنَّ هَذَا الْمَالَ خَضِرٌ حُلْوٌ ، فَمَنْ أَخَذَهُ بِسَخَاوَةِ نَفْسٍ بُورِكَ لَهُ فِيهِ ، وَمَنْ أَخَذَهُ بِإِشْرَافِ نَفْسٍ لَمْ يُبَارَكْ لَهُ فِيهِ ، وَكَانَ كَالَّذِي يَأْكُلُ وَلا يَشْبَعُ ، وَالْيَدُ الْعُلْيَا خَيْرٌ مِنَ الْيَدِ السُّفْلَى

“ഹകീം, ഈ സമ്പത്തെന്നത് മധുരവും പച്ചപ്പുള്ളതുമാണ്. ഔദാര്യതയോടെ അതിനെ സ്വീകരിച്ചവന് അതിൽ അനുഗ്രഹം നൽകപ്പെടും. അത്യാഗ്രഹത്തോടെ അതിനെ സ്വീകരിക്കുന്നവന് അനുഗ്രഹം നൽകപ്പെടുകയില്ല; തിന്നുകയും എന്നാൽ വയറു നിറയാതിരിക്കുകയും ചെയ്യുന്നവനെ പോലെ. മുകളിലുള്ളകൈ താഴെയുള്ള കൈയ്യേക്കാൾ ഉത്തമമാണ്” (ബുഖാരി, മുസ്‌ലിം).

ജാബിർﷺ പറഞ്ഞു:

مَا سُئِلَ النَّبِيُّ ﷺ عَنْ شَيْءٍ قَطُّ فَقَالَ، لَا

“പ്രവാചകനോട് ഒരിക്കൽ പോലും എന്തെങ്കിലും ചോദിക്കപ്പെടുകയും അദ്ദേഹം “ഇല്ല” എന്ന് പറയുകയുമുണ്ടായിട്ടില്ല” (ബുഖാരി: 6034)

ഔദാര്യത്തിലും ചിലവഴിക്കുന്നതിലും സുശീലതയിലും മനസ്സിന്റെ തെളിമയിലും ആത്മാർഥവും സത്യസന്ധവുമായ സ്നേഹത്തിലും അദ്ദേഹത്തിനൊരു പ്രതിയോഗിയുമുണ്ടായിരുന്നില്ല. തന്റെ സദസ്സിലിരിക്കുന്ന ഏവരോടും അദ്ദേഹം പുഞ്ചിരിക്കുമായിരുന്നു; താനാണ് അദ്ദേഹത്തിന് അനുചരൻമാരിൽ ഏറ്റവും പ്രിയപ്പെട്ടവനെന്ന് അവരോരുത്തരുമപ്പോൾ ചിന്തിച്ചുപോകുമായിരുന്നു.

ജാബിറിബ്നു അബ്ദുല്ലﷺ പറഞ്ഞു:

“ഞാൻ ഇസ്‌ലാമിലേക്ക് കടന്നുവന്നതിനുശേഷം പുഞ്ചിരിച്ചുകൊണ്ടല്ലാതെ അദ്ദേഹം എന്നെ കാണുകയോ മുമ്പിലൂടെ കടന്നുപോകുകയോ ചെയ്തിട്ടില്ല” (ബുഖാരി).

പ്രവാചക ജീവിതത്തെ കാണുകയും സാക്ഷിയാവുകയും ചെയ്തവരുടെ വാക്കുകൾ അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ മനസ്സിലാക്കാൻ എമ്പാടുമാണ്. അബ്ദുല്ലാഹിബ്നു ഹാരിസ്ﷺ പറഞ്ഞു:

مَا رَأَيْتُ أَحَدًا أَكْثَرَ تَبَسُّمًا مِنْ رَسُولِ اللهِ ﷺ

“റസൂലുല്ലാഹിﷺയേക്കാൾ പുഞ്ചിരി തൂകുന്ന ആരെയും ഞാൻ കണ്ടിട്ടില്ല” (തുർമുദി).

പ്രിയപ്പെട്ട സുഹൃത്തേ, നിങ്ങളെന്തിന് അത്ഭുതപ്പെടണം; അദ്ദേഹമാണ് ഈ വാക്കുകളുടെ ഉടമ:

وَتَبَسُّمُكَ فِي وَجْهِ أَخِيكَ صَدَقَةٌ

"നിന്റെ സഹോദരനോടുള്ള നിന്റെ പുഞ്ചിരിയും ഒരു ദാനമാണ്" (തുർമുദി).

റസൂലുല്ലാഹിﷺയുടെ ഭൃത്യനായ അനസ്ؓ അദ്ദേഹത്തിന്റെ ഉന്നതമായ ചില വിശേഷണങ്ങൾ വിശദീകരിക്കുന്നുണ്ട്; അവ ഒരു വ്യക്തിയിൽ അപൂർവമായേ സമ്മേളിക്കാറുള്ളൂ:

"റസൂൽﷺ ജനങ്ങളിലേറ്റവും അനുകമ്പയുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തോട് ആരെങ്കിലും എന്തെങ്കിലും ചോദിക്കാനായി വന്നാൽ അവരിലേക്ക് ശ്രദ്ധാപൂർവം അദ്ദേഹം ചെവി കൊടുക്കുമായിരുന്നു. ചോദ്യകർത്താവ് പിരിഞ്ഞുപോകുന്നതുവരെ റസൂലുല്ലാഹി പിരിഞ്ഞുപോകാറില്ലായിരുന്നു. ആർ അദ്ദേഹത്തിന് ഹസത്ദാനം ചെയ്താലുമദ്ദേഹം കൈ കൊടുക്കുമായിരുന്നു; എന്നിട്ട് ഹസ്തദാനം ചെയ്തവൻ കൈ പിൻവലിക്കുന്നതുവരെ അദ്ദേഹം തന്റെ കൈ ഊരിയെടുക്കില്ലായിരുന്നു" (അബൂനുഐം തന്റെ *ദലാഇൽ*ൽ ഉദ്ധരിച്ചത്)

തന്റെ അതിഥിയോട് അങ്ങേയറ്റം ആദരവ് കാണിക്കുന്നതോടൊപ്പം തന്നെ അദ്ദേഹം തന്റെ സമൂഹത്തോട് കാരുണ്യവാനായിരുന്നു. അതുകൊണ്ട് തന്നെ വല്ല നിഷിദ്ധങ്ങളും വെറുക്കുന്ന കാര്യവും അവരിൽനിന്നു കണ്ടാൽ അദ്ദേഹമത് ഉൾക്കൊള്ളില്ല. ഇബ്നു അബ്ബാസ്ؓ പറയുന്നു:

റസൂൽﷺ ഒരിക്കൽ ഒരാളുടെ കൈയ്യിൽ സ്വർണ്ണമോതിരം ധരിച്ചതായി കണ്ടപ്പോൾ അത് ഊരി വലിച്ചെറിഞ്ഞു, എന്നിട്ടദ്ദേഹം ഇപ്രകാരം പറയുകയും ചെയ്തു:

يَعْمِدُ أَحَدُكُمْ إِلَى جَمْرَةٍ مِنْ نَارٍ فَيَجْعَلُهَا فِي يَدِهِ

"നിങ്ങളിലൊരുവൻ ഒരു തീക്കനലെടുക്കുകയും തന്റെ കൈയ്യിലത് ധരിക്കുകയും ചെയ്യുന്നു" (ബുഖാരി).

# കുട്ടികളോടുള്ള കാരുണ്യം

പരുഷമനസ്സുകളുടെ ഉടമകൾക്ക് കാരുണ്യമെന്താണെന്നറിയില്ല. ദയക്ക് അവരുടെ മനസ്സിലൊരു സ്ഥാനവുമുണ്ടാകില്ല. അവർ കട്ടിയേറിയ പാറപോലെയായിരിക്കും. നൽകുന്നതിലും സ്വീകരിക്കുന്നതിലും വരണ്ട നിലപാടുകാരാകും. മാനുഷികവികാരങ്ങളിലും ലോലമായ ചിന്തകളിലും അവർ പിശുക്കരായിരിക്കും. എന്നാൽ അല്ലാഹു ഒരാൾക്ക് ലോലവും സ്നേഹസമ്പന്നവുമായ തുടിക്കുന്ന ഹൃദയം നൽകിയാൽ, അവനായിരിക്കും സ്നേഹോഷ്മളമായ ഹൃദയത്തിനുടമ. അതിനെ കാരുണ്യം പൊതിയും വികാരങ്ങൾ ചലിപ്പിക്കും.

അനസ്ؓ പറയുന്നു:

أَنَّ النَّبِيَّ ﷺ أَخَذَ وَلَدَهُ إِبْرَاهِيمَ فَقَبَّلَهُ وَشَمَّهُ

“നബിﷺ തന്റെ പുത്രൻ ഇബ്രാഹീമിനെ കൈയ്യിലെടുക്കുകയും ചുംബിക്കുകയും മണക്കുകയും ചെയ്തു” (ബുഖാരി).

അദ്ദേഹത്തിന്റെ ഈ കാരുണ്യം അടുത്ത കുടുംബക്കാരോട് മാത്രമായിരുന്നില്ല; മറിച്ച് മുസ്‌ലിംകളുടെ മുഴുവൻ സന്താനങ്ങളോടുമായിരുന്നു. അസ്മാഅ് ബിൻത്ത് ഉമൈസ്ؓ – ജഅ്ഫർؓ ഭാര്യ – പറയുന്നു:

റസൂൽﷺ എന്റെ അടുക്കൽ വന്നു, ജഅ്ഫറിന്റെ മക്കളെ വിളിച്ച് (അടുത്തിരുത്തി) അദ്ദേഹമവരെ വാത്സല്യത്തോടെ മുഖത്തോടടുപ്പിക്കുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ കൺതടങ്ങൾ കവിഞ്ഞൊഴുകി. ഞാൻ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരെ, ജഅ്ഫറിനെ സംബന്ധിച്ച വല്ല വിവരവും താങ്കൾക്ക് ലഭിച്ചുവോ?”. അദ്ദേഹം പറഞ്ഞു: “അതെ, അദ്ദേഹമിന്ന് കൊല്ലപ്പെട്ടു”. ഞങ്ങൾ കരയാൻ തുടങ്ങി.

പ്രവാചകൻ മടങ്ങി പോയി, എന്നിട്ട് ജനങ്ങളോട് പറഞ്ഞു: "ജഅ്ഫ റിന്റെ കുടുംബത്തിന് നിങ്ങൾ ഭക്ഷണമുണ്ടാക്കി കൊടുക്കുക. അവ രെ (അതിൽനിന്ന്) അശ്രദ്ധരാക്കുന്ന ഒന്ന് അവർക്ക് വന്നിരിക്കുകയാ ണ്" (ഇബ്നുസഅദ്, തുർമുദി, ഇബ്നുമാജ)

അവരിലെ മരണപ്പെട്ടവർക്കുമേൽ പ്രവാചകൻ കണ്ണുനീർ വാർ ത്തപ്പോൾ സഅ്ദ് ഇബ്നു ഉബാദ ﷺ ചോദിച്ചു:

"അല്ലാഹുവിന്റെ ദൂതരെ, എന്താണിത്?" അദ്ദേഹം മറുപടി നൽ കി:

هذِهِ رَحْمَةٌ جَعَلَهَا اللهُ فِي قُلُوبِ عِبَادِهِ، وَإِنَّمَا يَرْحَمُ اللهُ مِنْ عِبَادِهِ الرُّحَمَاءَ

"അല്ലാഹു തന്റെ അടിമകളുടെ മനസ്സിൽ ഉണ്ടാക്കിയ കാരുണ്യ മാണിത്. തന്റെ അടിമകളിൽ കാരുണ്യമുള്ളവരോടെ അല്ലാഹുവും കരുണ കാണിക്കൂ..." (ബുഖാരി)

തന്റെ പുത്രൻ ഇബ്രാഹിം മരണപ്പെട്ട സന്ദർഭത്തിൽ അദ്ദേഹം കണ്ണുനീർ പൊഴിച്ചപ്പോൾ അബ്ദുർറഹ്മാനിബ്നു ഔഫ് ﷺ ചോദി ച്ചു: "താങ്കളും (കരയുകയോ) അല്ലാഹുവിന്റെ ദൂതരേ?" അദ്ദേഹം അരുളി:

يَا ابْنَ عَوْفٍ، إِنَّهَا رَحْمَةٌ ثُمَّ أَتْبَعْهَا بِأُخْرَى

"ഇബ്നുഔഫ്, ഇത് തുടരെ തുടരെയായി വരുന്ന കാരുണ്യ മാണ്". അദ്ദേഹം ഇങ്ങനെയും പറയുകയുണ്ടായി:

"തീർച്ചയായും കണ്ണുകൾ കണ്ണുനീർ പൊഴിക്കും, മനസ്സ് ദുഃഖി ക്കുകയും ചെയ്യും. നമ്മുടെ രക്ഷിതാവ് തൃപ്തിപ്പെടുന്നതേ നാം പറയുകയുള്ളു. ഇബ്രാഹീമെ, നിന്റെ വേർപാടിൽ ഞങ്ങൾ ദുഃഖിക്കു ന്നവർ തന്നെയാണ്" (ബുഖാരി).

സ്വഭാവസവിശേഷതകളിലെ പ്രവാചകന്റെ ഈ ഉദാത്തമായ മാതൃകകൾ നാം ജീവിതസരണിയായി സ്വീകരിക്കണം. കുട്ടികളെ മനസ്സറിഞ്ഞ് സ്നേഹിക്കുകയും അവർക്ക് അവരുടെ സ്ഥാനം വക വെച്ചുകൊടുക്കുകയും ചെയ്യൽ അനിവാര്യമായ ഒരു കാലഘട്ടത്തി ലാണ് നാം ജീവിക്കുന്നത്. അവർ നാളെയുടെ പിതാക്കളാണ്, സമൂ ഹത്തിന്റെ അച്ചുതണ്ടും വാഗ്ദത്ത കൈകാര്യകർത്താക്കളുമാണ്. അജ്ഞതയും അഹംഭാവവും അപക്വതയും ദീർഘദൃഷ്ടിയില്ലായ്മ യും – കുട്ടികൾക്കും വളർന്നുവരുന്ന തലമുറക്കും നേരെ – നമ്മുടെ

ഹൃദയങ്ങളെ കൊട്ടിയടക്കുകയും അശ്രദ്ധമാക്കുകയും ചെയ്തിരിക്കുന്നു.

അവർക്കുനേരെ നമ്മുടെ ഹൃദയത്തെ നാം താക്കോലിട്ടു പൂട്ടിയിരിക്കുന്നു. പ്രവാചകൻﷺ ആകട്ടെ, അദ്ദേഹത്തിന്റെ താക്കോൽ അദ്ദേഹത്തിന്റെ കൈകളിലും നാവിലുമുണ്ട്. അദ്ദേഹം കുട്ടികളെ തന്നെ സ്നേഹിക്കുന്നവരാക്കുന്നു, അവരെ പരിഗണിക്കുന്നു, ഉന്നതമായ സ്ഥാനത്തവരെ പ്രതിഷ്ഠിക്കുന്നു. അനസ്ؓ കുട്ടികളുടെ അടുത്തുകൂടെ പോകുമ്പോൾ അവരോട് സലാം ചൊല്ലുകയും ഇപ്രകാരം പറയുകയും ചെയ്യാറുണ്ടായിരുന്നു: "നബിﷺ ഇപ്രകാരം ചെയ്തിരുന്നു." (ബുഖാരി, മുസ്‌ലിം).

കുട്ടികൾ ഒച്ചവെച്ച് ഓടിച്ചാടി നടക്കുന്നവരും എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നവരുമാണെങ്കിൽകൂടിയും റസൂൽﷺ അവരോട് കോപിക്കുകയോ ആട്ടിയോടിക്കുകയോ ശാസിക്കുകയോ ചെയ്തില്ല. അദ്ദേഹം അങ്ങേയറ്റം മൃദുലതയും സമാധാനവും സംയമനവും കൈക്കൊണ്ടു. ആയിശؓ പറഞ്ഞു: "പ്രവാചകന്റെ അടുത്തേക്ക് കുട്ടികളെ കൊണ്ടുവരപ്പെടുകയും അവർക്കായി അദ്ദേഹം പ്രാർഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു കുഞ്ഞിനെ കൊണ്ടുവരപ്പെട്ടു; അത് അദ്ദേഹത്തിന്റെ വസ്ത്രത്തിൽ വിസർജ്ജിച്ചു. അദ്ദേഹം വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും വിസർജ്ജിച്ച സ്ഥലത്ത് അത് ഒഴുക്കുകയും ചെയ്തു. അത് വൃത്തിയാക്കാൻ നിന്നില്ല" (ബുഖാരി).

അദ്ദേഹം കുട്ടികളോടൊപ്പം ഇരിക്കുകയും തമാശകൾ പറയുകയും അവരുടെ കൊഞ്ചലുകളും കളിചിരികളും ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അബൂഹുറൈറؓ പറയുന്നു:

كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَيَدْلَعُ لِسَانَهُ لِلْحَسَنِ بْنِ عَلِيٍّ ، فَيَرَى الصَّبِيُّ حُمْرَةَ لِسَانِهِ ، فَيَبْهَشُ إِلَيْهِ

"റസൂൽﷺ തന്റെ നാവ് പേരക്കിടാവായ ഹസനുബ്നു അലിക്ക് മുമ്പിൽ നീട്ടും കുട്ടി അദ്ദേഹത്തിന്റെ നാവിന്റെ ചുവപ്പ് കാണുകയും അതിൻമേൽ തട്ടുകയും ചെയ്യാറുണ്ടായിരുന്നു" (*അസ്സിൽസിലത്തുസ്സ്വഹീഹ*:70)

അനസ്ؓ പറഞ്ഞു:

كَانَ رَسُولُ اللهِ ﷺ يُلَاعِبُ زَيْنَبَ بِنْتَ أُمِّ سَلَمَةَ، وَهُوَ يَقُولُ: يَا زُوَيْنَبُ، يَا زُوَيْنَبُ، مِرَارًا

"റസൂൽﷺ സൈനബ് ബിൻത്ത് ഉമ്മുസലമയെ കളിപ്പിക്കാറുണ്ടായിരുന്നു. കൊച്ചു സൈനബേ, കൊച്ചു സൈനബേ എന്നദ്ദേഹം ഒരുപാട് തവണ പറയുമായിരുന്നു" (*അസ്സിൽസിലത്തുസ്സ്വഹീഹ*: 2140, *സ്വഹീഹുൽ ജാമിഅ്:* 5025)

കുട്ടികളോടുള്ള അദ്ദേഹത്തിന്റെ വാൽസല്യം നമസ്കാരത്തോളം നീണ്ടുമായിരുന്നു. റസൂൽﷺയുടെ പുത്രിയായ സൈനബിന്റെ മകൾ ഉമാമയെ താങ്ങിപിടിച്ച് കൊണ്ട് അദ്ദേഹം നമസ്കരിക്കാറുണ്ടായിരുന്നു. അദ്ദേഹം എഴുന്നേൽക്കുമ്പോൾ കുട്ടിയെ താങ്ങും സുജൂദ് ചെയ്യുമ്പോൾ കുട്ടിയെ നിലത്ത് വെക്കും (ബുഖാരി, മുസ്ലിം).

മഹ്മൂദിബ്നു റബീഅ്ﷺ പറഞ്ഞു:

عَقَلْتُ مِنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَجَّةً مَجَّهَا فِي وَجْهِي وَأَنَا ابْنُ خَمْسِ سِنِينَ مِنْ دَلْوٍ

"ഞാൻ അഞ്ച് വയസ്സുള്ള കുട്ടിയായിരിക്കെ ഞങ്ങളുടെ വീട്ടിലെ കിണറ്റിലെ വെള്ളം കോരാനുപയോഗിക്കുന്ന തളികയിൽനിന്ന് റസൂൽﷺ എന്റെ കവിളത്തേക്ക് വെള്ളം തെറിപ്പിച്ചത് ഞാൻ ഓർമ്മിക്കുന്നു" (ബുഖാരി, മുസ്ലിം).

അദ്ദേഹം മുതിർന്നവരെയും കുട്ടികളെയും നന്മകൾ പഠിപ്പിക്കുമായിരുന്നു. ഇബ്നു അബ്ബാസ്ﷺ പറയുന്നു: "ഒരിക്കൽ ഞാൻ പ്രവാചകൻﷺയുടെ കൂടെയായിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു:

يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ احْفَظْ اللَّهَ يَحْفَظْكَ احْفَظْ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَلْتَسْأَلْ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ

"കുട്ടീ, നിനക്ക് ഞാൻ ചില വാക്കുകൾ പഠിപ്പിച്ചുതരാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക, അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക, നിനക്കുമുമ്പിൽ (വഴി നടത്തുന്നവനായി) നീ അവനെ കണ്ടെത്തും. നീ ഇരക്കുകയാണെങ്കിൽ അല്ലാഹുവോടിരക്കുക നീ സഹായം തേടിയാൽ അല്ലാഹുവോട് സഹായം തേടുക" (തുർമുദി).

അദ്ദേഹത്തിന്റെ ചില സദ്ഗുണങ്ങളും ഊഷ്മളമായ ജീവിതവും അനുഭവിച്ചറിഞ്ഞതിന് ശേഷം നമ്മുടെ ഹൃദയത്തെ നാം ജീവസുറ്റതാക്കുക, അവയെ ജീവിതഗന്ധിയാക്കുക. നമ്മുടെ വീട് കുട്ടികളെ കൊണ്ട് പ്രശോഭിതമാകട്ടെ. അവരുടെ ബാല്യഹൃദയങ്ങളിൽ നാം ആഹ്ലാദം നിറക്കുകയും പിതൃത്വ വാൽസല്യവും മാതൃഅനുകമ്പയും ചേർത്ത് അതിനെ പുളകിതമാക്കുകയും ചെയ്യട്ടെ. തന്റെ മാതാപിതാക്കൾ വളർത്തിയെടുത്തത് പോലെ ശരിയായ വൈകാരികതകളും സ്വഭാവഗുണങ്ങളും ഉള്ളവരായി സമൂഹത്തിലെ നായകരായി അവർ വളർന്നുവരുന്നത് നമുക്കപ്പോൾ കാണാം.

# വിവേകം, സൗമ്യത, സഹനം

മർദ്ദനവും അവകാശങ്ങൾ ബലം പ്രയോഗിച്ച് ഹനിക്കലുമെല്ലാം അക്രമികളുടെയും അസത്യവാൻമാരുടെയും സ്വഭാവമാണ്. നമ്മുടെ പ്രവാചകൻﷺ ഓരോ വ്യക്തിക്കും അവകാശപ്പെട്ടത് ലഭിക്കതക്കവണ്ണം സഹായവും നീതിനിയമവ്യവസ്ഥയും സ്ഥാപിക്കുകയുണ്ടായി. പ്രവാചകൻﷺ തനിക്ക് അല്ലാഹു നൽകിയ അധികാരവും അവകാശവും നന്മക്കും നന്മയുടെ മാർഗത്തിലും വിനിയോഗിച്ചു. അതുകൊണ്ടുതന്നെ പ്രവാചകന്റെﷺ വീട്ടിൽ നമുക്ക് അക്രമമോ പീഢനമോ ഭയപ്പെടേണ്ടതില്ല; കൊള്ളയും കവർച്ചയും പേടിക്കേണ്ടതില്ല. ആയിശﷺ പറഞ്ഞു:

"റസൂൽﷺ ഒരിക്കലും ഒന്നിനേയും അടിച്ചിട്ടില്ല. തന്റെ ഭാര്യയെയോ ഭൃത്യനേയോ (പോലും) അടിച്ചിട്ടില്ല" (അഹ്മദ്).

അനസ്ؓ പറയുന്നു:

"ഞാൻ റസൂൽﷺയോടൊപ്പം നടക്കുകയായിരുന്നു, അദ്ദേഹത്തിനുമേൽ അറ്റം പരുപരുത്ത ഒരു നജ്റാനീ പുതപ്പുണ്ടായിരുന്നു. ഒരു ഗ്രാമീണനായ അറബി അദ്ദേഹത്തെ കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ ഷാൾ തന്നിലേക്ക് ശക്തിയായി പിടിച്ചുവലിച്ച് മുറുക്കുകയുണ്ടായി. ഞാൻ നബിയുടെ മുതുകിലേക്ക് നോക്കിയപ്പോൾ ആ പുതപ്പിന്റെ അല്ലെങ്കിൽ ഷാളിന്റെ അറ്റം മുറുകി അടയാളം വീണതായി കണ്ടു. എന്നിട്ടയാൾ പറഞ്ഞു: "മുഹമ്മദേ, നിന്റെ അടുക്കലുള്ള അല്ലാഹുവിന്റെ ധനത്തിൽനിന്ന് എനിക്ക് തരാൻ കൽപ്പിക്കൂ". അപ്പോൾ ഞാൻ അദ്ദേഹത്തിലേക്ക് നോക്കി. അദ്ദേഹമപ്പോൾ ചിരിക്കുകയാണ്. ശേഷം വല്ലതും നൽകാൻ അനുചരൻമാരോട് കൽപിക്കുകയും ചെയ്തു" (ബുഖാരി, മുസ്ലിം).

റസൂൽﷺ ഹുനൈൻ യുദ്ധശേഷം മടങ്ങിയപ്പോൾ ചില ഗ്രാമീണർ വല്ല ദാനവും നൽകാനാവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ പിന്നിൽ കൂടി. അവരദ്ദേഹത്തെ ഒരു മരത്തിനടുത്തേക്ക് തള്ളിക്കൊണ്ടുപോയി അദ്ദേഹത്തിന്റെ ഷാൾ പിടിച്ചുവലിച്ചു; അദ്ദേഹമാകട്ടെ വാഹനപ്പുറത്തിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "എന്റെ ഷാൾ നിങ്ങൾ വിടൂ, ഞാൻ പിശുക്കു കാണിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടോ?" എന്നിട്ടദ്ദേഹമരുളി: "അല്ലാഹുവാണേ, ഈ വൃക്ഷങ്ങളോളം അനുഗ്രഹങ്ങൾ എനിക്കുണ്ടായിരുന്നാലും അത് ഞാൻ നിങ്ങൾക്കിടയിൽ വീതിക്കുകതന്നെ ചെയ്യും. ശേഷം എന്നെ നിങ്ങൾ പിശുക്കനായോ ഭീരുവായോ കള്ളനായോ കാണില്ല" (*ശറഹുസ്സുന്ന:* ബഗവിؒ).

ശിക്ഷണത്തിന്റെയും നല്ല അധ്യാപനത്തിന്റെയും ഏറ്റവും ഗുണകരമായ രൂപമാണ് എല്ലാത്തിലും സൗമ്യത കൈക്കൊള്ളലും ഗുണം ചെയ്യുന്നതേതെന്ന് മനസ്സിലാക്കലും ദോഷമായി പരിണമിക്കുന്നതിനെ തടുക്കലും. വല്ലവർക്കും പിഴക്കുമ്പോഴും തെറ്റുകൾ സംഭവിക്കുമ്പോഴും പല സ്വഹാബികളും രോഷാകുലരാവുകയും അവരെ എതിർക്കാൻ എടുത്തുചാടുകയും ചെയ്യും. എന്നാൽ പക്വമതിയും മൃദുലനുമായ നമ്മളുടെ പ്രവചാകൻ അതിൽനിന്നുമവരെ തടഞ്ഞു. ആ തെറ്റ് ചെയ്തവന്റെ അജ്ഞതയെ മനസ്സിലാക്കി. ചിലപ്പോഴെല്ലാം തെറ്റ് ചെയ്യുന്നതിനെ (അനുയോജ്യമല്ലാത്ത നിലക്ക്) തടഞ്ഞാൽ അതിനേക്കാൾ വലിയ തെറ്റിനിടയാക്കുമെന്ന പാഠവും പ്രവാചകന വരെ ഉണർത്തി. അത്തരമൊരു സംഭവത്തെ പറ്റി അബൂഹുറൈറؓ പറയുന്നു: ഒരു അപരിഷ്കൃതനായ ഗ്രാമീണൻ പള്ളിയിൽ മൂത്രിക്കുകയുണ്ടായി. ജനങ്ങൾ അയാളെ പിടികൂടാനൊരുങ്ങി. അപ്പോൾ നബിﷺ പറഞ്ഞു:

دَعُوهُ وَأَهْرِيقُوا عَلَى بَوْلِهِ ذَنُوبًا مِنْ مَاءٍ أَوْ سَجْلًا مِنْ مَاءٍ فَإِنَّمَا بُعِثْتُمْ مُيَسِّرِينَ وَلَمْ تُبْعَثُوا مُعَسِّرِينَ

"അയാളെ വിടൂ, അയാളുടെ വിസർജ്യത്തിൽ വെള്ളം കൊണ്ടുവന്നൊഴിക്കൂ, നിങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്നത് ജനങ്ങൾക്ക് എളുപ്പമാക്കുന്നവരായികൊണ്ടാണ്; ഞെരുക്കമുണ്ടാക്കുന്നവരായല്ല" (ബുഖാരി).

മനസ്സിന് സ്ഥൈര്യം നൽകാനും മാതൃകയായി സ്വീകരിക്കാനുമുള്ള പ്രചോദനമാണ് റസൂലിന്റെ പ്രബോധന മാർഗത്തിലുള്ള സഹനം. ആയിശﷺ നബിﷺയോട് ചോദിച്ചു:

ഉഹദ് ദിനത്തേക്കാൾ പ്രയാസകരമായ വല്ല ദിവസവും താങ്കൾക്കു വന്നിട്ടുണ്ടോ? അദ്ദേഹം പ്രതിവചിച്ചു: "നിന്റെ ജനതയിൽനിന്നും എനിക്ക് പല പ്രയാസങ്ങളും അനുഭവിക്കേണ്ടി വന്നു. എനിക്കേറ്റവും പ്രയാസകരമായി അവരിൽനിന്നും അനുഭവിക്കേണ്ടി വന്നത് അഖബ ദിവസമാണ്. ഇബ്നു അബ്ദുയാലീൽ ഇബ്നു അബ്ദുകിലാലിനോട് എന്റെ മനസ്സു ഞാൻ തുറന്നു, പക്ഷെ ഞാൻ ആഗ്രഹിച്ച (പീഢനങ്ങളിൽനിന്ന് അഭയവും മതസ്വാതന്ത്ര്യവും) കാര്യത്തിൽ അദ്ദേഹമെനിക്ക് മറുപടി തന്നില്ല. വിഷാദമൂകനായി ഞാൻ അവിടെനിന്നും പുറപ്പെട്ടു. ഖർന്നുസഗാലിബിൽ വെച്ചല്ലാതെ (എന്റെ മനസ്സ്) ഉണർന്നില്ല. അങ്ങനെ ഞാൻ എന്റെ തലയുയർത്തി നോക്കി. അപ്പോൾ ഞാൻ എനിക്ക് തണലേകുന്ന മേഘത്തിന് കീഴിലാണ്. ഞാൻ നോക്കുമ്പോൾ അതിൻമേൽ ജിബ്രീലുണ്ട്. അദ്ദേഹമെന്നെ വിളിച്ചുപറഞ്ഞു: നിശ്ചയമായും നിന്റെ ജനത നിന്നോട് പറഞ്ഞ വാക്കും മറുപടിയും അല്ലാഹു കേട്ടുകഴിഞ്ഞു. നിന്നിലേക്ക് പർവ്വതങ്ങളുടെ മലക്കിനെ അയക്കപ്പെട്ടിരിക്കുന്നു; നീയുദ്ദേശിച്ചത് അദ്ദേഹത്തോട് കൽപ്പിക്കാൻ വേണ്ടി. പർവതത്തിന്റെ മലക്ക് എന്നെ വിളിച്ചു, സലാം ചൊല്ലി. എന്നിട്ട് പറഞ്ഞു: "മുഹമ്മദ്, നിന്റെ ജനത നിന്നോട് പറഞ്ഞ വാക്ക് അല്ലാഹു കേട്ടിരിക്കുന്നു. ഞാൻ പർവതങ്ങളുടെ മലക്കാണ്. നീ ആഗ്രഹിക്കുന്നത് കൽപ്പിക്കാനായി എന്നെ നിന്റെ നാഥൻ നിന്നിലേക്ക് അയച്ചിരിക്കുകയാണ്? നീ ഉദ്ദേശിക്കുകയാണെങ്കിൽ അവർക്കുമേൽ (മക്കക്കും അഖ്ബശിനും ചുറ്റുമുള്ള) രണ്ട് പർവ്വതങ്ങൾക്കിടയിൽ അവരെ ഞാൻ ഞെരിച്ചുകളയാം". അപ്പോൾ നബിﷺ പറഞ്ഞു: "അവരുടെ പിൻതലമുറയിൽനിന്നും അല്ലാഹുവെ മാത്രം ആരാധിക്കുകയും അവനിലൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്നവരെ അല്ലാഹു പുറത്തുകൊണ്ടുവരുമെന്ന് ഞാൻ ആഗ്രഹിക്കുന്നു". (ബുഖാരി, മുസ്‌ലിം).

ഇന്ന് പലരും പ്രബോധനപ്രവർത്തനങ്ങളിൽ ധൃതി കാണിക്കുകയും അതിന്റെ ഫലം കൊയ്തെടുക്കാൻ ബദ്ധപ്പെടുകയുമാണ്, ഫലമോ പരാജയം മാത്രം. സഹനവും ക്ഷമയും പ്രയാസങ്ങൾ വഹിക്കലുമെല്ലാം എവിടെപ്പോയി?!

നീണ്ട ഏതാനും വർഷങ്ങൾ കഴിഞ്ഞതും റസൂൽﷺ സ്വപ്നം കണ്ടത് യാഥാർഥ്യമായി. ത്യാഗങ്ങളുടെയും സഹനത്തിന്റെയും നീണ്ട സമരത്തിന് ശേഷമായിരുന്നു അത്.

ഇബ്നു മസ്ഊദ്رضي الله عنه പറയുന്നു: റസൂൽﷺ നബിമാരിൽപ്പെട്ട ഒരാളെ പറ്റി കഥ പറഞ്ഞ രംഗം ഇപ്പോഴും ഞാൻ കാണുന്നതുപോലെയുണ്ട്; അദ്ദേഹത്തിനെ തന്റെ ജനത മർദ്ദിക്കുകയും കരയിക്കുകയും ചെയ്തു. തന്റെ മുഖത്തുനിന്നും രക്തം തുടച്ചുകൊണ്ടദ്ദേഹം പറയുന്നുണ്ടായിരുന്നു:

اللَّهُمَّ اغْفِرْ لِقَوْمِي فَإِنَّهُمْ لَا يَعْلَمُونَ

“അല്ലാഹുവേ, എന്റെ ജനതക്കു നീ പൊറുത്തുകൊടുക്കേണമേ. തീർച്ചയായും അവർ അറിവില്ലാത്തവരാണ്”. (ബുഖാരി, മുസ്‌ലിം)

ഒരിക്കൽ റസൂൽﷺ തന്റെ അനുചരൻമാരോടൊപ്പം ജനാസാകർമത്തിലായിരുന്നപ്പോൾ സൈദിബ്നു സഅ്ന: എന്നു പേരായ ഒരു ജൂതൻ അദ്ദേഹത്തിനടുത്തേക്ക് വന്നു; തന്റെ കടം തിരിച്ചു ചോദിച്ചുകൊണ്ടാണ് വരവ്. അയാൾ അദ്ദേഹത്തിന്റെﷺ വസ്ത്രവും ഷാളും കൂട്ടിപ്പിടിച്ച് പരുഷമായി നോക്കിക്കൊണ്ട് പറഞ്ഞു: മുഹമ്മദ്, എന്റെ അവകാശം നീ തന്ന് വീട്ടില്ലേ? ജനങ്ങളുടെ ഇടയിൽവെച്ച് അയാൾ പരുഷമായി പെരുമാറി. അപ്പോൾ ഉമർرضي الله عنه കോപിച്ചു. തന്റെ കണ്ണുകൾ കറങ്ങുന്ന ഗ്രഹം പോലെ തുറുപ്പിച്ച് സൈദിന്റെ നേരെ നോക്കിയ ശേഷം പറഞ്ഞു: “അല്ലാഹുവിന്റെ ശത്രു, അല്ലാഹുവിന്റെ ദൂതനോട് എന്താണ് നീയീ പറയുന്നതായി ഞാൻ കേൾക്കുന്നത്, അദ്ദേഹത്തെ ദൂതനായി നിയോഗിച്ചവനാണെ സത്യം അദ്ദേഹത്തിന്റെ ആക്ഷേപത്തെ ഞാൻ ഭയപ്പെട്ടില്ലായിരുന്നുവെങ്കിൽ ഈ രോഷപ്രകടനങ്ങൾക്കപ്പുറം എന്റെ വാളുകൊണ്ട് നിന്റെ തല ഞാൻ കൊയ്തേനെ”. പ്രവാചകനപ്പോൾ ശാന്തതയോടെയും സംയമനത്തോടെയും ഉമറിനെ നോക്കുകയായിരുന്നു. ശേഷമദ്ദേഹം പറഞ്ഞു: “ഉമർ ഞാനും അയാളും (താങ്കളിപ്പോൾ ചെയ്തുകൂട്ടിയതല്ലാത്ത) വേറൊന്നിന് ആവശ്യക്കാരായിരുന്നു. (അതായത്) വാങ്ങിയത് നല്ല രൂപത്തിൽ തിരിച്ചു നൽകാൻ താങ്കൾ എന്നോട് കൽപ്പിക്കുകയും, കൊടുത്തവനിൽനിന്ന് നല്ല രൂപത്തിലാണ് ചോദിച്ചുവാങ്ങേണ്ടതെന്ന് അയാളെ താങ്കൾ ഉപദേശിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഉമർ, അയാളെ കൂട്ടി കൊണ്ടുപോയി അയാളുടെ അവകാശം നൽകുക. ഇരുപത് സ്വാഅ് കാരക്ക കൂടുതൽ നൽകുകയും ചെയ്യുക”.

ഇരുപത് സ്വാഅ് അധികരിപ്പിച്ചു നൽകവെ യഹൂദി സൈദ് ചോദിച്ചു: “ഉമറേ, എന്താണീ വർദ്ധനവ്?” ഉമർﷺ മറുപടി നൽകി: “റസൂൽﷺ നിനക്ക് നിന്നെ ഞാൻ ശിക്ഷിക്കേണ്ടതിന് പകരമായി അധികം നൽകാനാണ് കൽപ്പിച്ചത്”. സൈദ് ചോദിച്ചു: “എന്നെ നിങ്ങൾക്കറിയാമോ ഉമറേ?” എന്നിട്ടദ്ദേഹം തുടർന്നു: ഞാൻ സൈദിബ്നു സഅ്ന. ഉമർﷺ ചോദിച്ചു: “ജൂത പുരോഹിതൻ?” അതേയെന്നയാൾ മറുപടി നൽകി. അദ്ദേഹം ചോദിച്ചു: “നീ റസൂൽ ﷺയോട് ചെയ്തതിനും പറഞ്ഞതിനും നിന്നെ പ്രേരിപ്പിച്ചതെന്താണ്?” “റസൂൽﷺയുടെ മുഖത്തേക്ക് ഞാൻ നോക്കി പ്രവാചകത്വത്തിന്റെ രണ്ട് അടയാളങ്ങളൊഴികെ എല്ലാം ഞാൻ തിരിച്ചറിഞ്ഞു. ആ രണ്ട് അടയാളങ്ങൾ അദ്ദേഹത്തിൽനിന്നും ഞാൻ മസ്സിലാക്കിയിരുന്നില്ല. അവ ഇതാണ്, അദ്ദേഹത്തിന്റെ വിവേകം അദ്ദേഹത്തിന്റെ അജ്ഞതയെ മുൻകടക്കും, അജ്ഞതയുടെ കാഠിന്യം (ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ) അദ്ദേഹത്തിനെതിരെ വന്നാൽ വിവേകമല്ലാതെ അത് അദ്ദേഹത്തിന് വർദ്ധിപ്പിക്കുകയില്ല, അവ രണ്ടും ഞാൻ പരീക്ഷിച്ചറിഞ്ഞു. ഉമറേ, ഞാൻ താങ്കളെ സാക്ഷിയാക്കുന്നു ഞാൻ അല്ലാഹുവിനെ രക്ഷിതാവായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് ﷺയെ പ്രവാചകരായും തൃപ്തിപ്പെടുന്നു. ഞാൻ താങ്കൾക്കുമുമ്പിൽ സാക്ഷ്യം വഹിക്കുന്നു; എന്റെ സമ്പത്തിന്റെ പകുതിയും മുഹമ്മദിന്റെﷺ ജനതയ്ക്കായുള്ള ദാനമാകുന്നു”. അപ്പോൾ ഉമർﷺ പറഞ്ഞു: “സമ്പത്തിന്റെ ഒരു വിഹിതം (എന്ന് പറയൂ, പകുതിയും ദാനം ചെയ്യാൻ) നിങ്ങൾക്ക് കഴിഞ്ഞേക്കില്ല”. സൈദ് പറഞ്ഞു: “(എങ്കിൽ) സമ്പത്തിന്റെ ഒരു വിഹിതം (ആയിക്കോട്ടെ)”. അങ്ങനെ സൈദ് എന്ന ജൂതൻ റസൂൽﷺയുടെ അടുക്കലേക്ക് മടങ്ങി ചെന്ന് പറഞ്ഞു: “അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്നു” (*മുസ്തദ്റക്*: നസാഈ ﷺ)

ഈ സംഭവവും അതിലേ സംഭാഷണവും അതിന്റെ പര്യവസാനവുമെല്ലാം ജനങ്ങൾക്കിടയിൽ സത്യപ്രബോധനം നടത്തുന്നതിലും സഹനം കൈക്കൊള്ളുന്നതിലും നമുക്ക് ഉൽകൃഷ്ട മാതൃകയാണ്. തന്റെ അനുചരൻമാർ നന്മ ചെയ്യുമ്പോൾ അതിനെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും ശുഭാപ്തി വിശ്വാസം അവരുടെ മനസ്സിലുണ്ടാക്കുകയും ചെയ്തു. ആയിശﷺ പറഞ്ഞു: “ഞാൻ നബി ﷺയോടൊപ്പം

ഉംറ ചെയ്തു. മദീനയിൽനിന്ന് പുറപ്പെട്ട് മക്കയിലെത്തിയപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, എന്റെ മാതാവും പിതാവും താങ്കൾക്ക് പ്രായശ്ചിത്തമാണ്. താങ്കൾ യാത്രയിൽ ചുരുക്കി നമസ്കരിച്ചു, ഞാൻ പൂർത്തിയാക്കി നമസ്കരിച്ചു. താങ്കൾ നോമ്പ് നോറ്റില്ല, ഞാൻ നോമ്പെടുത്തു? അദ്ദേഹം പ്രതിവചിച്ചു: "നീ ചെയ്തതു നന്നായി, ആയിശ" അദ്ദേഹം എന്നെ കുറ്റപ്പെടുത്തിയില്ല" (നസാഈ).

സമൂഹത്തിലെ നേതാക്കൻമാരുടെയും അധികാരികളുടെയും ഭവനങ്ങളിൽ പാത്രങ്ങളും തളികകളും നിറഞ്ഞും ഒഴിഞ്ഞും മാറി മാറിക്കൊണ്ടിരിക്കും... എന്നാൽ ലോകത്തിന്റെ പ്രവാചകൻ! അദ്ദേഹത്തിന് കീഴിലാണ് രാജ്യവും പ്രജകളും. വിഭവങ്ങൾ വഹിച്ച ഒട്ടകങ്ങൾ അദ്ദേഹത്തിനടുത്തേക്ക് വരുന്നു, സ്വർണ്ണവും വെള്ളിയും അദ്ദേഹത്തിന് മുമ്പിൽ ഒഴുകുന്നു, എന്നിട്ടും അദ്ദേഹത്തിന്റെ ഭക്ഷണവും പാനീയവും എങ്ങനെയായിരുന്നെന്ന് നോക്കൂ... രാജാക്കൻമാരുടെയോ അവരേക്കാൾ വലിയവരുടെയോ ജീവിതമായിരുന്നോ അദ്ദേഹത്തിന്റേത്? പണക്കാരുടെയും പത്രാസ്സുകാരുടെയും അതല്ല അവരേക്കാൾ ഉന്നതരുടെയും ഭക്ഷണമായിരുന്നോ അദ്ദേഹത്തിന്റേത്? റസൂൽﷺയുടെ ഭക്ഷണത്തെപറ്റിയും വിരളതയെ പറ്റിയുമാലോചിച്ച് നിങ്ങൾ അത്ഭുതപ്പെടരുത്.

ഇതാ അനസ്ؓ നമ്മോട് പറയുന്നു:

أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَمْ يَجْتَمِعْ لَهُ غَدَاءٌ وَلَا عَشَاءٌ مِنْ خُبْزٍ وَلَحْمٍ إِلَّا عَلَى ضَفَفٍ

"നിശ്ചയം നബിﷺയുടെ അടുക്കൽ റൊട്ടിയും മാംസവുമടങ്ങുന്ന പ്രഭാതഭക്ഷണവും രാത്രി ഭക്ഷണവും ഒരുമിച്ചുകൂടിയിട്ടില്ല; തിരക്കികൊണ്ടല്ലാതെ" (തുർമുദി).

'തിരക്കികൊണ്ട്' എന്നതിന്റ വിവക്ഷ; കുറച്ച് ഭക്ഷണവും കഴിക്കാൻ ഒരുപാടാളുകളുമുണ്ടാകുന്ന ഞെരുങ്ങിയ അവസ്ഥയാണ്. അദ്ദേഹം ഞെരുങ്ങിയും ബുദ്ധിമുട്ടിയുമല്ലാതെ ഭക്ഷണം കഴിച്ചിട്ടില്ല എന്നർഥം. അതിഥികൾ വന്നാലല്ലാതെ അദ്ദേഹം കുറേകാലത്തിന് വയറ് നിറച്ച് ഭക്ഷണം കഴിക്കാറില്ലായിരുന്നു.

അതിഥികളുടെ സാന്നിധ്യം വയറുനിറച്ചുണ്ണാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യും. ആയിശؓ പറയുന്നു:

مَا شَبِعَ آلُ مُحَمَّدٍ مِنْ خُبْزٍ شعير يَوْمَيْنِ مُتَتَالِيَنِ حَتَى قُبِضَ رَسولُ الله ﷺ

"റസൂൽﷺ മരണപ്പെടുവോളം അദ്ദേഹത്തിന്റെ കുടുംബം ബാർ ലിയുടെ റൊട്ടി കൊണ്ട് രണ്ടു ദിവസം തുടർച്ചയായി വയറുനിറച്ചിട്ടി ല്ല" (മുസ്‌ലിം).

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ്:

مَا شَبِعَ آلُ مُحَمَّدٍ مُنْذُ قَامَ الْمَدِينَةُ مِنْ طَعَام بر ثَلَاثَ لَيَالٍ تِبَاعًا حَتَّى قُبِضَ

"മദീനയിലെത്തിയതിനുശേഷം മുഹമ്മദ്ﷺയുടെ കുടുംബം ഗോ തമ്പ് ഭക്ഷണം കൊണ്ട് മൂന്ന് രാത്രികൾ തുടർച്ചയായി വയറ് നിറച്ചി ട്ടില്ല; അദ്ദേഹം മരണപ്പെടുന്നത് വരെ" (ബുഖാരി, മുസ്‌ലിം).

അദ്ദേഹം ഭക്ഷണം ലഭിക്കാതെ ഒരു പിടിപോലും വയറ്റിലേക്ക് ചെല്ലാതെ ഒട്ടിയ വയറുമായി ഉറങ്ങുമായിരുന്നു.

ഇബ്നു അബ്ബാസ്‌رضي الله عنه പറയുന്നു:

"റസൂൽﷺയും അദ്ദേഹത്തിന്റെ കുടുംബവും തുടർച്ചയായ രാത്രി കൾ ഒട്ടിയ വയറുമായി കഴിച്ചുകൂട്ടുമായിരുന്നു. അവരുടെ അധിക ഭക്ഷണവും ബാർലിയുടെ റൊട്ടിയായിരുന്നു" (തുർമുദി).

ഭക്ഷണത്തിന്റെ ദൗർലഭ്യമോ കുറവോ ആയിരുന്നില്ല ഇതിന് കാരണം. അദ്ദേഹത്തിന് മുമ്പിലൂടെ ധനം ഒഴുകിയിരുന്നു. പക്ഷെ അല്ലാഹു തന്റെ ദൂതന് ഇഹലോക വിഭവങ്ങളാൽ സമൃദ്ധമായ ജീവി തത്തേക്കാൾ സമ്പൂർണ്ണവും ചൊവായതുമായ അവസ്ഥയെയാണ് തെരഞ്ഞെടുത്തത്. ഉഖ്ബത്തിബ്നു ഹാരിസ്‌رضي الله عنه പറയുന്നു:

"ഒരിക്കൽ നബി ഞങ്ങളെയുംകൊണ്ട് അസർ നമസ്കരിച്ചു. അപ്പോൾ അദ്ദേഹമത് ധൃതിയിൽ നമസ്കരിച്ചു (തീർത്തു) പിന്നീട് വീട്ടിൽ പ്രവേശിച്ചു. ഏറെ താമസിക്കാതെ അദ്ദേഹം പുറത്തുവന്നു. അദ്ദേഹത്തോടതിനെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം മറുപടി നൽകി:

كُنْتُ خَلَفْتُ فِي الْبَيْتِ تِبْرًا مِنَ الصَّدَقَةِ فَكَرِهْتُ أَنْ أُبَيِّتَهُ فَقَسمْتُهُ

ഞാൻ എന്റെ വീട്ടിൽ സ്വദഖയിൽനിന്നുള്ള കുറച്ച് സ്വർണ്ണം എടുത്തുവെച്ചിരുന്നു. അതവിടെ രാത്രി വരെ ബാക്കിയാക്കുന്നത്

ഞാൻ വെറുത്തു. അപ്പോൾ ഞാനത് (ജനങ്ങൾക്കിടയിൽ) വീതിച്ചു നൽകി" (മുസ്‌ലിം)

ആശ്ചര്യജനകമായ ഉദാരതയും അതുല്യമായ ദാനധർമ്മവും പ്രവാചകന്റെ കരങ്ങളിൽനിന്ന് ഒഴുകുന്നവയായിരുന്നു. അനസ്﵁ പറയുന്നു:

مَا سُئِلَ رَسُولُ اللهِ ﷺ عَلَى الْإِسْلَامِ شَيْئًا إِلَّا أَعْطَاهُ، وَلَقَدْ جَاءَهُ رَجُلٌ، فَأَعْطَاهُ غَنَمًا بَيْنَ جَبَلَيْنِ، فَرَجَعَ إِلَى قَوْمِهِ فَقَالَ: يَا قَوْمُ أَسْلِمُوا، فَإِنَّ مُحَمَّدًا يُعْطِي عَطَاءً مَنْ لَا يَخْشَى الْفَقْرَ

റസൂൽﷺ ഇസ്‌ലാമിന്റെ മേൽ ഏതൊരു കാര്യം ചോദിച്ചാലും അതു നൽകാതെയിരുന്നിട്ടില്ല. അദ്ദേഹത്തിന്റെ അടുത്ത് ഒരാൾ വരുകയുണ്ടായി. അപ്പോൾ അയാൾക്കദ്ദേഹം രണ്ട് മലകൾക്കിടയിലെ ആടുകളെ നൽകി. അയാൾ തന്റെ ജനതയിലേക്ക് മടങ്ങിച്ചെന്നിപ്രകാരം പറഞ്ഞു: "ജനങ്ങളേ, നിങ്ങൾ ഇസ്‌ലാം സ്വീകരിക്കൂ, തീർച്ചയായും ദാരിദ്ര്യത്തെ ഭയപ്പെടാത്തവൻ ദാനം നൽകുന്ന പ്രകാരം മുഹമ്മദ് ദാനം നൽകുന്നു" (മുസ്‌ലിം)

ഈ ഉദാരതയോടൊപ്പം പ്രവാചകന്റെ അവസ്ഥയെപ്പറ്റി ചിന്തിച്ചുനോക്കൂ, അനസ്﵁ പറയുന്നു:

لَمْ يَكُلْ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَى خِوَانٍ حَتَّى مَاتَ، وَمَا أَكَلَ خُبْزاً مُرَقَّقاً حَتَّى مَاتَ

"നബിﷺ മരണമടയുവോളം തീന്മേശമേൽ ഭക്ഷണം കഴിച്ചിട്ടില്ല. മരണം വരെ ലോലമായ റൊട്ടി ഭക്ഷിച്ചിട്ടില്ല" (ബുഖാരി)

ആയിശ﵁ പറയുകയാണ്:

അദ്ദേഹമെന്റെ അടുത്ത് വന്ന് "നിന്റെയടുക്കൽ വല്ല ഭക്ഷണവുമുണ്ടോ" എന്ന് തിരക്കും "ഇല്ല" എന്ന് പറഞ്ഞാൽ അദ്ദേഹം സ്വയം പറയും: "എങ്കിൽ ഞാൻ നോമ്പുകാരനാണ്" (മുസ്‌ലിം)

ഈ പട്ടിണിക്കും പരാധീനതകൾക്കുമിടയിലും അദ്ദേഹത്തിന്റെ മഹോന്നതമായ സ്വഭാവ സവിശേഷതയും ഇസ്‌ലാമിക മര്യാദയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ഭക്ഷണം പാകം ചെയ്തവർക്കും തുടർന്നദ്ദേഹം നന്ദി കാണിച്ചു. അവർക്ക് അതിൽ വീഴ്ച്ച സംഭവിച്ചാൽ മുഖം വീർപ്പിച്ചില്ല. അതുകൊണ്ടുതന്നെ അദ്ദേഹംﷺ ഒരു ഭക്ഷണത്തേയും കുറ്റം പറഞ്ഞില്ല, ഭക്ഷണം പാകം ചെയ്തവരെ പഴിച്ചില്ല, ഉള്ളത് മടക്കി അയച്ചില്ല, ഇല്ലാത്തത് വേണമെന്ന് ശാഠ്യം പിടിച്ചതുമില്ല. കാരണം അദ്ദേഹം ലോകത്തിന്റെ പ്രവാചകനായിരുന്നു; അദ്ദേഹത്തിന്റെ ശ്രദ്ധ വയറിനെ സംബന്ധിച്ചോ ഭക്ഷണത്തെപ്പറ്റിയോ ആയിരുന്നില്ല. അബൂഹുറൈറ رضي الله عنه പറയുന്നു:

مَا عَابَ رَسُولُ اللهِ ﷺ طَعَامًا قَطُّ، إِنْ اشْتَهَاهُ أَكَلَهُ، وَإِنْ كَرِهَهُ تَرَكَهُ

“റസൂൽﷺ ഒരിക്കലും ഒരു ഭക്ഷണത്തെ കുറ്റം പറഞ്ഞിട്ടില്ല. അദ്ദേഹത്തിന് ആഗ്രഹമുണ്ടെങ്കിൽ ഭക്ഷിക്കും അതിനോട് താൽപര്യമില്ലെങ്കിൽ ഉപേക്ഷിക്കും” (ബുഖാരി, മുസ്ലിം).

തീറ്റയും കുടിയും അമിത പ്രാധാന്യത്തോടെ കാണുന്ന പ്രിയപ്പെട്ട സുഹൃത്തുക്കൾക്കായി ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ رحمه الله വാക്കുകൾ സംക്ഷിപ്തമായി ഉദ്ധരിക്കട്ടെ: ഭക്ഷണവും വസ്ത്രവും: ഏറ്റവും ഉന്നതമായ ചര്യ മുഹമ്മദ്ﷺയുടേതാണ്. അതിനാൽ ഭക്ഷിക്കുന്നതിലും നീ അദ്ദേഹത്തിന്റെ സ്വഭാവക്കാരനാകുക. നിനക്ക് കഴിക്കാൻ തോന്നുമ്പോൾ ആവശ്യമുള്ളതും എളുപ്പമായതും കഴിക്കുക. കിട്ടിയത് തള്ളിക്കളയരുത്. ഇല്ലാത്തതിനായി നിർബന്ധിക്കരുത്. അദ്ദേഹത്തിന്റെ അടുക്കൽ റൊട്ടിയും മാംസവും കൊണ്ടുവരപ്പെട്ടാൽ അദ്ദേഹമത് കഴിക്കുമായിരുന്നു. ഇനി റൊട്ടിയും മാംസവും പഴങ്ങളും കൊണ്ടുവരപ്പെട്ടാൽ അതും ഭക്ഷിക്കും. ഇനി കാരക്ക മാത്രമോ റൊട്ടി മാത്രമോ നൽകപ്പെട്ടാലും അദ്ദേഹമത് ഭക്ഷിക്കും. രണ്ടുതരം ഭക്ഷണം കൊണ്ടുവരപ്പെട്ടാൽ ‘ഞാൻ രണ്ടു തരം ഭക്ഷണം കഴിക്കില്ല’ എന്നദ്ദേഹം പറഞ്ഞിരുന്നില്ല. ഭക്ഷണം മാധുര്യവും രുചിയുമുള്ളതാകുന്നതിനെ അദ്ദേഹം വിരോധിച്ചിട്ടില്ല. ഹദീസിൽ ഇപ്രകാരം വന്നിട്ടുമുണ്ട് “എന്നാൽ ഞാൻ നോമ്പ് നോൽക്കുകയും നോമ്പ് നോൽക്കാതിരിക്കുകയും ചെയ്യുന്നു. ഞാൻ രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യാറുണ്ട്, ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യും അതിനാൽ ആർ എന്റെ ചര്യയെ വെറുക്കുന്നുവോ അവൻ എന്നിൽ പെട്ടവനല്ല”

“നല്ലതു ഭക്ഷിക്കാനും അല്ലാഹുവിന് നന്ദി ചെയ്യാനും അവൻ

കൽപ്പിച്ചു. ആർ നല്ല ഭക്ഷണങ്ങളെ നിഷിദ്ധമാക്കുന്നുവോ അവർ അതിക്രമിയാണ്. ആർ നന്ദി ചെയ്യുന്നില്ലയോ അവൻ അതിരുകവി ഞ്ഞവനും അല്ലാഹുവോടുള്ള ബാധ്യതയിൽ വീഴ്ച വരുത്തുന്നവനു മാണ്. റസൂൽﷺയുടെ മാർഗമാണ് ഏറ്റവും നേരെയുള്ളതും വക്രത യില്ലാത്തതുമായ മാർഗം. ആ മാർഗത്തിൽനിന്നുള്ള വ്യതിയാനം ര ണ്ട് രൂപത്തിലാണ്. ദുർത്തൻമാരായ സമൂഹം, അവർ തങ്ങളുടെ സ്വേച്ഛകളെ നിറവേറ്റുകയും നിർബന്ധ ബാധ്യതകളുടെ നിർവഹണ ത്തിൽ നിന്നും പിന്തിരിയുകയും ചെയ്യുന്നു. മറ്റൊരു കൂട്ടർ നല്ല വ സ്തുക്കളെ നിഷിദ്ധമാക്കുന്നവരാണ്. അല്ലാഹു നിയമമാക്കാത്ത സ ന്യാസം പുതുതായി നിർമിച്ചെടുക്കുകയും ചെയ്യുന്നു. ഇസ്‌ലാമിലാ കട്ടെ ഒരു സന്യാസവുമില്ല"

ശേഷം ശൈഖുൽ ഇസ്‌ലാം ﵀ തുടർന്നു: "എല്ലാ ഹലാലായ ഭ ക്ഷണവും നല്ലതാണ്. അല്ലാഹു നമുക്ക് എല്ലാ നല്ലതും ഹലാൽ (അനുവദനീയം) ആക്കുകയും മോശപ്പെട്ടതെല്ലാം (നിഷിദ്ധം) ഹറാ മാക്കുകയും ചെയ്തല്ലോ. എന്നാൽ നല്ലതാകുക എന്നത് ഉപകാര വും രുചിയും ഉള്ളതാകുന്നതിലധിഷ്ഠിതമാണ്. നമുക്കുപദ്രവമുണ്ടാ ക്കുന്നതെല്ലാം അല്ലാഹു ഹറാമാക്കുകയും ഉപകാരമുള്ളതെല്ലാം അനുവദിക്കുകയും ചെയ്തു" അദ്ദേഹം തുടരുന്നു: "ഭക്ഷിക്കുന്നതി ലും വസ്ത്രധാരണത്തിലും വിശപ്പിലും വയറുനിറക്കുന്നതിലും ജന ങ്ങളുടെ അവസ്ഥ വ്യത്യസ്തങ്ങളാണ്. ഒരു വ്യക്തിയുടെ അവസ്ഥ തന്നെ വ്യത്യസ്തമാകാം. എന്നാൽ ഏറ്റവും നല്ല പ്രവർത്തനം അല്ലാ ഹുവിനോടേറ്റവും അനുസരണമുള്ളതും പ്രവർത്തിക്കുന്നവന് ഏറ്റ വും ഉപകാരപ്രദമായതുമാണ്" (*മജ്മൂഉൽ ഫതാവ:* 22/310)

# അന്യരുടെ അഭിമാനത്തെ സംരക്ഷിക്കൽ

ഏറ്റവും ശ്രേഷ്ടമായ സദസ്സ് വിജ്ഞാനത്തിന്റെയും ദൈവസ്മരണയുടേയുമാണ്. ലോകത്തിന്റെ അധ്യാപകനായ പ്രവാചകന്റെ സദസ്സ് അങ്ങനെയായിരുന്നു. അദ്ദേഹത്തിന്റെ സദസ്സ് ശുദ്ധതയിലും ജീവിതവിശുദ്ധിയിലും പെട്ടതാണ്. അദ്ദേഹം ദോഷിക്ക് പൊറുത്തുകൊടുക്കുകയും അജ്ഞനെ പഠിപ്പിക്കുകയും അശ്രദ്ധനെ ഉണർത്തുകയും ചെയ്തിരുന്നു. നന്മയല്ലാത്ത ഒന്നുമദ്ദേഹം സദസ്സിലും സാന്നിധ്യത്തിലും ഉൾകൊണ്ടില്ല. അദ്ദേഹം വല്ലവരുടെയും സംസാരം കേൾക്കുകയാണെങ്കിൽ ശ്രദ്ധാപൂർവമതിന് ചെവി കൊടുക്കുമായിരുന്നു. പക്ഷെ പരദൂഷണങ്ങളെ അദ്ദേഹം ഉൾക്കൊണ്ടിരുന്നില്ല. ഏഷണിയും അപവാദ പ്രചരണങ്ങളും അദ്ദേഹം തൃപ്തിപ്പെട്ടില്ല. അതുകൊണ്ടു തന്നെ മറ്റുള്ളവരുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നതെല്ലാം അദ്ദേഹം തടയുമായിരുന്നു. ഉത്ബാനിബ്നു മാലിക് ﵁ പറഞ്ഞു:

قَامَ النَّبِي ﷺ يُصَلِّي فَقَالَ: أَيْنَ مَالِك بنُ الدخشم ؟ فَقَالَ رَجُلٌ: ذلِكَ مُنَافِقٌ لَا يُحِبُّ اللهَ وَلَا رَسُولَهُ، فَقَالَ النَّبِيُّ ﷺ: لَا تَفْعَلْ ذلِكَ، أَلَا تَرَاهُ قَدْ قَالَ لَا إِلَهَ إِلَّا اللهُ يُرِيدُ بِذلِكَ وَجْهَ اللهِ، وَإِنَّ اللهَ قَدْ حَرَّمَ عَلَى النَّارِ مَنْ قَالَ: لَا إِلَهَ إِلَّا اللهُ يَبْتَغِي بِذلِكَ وَجْهَ اللهِ

നബിﷺ നമസ്കാരത്തിനായി എഴുന്നേറ്റപ്പോൾ ചോദിച്ചു: "മാലികിബ്നു അദ്ദഖ്ശം എവിടെ?" അപ്പോൾ ഒരാൾ പറഞ്ഞു: അല്ലാഹുവേയും റസൂലിനെയുംﷺ സ്നേഹിക്കാത്ത കപടനാണയാൾ". അപ്പോൾ നബിﷺ അരുളി: "അങ്ങനെ പറയരുത്. അയാൾ അല്ലാഹുവിന്റെ പ്രീതിയാഗ്ര

ഹിച്ച് ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞത് നിനക്കറിയില്ലെ?, അല്ലാഹുവിന്റെ മുഖം കാംക്ഷിച്ച് ഒരാൾ ലാ ഇലാഹ ഇല്ലല്ലാഹ് പറഞ്ഞാൽ അല്ലാഹു അവന്റെ മുഖത്തെ നരകത്തിന് നിഷിദ്ധമാക്കും" (ബുഖാരി, മുസ്‌ലിം)

കള്ളസാക്ഷ്യത്തെത്തൊട്ടും അവകാശങ്ങളെ ഹനിക്കുന്നതിനെ തൊട്ടും അദ്ദേഹം താക്കീതു ചെയ്യാറുണ്ടായിരുന്നു. അബൂബക്കർ ﵁ പറഞ്ഞു: റസൂലുല്ലാഹി ﷺ പറഞ്ഞിരിക്കുന്നു: "പാപങ്ങളിൽ വെച്ചേറ്റവും വലിയപാപങ്ങളെ പറ്റി ഞാൻ നിങ്ങൾക്കറിയിച്ചു തരട്ടെയോ? ഞങ്ങൾ പറഞ്ഞു: 'അതെ അല്ലാഹുവിന്റെ ദൂതരെ' അദ്ദേഹമരുളി:

الْإِشْرَاكُ بِاللهِ، وَعُقُوقُ الْوَالِدَيْنِ. وَكَانَ مُتَّكِئًا فَجَلَسَ فَقَالَ: أَلاَ وَقَوْل الزُّورِ

"അല്ലാഹുവിൽ പങ്കുചേർക്കുക, മാതാപിതാക്കളെ ദ്രോഹിക്കുക" അദ്ദേഹം ചാരിയിരുന്നുകൊണ്ടായിരുന്നു (ഇത്രയും പറഞ്ഞിരുന്നത്) പിന്നീട് ശരിയായി ഇരുന്നുകൊണ്ട് പറഞ്ഞു: "അറിയുക വ്യാജ വർത്തമാനം"

അദ്ദേഹം നിശബ്ദനായെങ്കിലെന്ന് ഞങ്ങൾ പറയുവോളം അത് അദ്ദേഹമാവർത്തിച്ചുകൊണ്ടിരുന്നു" (ബുഖാരി, മുസ്‌ലിം).

ഉമ്മുൽ മുഅ്മിനീൻ ആയിശ ബീവിയെ പ്രവാചകൻ അതിരറ്റു സ്നേഹിച്ചിരുന്നുവെങ്കിലും പരദൂഷണം പറഞ്ഞപ്പോൾ ശക്തമായി അദ്ദേഹമതിനെ എതിർക്കുകയും അതിന്റെ ഗൗരവമുണർത്തുകയും ചെയ്തു. ആയിശ ﵂ പറയുന്നു:

"ഞാൻ നബി ﷺ യോടു സ്വഫിയ്യയുടെ (ഉയരക്കുറവിനെ) ചില ന്യൂനതകളെ പറ്റി എടുത്തു പറഞ്ഞു. അപ്പോൾ അദ്ദേഹമരുളി:

لَقَدْ قُلْت كَلِمَةً لَوْ مَزَجت بِمَاءِ الْبَحْرِ لَمَزَجته

"സമുദ്രത്തിലെ വെള്ളത്തിൽ കലർത്തിയാൽ അതിനെ പോലും കലക്കുന്ന വാക്കാണ് നീ പറഞ്ഞത് " (അബൂദാവൂദ്)

സഹോദരന്റെ അഭിമാനത്തെ കാക്കുന്നവന് അദ്ദേഹം സന്തോഷവാർത്ത അറിയിച്ചു:

مَنْ ذَبَّ عَنْ عِرْضِ أَخِيهِ بِالْغِيبَةِ كَانَ حَقًّا عَلَى اللَّهِ أَنْ يُعْتِقَهُ مِنَ النَّارِ

"ആര് തന്റെ സഹോദരന്റെ അഭിമാനത്തെ പരദൂഷണത്തിൽനിന്നും സംരക്ഷിച്ചുവോ അവനെ നരകത്തിൽനിന്നും മോചിപ്പിക്കൽ അല്ലാഹുവിന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു" (അഹ്മദ്)

# അല്ലാഹുവെ ധാരാളമായി സ്മരിക്കൽ

ആരാധനാനിമഗ്നതയിലും മനസ്സിനെ അല്ലാഹുവുമായുള്ള ബന്ധത്തിലുറപ്പിച്ചുനിർത്തുന്നതിലും ലോകത്തിന്റെ പ്രവാചകൻ ബദ്ധശ്രദ്ധനായിരുന്നു. അല്ലാഹുവെ ധാരാളമായി സ്മരിക്കുക, പാപമോചനം തേടുക, നന്ദി ചെയ്യുക, സ്തുതിക്കുക, അവനിലേക്ക് ഖേദിച്ചു മടങ്ങുക... ഇവയൊന്നും കൂടാത്ത സമയം അദ്ദേഹത്തിന്റെ ജീവിത്തതിൽ വൃഥാ കടന്നുപോകില്ലായിരുന്നു. കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടവനായതുകൂടാതെ നന്ദിയുള്ള അടിമയും തന്റെ രക്ഷിതാവിനെ സ്മരിക്കുന്ന പ്രവാചകനും തന്റെ നാഥന് സ്തുതികൾ ചൊല്ലുന്ന ദൂതനുമായിരുന്നു അദ്ദേഹം. തന്റെ രക്ഷിതാവിന്റെ കഴിവ് മനസ്സിലാക്കുകയും അവനെ സ്തുതിക്കുകയും അവനോട് പ്രാർഥിക്കുകയും അവനിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്ത അദ്ദേഹം തന്റെ സമയത്തിന്റെ വില മനസ്സിലാക്കുകയും ആരാധനകളാലും പുണ്യകർമങ്ങളാലും നിബിഢമായ ജീവിതം നയിച്ചു. ആയിശ ﵂ പറഞ്ഞു:

كَانَ رَسُولُ اللهِ ﷺ يَذْكُرُ اللهَ تَعَالَى عَلَى كُلِّ أَحْيَانِهِ

"റസൂൽ ﷺ ഏത് സമയത്തും അവസരങ്ങളിലും അല്ലാഹുവെ സ്മരിക്കാറുണ്ടായിരുന്നു". (മുസ്‌ലിം)

ഇബ്നു അബ്ബാസ് ﵄ പറയുന്നു:

رَبِّ اغْفِرْ لِي وَتُبْ عَلَيَّ إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ

"എന്റെ രക്ഷിതാവേ നീ എനിക്ക് പാപങ്ങൾ പൊറുത്തുതരികയും എനിക്ക് മാപ്പാക്കുകയും ചെയ്യേണമേ. നിശ്ചയം നീ തന്നെയാണ് എല്ലാം മാപ്പാക്കുന്നവനും കാരുണ്യവാനും" എന്ന് ഒരു ഇരുപ്പിൽ

തന്നെ നൂറുവട്ടം റസൂലുല്ലാഹിﷺ പറയുന്നത് ഞങ്ങൾ എണ്ണാറുണ്ടായിരുന്നു" (അബൂദാവൂദ്)

അബൂഹുറൈറؓ പറയുന്നു: റസൂലുല്ലാഹിﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു:

وَاللهِ إِنِّي لَأَسْتَغْفِرُ اللهَ وَأَتُوبُ إِلَيْهِ فِي الْيَوْمِ أَكْثَرَ مِنْ سَبْعِينَ مَرَّةً

"അല്ലാഹുവാണെ  ഞാൻ ഒരു ദിവസം എഴുപതിൽകൂടുതൽ തവണ അല്ലാഹുവോട് പാപമോചനത്തിനായി തേടുകയും ഖേദിച്ച് മടങ്ങുകയും ചെയ്യുന്നു" (ബുഖാരി)

ഉമ്മുൽ മുഅ്മിനീൻ ഉമ്മുസലമ:ؓ തന്റെയടുക്കൽ റസൂൽﷺയുണ്ടാകുന്ന വേളയിൽ അദ്ദേഹം ഏറ്റവും കൂടുതൽ പ്രാർഥിക്കാറുള്ള പ്രാർഥന ഇപ്രകാരമാണെന്ന് പറയുന്നു:

يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ

"മനസ്സുകളെ മാറ്റി മറിക്കുന്നവനേ, എന്റെ മനസ്സിലെ നീ നിന്റെ മതത്തിൽ ഉറപ്പിച്ചുനിർത്തേണമേ" (തുർമുദി).

# അയൽവാസികൾ

റസൂൽﷺയുടെ അയൽപക്ക ബന്ധം എത്രശ്രേഷ്ഠമായാണ് നാം കാണുന്നത്. അയൽവാസിക്ക് തന്റെ മനസ്സിൽ മഹത്തായ സ്ഥാന മാണദ്ദേഹം കൽപ്പിച്ചിരുന്നത്. അദ്ദേഹം പറയുകയുണ്ടായി:

مَازَالَ جِبْرِيلُ يُوصِينِي بِالْجَارِ حَتَّى ظَنَنْتُ أَنَّهُ سَيُوَرِّثُهُ

"ജിബ്‌രീൽ എന്നോട് -അയൽവാസിയെ സംബന്ധിച്ച് -ഉപദേശി ച്ച്കൊണ്ടിരുന്നു; എന്റെ സ്വത്തിൽ അവർ അനന്തരമായെടുക്കുമോ എന്ന് എനിക്ക് തോന്നുവോളം" (ബുഖാരി, മുസ്‌ലിം)

അബൂദർറ്ﷺനെ ഇപ്രകാരമാണദ്ദേഹം ഉപദേശിച്ചത്:

يَا أَبَا ذَرٍّ ، إِذَا طَبَخْتَ مَرَقَةً ، فَأَكْثِرْ مَاءهَا ، وَتَعَاهَدْ جيرَانَكَ

"അബൂദർറ്, നീ ഒരു കറി പാകം ചെയ്താൽ അതിന്റെ ചാറ് അധികരിപ്പിക്കുകയും അയൽവാസിയെ പരിഗണിക്കുകയും ചെയ്യു ക" (മുസ്‌ലിം)

അയൽവാസിയെ ദ്രോഹിക്കുന്നതിനെ പറ്റി അദ്ദേഹം താക്കീതു നൽകുകയും ചെയ്തിരിക്കുന്നു.

لَا يَدْخُلِ الْجَنَّةَ مَنْ لَا يَأْمَن جَارُهُ بَوَائِقَهُ

"തന്റെ ദ്രോഹത്തിൽനിന്നും അയൽവാസി നിർഭയനാകാത്തവ ൻ സ്വർഗത്തിൽ പ്രവേശിക്കില്ല" (മുസ്‌ലിം). പ്രവാചകന്റെ അയൽവാ സികൾ സന്തുഷ്ടരാണ്, കാരണം അദ്ദേഹമാണ് ഈ വാക്കുകളുടെ ഉടമ:

مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ، فَلْيُحْسِنْ إِلَى جَارِهِ

"ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ തന്റെ അയൽവാസിയോട് നന്നായി പെരുമാറട്ടെ" (മുസ്‌ലിം)

# സുശീലത

ആയിശ(റ) പറയുന്നു:

كَانَ النَّبِيِّ ﷺ إِذَا بَلَغَهُ عَنِ الرَّجُلِ الشَّيءُ لَمْ يَقُلْ: مَا بَالُ فُلَانٍ يَقُولُ؟ وَلَكِنْ يَقُولُ: مَا بَالُ أَقْوَامٍ كَذَا وَكَذَا؟

"ഒരു വ്യക്തിയെ പറ്റി വല്ല മോശപ്പെട്ട വാർത്തയും നബി ﷺയുടെ അടുക്കലെത്തിയാൽ "എന്താണ് ഈ വ്യക്തിയുടെ കഥ" എന്ന് പറയുമായിരുന്നില്ല. "ഇന്നയിന്ന പ്രകാരമുള്ള ഒരു സമൂഹത്തിന്റെ അവസ്ഥയെന്താണ്" എന്നാണ് അദ്ദേഹം പറയാറുണ്ടായിരുന്നത്" (തുർമുദി).

അനസ്(റ) വിൽനിന്ന് :

"മഞ്ഞ നിറത്തിലുള്ള അടയാളവുമായി ഒരാൾ റസൂൽﷺയുടെ അടുക്കൽ പ്രവേശിച്ചു. റസൂൽﷺ വല്ലതും വെറുക്കുന്ന മുഖവുമായി വളരെ അപൂർവമെ ആരെയെങ്കിലും എതിരേൽക്കാറുള്ളു അയാൾ അവിടെ നിന്നും പുറത്തുപോയപ്പോൾ അദ്ദേഹംﷺ പറഞ്ഞു: "ഇയാളോട് അത് (മഞ്ഞനിറം) കഴുകി കളയാൻ നിങ്ങൾ കൽപ്പിക്കൂ" (അബൂദാവൂദ്, അഹ്മദ്).

പുതുതായി വിവാഹം ചെയ്തവർ ശരീരത്തിലോ വസ്ത്രത്തിലോ മഞ്ഞൾ തേക്കുന്ന സമ്പ്രദായമാണിത്. പ്രവാചകനത് വെറുത്തുവെങ്കിലും ആ വെറുപ്പ് പ്രകടമാക്കാതെ അദ്ദേഹം പോയതിന് ശേഷം അതു കഴുകി കളയാൻ അദ്ദേഹത്തോട് പറയുകയെന്ന് സൂചിപ്പിക്കുകയാണുണ്ടായത്. ഒരാളെ എതിരേൽക്കുന്നതിലെ മര്യാദയിലേക്ക് ഈ സംഭവം വിരൽചൂണ്ടുന്നു. (എന്നാൽ ഹറാമായ വല്ലതും കാണുന്ന പക്ഷം പ്രവാചകൻ ഉടനെ തിരുത്തിയിരുന്നു എന്ന് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ-വിവ)

ഇബ്നു മസ്ഊദ്ﷺ പറഞ്ഞു: റസൂൽﷺ പറഞ്ഞിരിക്കുന്നു:

أَلا أُخْبِرُكُمْ بِمَنْ يُحَرَّمُ عَلَى النَّارِ، وَبِمَنْ تُحَرَّمُ النَّارُ عَلَيْهِ : عَلَى كُلِّ هَيِّنٍ لَيِّنٍ قَرِيبٍ سَهْلٍ

“നരകം നിഷിദ്ധമായ അല്ലെങ്കിൽ നരകത്തിനുമേൽ നിഷിദ്ധമായ ഒരാളെപ്പറ്റി ഞാൻ അറിയിച്ചുതരട്ടെയോ? (ആളുകളുമായി) അടുപ്പം വെച്ചുപുലർത്തുകയും സരസരും മൃദുലരും സരളരുമായ എല്ലാവരുടെ മേലും അത് നിഷിദ്ധമാണ്” (തുർമുദി).

# ബാധ്യതാനിർവഹണം

മനുഷ്യനുമേൽ ഒരുപാട് ബാധ്യതകളുണ്ട്. അല്ലാഹുവോടും തന്റെ കുടുംബത്തോടും മൂന്നാമതായി തന്റെ ശരീരത്തോടുമെല്ലാം അവന് ബാധ്യതകളുണ്ട്. റസൂൽﷺ ഇവക്കെല്ലാം തന്റെ വിലപ്പെട്ട സമയം വീതിക്കുകയും ദിനംപ്രതി മുതലാക്കുകയും ചെയ്തതെ പ്രകാരമാണെന്ന് നിങ്ങൾക്കറിയാമോ?

അനസ്رضي الله عنه പറയുന്നു: പ്രവാചകൻﷺയുടെ ആരാധനാകർമങ്ങളെ പറ്റി ആരാഞ്ഞ് മൂന്നാളുകൾ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വന്നു. അവയെപ്പറ്റി വിവരിച്ചുകൊടുത്തപ്പോൾ അവർക്കതു ചെറുതായി തോന്നി. അവർ പറയുകയും ചെയ്തു: നമ്മളും നബിﷺയും എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു. കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ സകലപാപങ്ങളും അദ്ദേഹത്തിന് പൊറുക്കപ്പെട്ടിട്ടുണ്ട്. അവരിലൊ രാൾ പറഞ്ഞു: "എന്നാൽ ഞാൻ രാത്രി മുഴുവൻ നിന്നു നമസ്കരി ക്കും" മറ്റൊരാൾ പറഞ്ഞു: ഞാൻ കൊല്ലം മൊത്തം നോമ്പെടുക്കും. നോമ്പു മുറിക്കില്ല. മറ്റൊരാൾ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്നും വിട്ടുനിൽക്കും, ഒരിക്കലും വിവാഹം കഴിക്കില്ല". അവരിലേക്ക് ചെ ന്നുകൊണ്ട് റസൂൽﷺ പറഞ്ഞു: "നിങ്ങളാണോ ഇപ്രകാരമൊക്കെ പറഞ്ഞത്? എന്നാൽ അല്ലാഹുവാണേ, നിങ്ങളിൽ ഏറ്റവും അല്ലാഹു വിനെ ഭയപ്പെടുന്നവനും അവനെ സൂക്ഷ്മതയുള്ളവനും ഞാനാണ്. പക്ഷെ ഞാൻ നോമ്പെടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്, നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. ആർ എന്റെ ചര്യയെ വെറുത്തുവോ അവൻ എന്നിൽപെട്ടവനല്ല" (ബുഖാരി, മുസ്‌ലിം)

# തന്റേടവും സഹനവും

അല്ലാഹുവിന്റെ പരിപാവന വചനത്തെ ഉയർത്തുന്നതിലും ഈ പരിശുദ്ധമായ മതത്തെ വിജയത്തിലേക്ക്  നയിക്കുന്നതിലും റസൂൽﷺയുടെ പൂർണ്ണമായ ഭാഗധേയവും കഠിനപരിശ്രമവുമുണ്ടെന്നത് സുവിധിതമാണ്. അല്ലാഹു അദ്ദേഹത്തിനു ചെയ്ത ഓരോ അനുഗ്രഹത്തെയും അദ്ദേഹം അതിന്റെ ശരിയായ സ്ഥാനത്തുവെച്ചു. ഇതാ, ആയിശﷺ പറയുന്നു:

مَا ضَرَبَ رَسُولُ اللهِ ﷺ بِيَدِهِ شَيْئًا قَطُّ إِلَّا أَنْ يُجَاهِدَ فِي سَبِيلِ اللهِ وَلَا ضَرَبَ خَادِمًا وَلَا امْرَأَةً

“റസൂലുല്ലാഹിﷺ തന്റെ കൈകൊണ്ട് ഒന്നിനേയും ഒരിക്കലും മർദ്ദിച്ചിട്ടില്ല; അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരം നടത്തുമ്പോഴല്ലാതെ. ഒരു സ്ത്രീയേയോ ഭൃത്യനെയോ അടിച്ചില്ല” (മുസ്‌ലിം)

ഖുറൈശി നേതാക്കൻമാരായ അവിശ്വാസികൾക്ക് മുമ്പിൽ ജനങ്ങളെ ഈ മതത്തിലേക്ക് ക്ഷണിച്ച് സ്ഥൈര്യതയോടെ വിജയം കൈവരിക്കുവോളം ഒറ്റയാൾ പട്ടാളമായി നിലകൊണ്ടെന്നത് മാത്രം മതി അദ്ദേഹത്തിന്റെ ധീരതക്ക് മതിയായ തെളിവായി. “എന്റെ കൂടെ ആരുമില്ല, ജനങ്ങളെല്ലാമെനിക്കെതിരാണല്ലോ!” എന്നദ്ദേഹം വിലപിച്ചില്ല. മറിച്ച് അല്ലാഹുവിൽ അവലംബിക്കുകയും അവനിൽ ഭരമേൽപ്പിക്കുകയും പ്രബോധനപ്രവർത്തനങ്ങലിൽ മുഴുകുകയും ചെയ്തു. ജനങ്ങളിലേറ്റവും തന്റേടിയും സ്ഥൈര്യതക്കുടമയും ധീരനുമായിരുന്നു അദ്ദേഹം. ജനങ്ങൾ പിന്തിരിഞ്ഞോടുമ്പോഴും അദ്ദേഹം സ്ഥൈര്യതയോടെ നിലയുറച്ചു. നബിﷺ ഹിറാഗുഹയിൽ ഭജനമിരിക്കാറ് പതിവായിരുന്നു. എന്നാൽ തൗഹീദ് (ഏകദൈവാരാധനയുടെ മഹ

ത്തായ സന്ദേശം) അവതരിപ്പിക്കുകയും ആരാധനകൾ അല്ലാഹുവിന് മാത്രമർപ്പിക്കണമെന്ന് പ്രബോധനം ചെയ്യാനാരംഭിച്ചപ്പോൾ മാത്രമാണ് അദ്ദേഹത്തിന് ഉപദ്രവമേൽക്കുകയും ഖുറൈശികളദ്ദേഹത്തോട് യുദ്ധം ചെയ്യുകയും എതിർക്കുകയും ചെയ്തത്. "ആരാധ്യൻമാരെ ഒരു ആരാധ്യനാക്കി (ചുരുക്കിയോ?!)" (സ്വാദ്: 5) എന്ന് സത്യനിഷേധികൾ അത്ഭുതപ്പെട്ടു. ബിംബങ്ങളെ തങ്ങൾക്കും അല്ലാഹുവിനുമിടയിലുള്ള മധ്യവർത്തികളായി സ്വീകരിച്ചവരായിരുന്നു അവർ. "അല്ലാഹുവിലേക്ക് അവർ ഞങ്ങളെ അടുപ്പിക്കാനല്ലാതെ ഞങ്ങളവരെ ആരാധിക്കുന്നില്ല" (സുമർ: 3) എന്നവർ പറഞ്ഞിരുന്നു. അവരാകട്ടെ രക്ഷാകർതൃത്വത്തിലെ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും ചെയ്തിരുന്നു. "പറയുക (നബിയേ) ആകാശഭൂമികളിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നതാരാണെന്ന്?.... അവർ പറയും അല്ലാഹുവാണെന്ന്..." (യൂനുസ്: 31)

മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന നാടുകളെ മുച്ചൂടും ബാധിച്ചിരിക്കുന്ന ശിർക്കിനെ പറ്റി ആലോചിച്ച് നോക്കൂ, സഹോദരാ, അവർ മരണപ്പെട്ടവരെയും അല്ലാത്തവരെയും വിളിച്ച് പാർഥിക്കുകയും അവരെകൊണ്ട് ഇടതേടുകയും നേർച്ചകളും ഭയപ്രതീക്ഷകളും അവരിലർപ്പിക്കുകയും തന്മൂലം അല്ലാഹുവുമായുള്ള ബന്ധം അവർക്കറ്റുപോകുകയും ചെയ്തിരിക്കുന്നു.

﴿إِنَّهُۥ مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ﴾

"തീർച്ചയായും ആർ അല്ലാഹുവിൽ പങ്ക് ചേർക്കുന്നുവോ അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കും, അവന്റെ സങ്കേതം നരകമാണ്" (മാഇദഃ: 72).

അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും നമുക്കൊന്നെത്തിനോക്കാം അതാ ഇടതുഭാഗത്ത് അഭിമുഖമായി ഒരു പർവതം നിൽക്കുന്നു. അത് ഉഹദ് മലയാണ്! അവിടെയാണ് മഹത്തായ ആ സംഭവമുണ്ടായത്; റസൂൽﷺയുടെ തന്റേടവും ധൈര്യവും സ്ഥൈര്യവും ആ യുദ്ധത്തിൽ പ്രകടമായി, മുറിവുകളും വേദനയും അദ്ദേഹം സഹിച്ചു. അദ്ദേഹത്തിന്റെ പരിപാവനമുഖത്ത് രക്തം പൊടിഞ്ഞതും അദ്ദേഹത്തിന്റെ പല്ലുകൾ പൊട്ടിയതും ശിരസ്സിൽ മുറിവേറ്റതും ആ സന്ദർഭത്തിലാണ്. റസൂൽﷺയുടെ മുറിവിനെപറ്റി സഹ്‌ലിബ്നു സഅ്ദ്رضي الله عنه പറയുന്നത് നോക്കൂ: "അല്ലാഹുവാണെ, റസൂൽﷺയുടെ മുറിവ് കഴുകി തുടച്ച

വ്യക്തിയെ എനിക്കറിയാം. വെള്ളം ഒഴിച്ചവരെയും എന്തുകൊണ്ടാണ് മരുന്ന് വെച്ചിരുന്നത് എന്നുമെനിക്കറിയാം. ഫാത്വിമﷺവായിരുന്നു അത് കഴുകിയത്. ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് അലിﷺ വെള്ളമൊഴിക്കുകയും ചെയ്തു. വെള്ളമൊഴിക്കുന്തോറും രക്തമധികരിക്കുകയാണെന്ന് കണ്ടപ്പോൾ ഫാത്വിമﷺ പായുടെ ഒരു കഷ്ണമെടുത്ത് കരിക്കുകയും അത് മുറിവിൻമേൽ വെക്കുകയും ചെയ്തു. അപ്പോൾ രക്തവാർച്ച നിന്നു. (ആ യുദ്ധത്തിൽ) അദ്ദേഹത്തിന്റെ ചില പല്ലുകൾ പൊട്ടുകയും മുഖത്ത് മുറിവ് പറ്റുകയും ശിരസ്സിൽ ധരിച്ചിരുന്ന ഉരുക്കുതൊപ്പി പൊട്ടി മുറിവേൽക്കുകയും ചെയ്തു" (ബുഖാരി)

ഹുനൈൻ യുദ്ധ സന്ദർഭത്തിലെ പ്രവാചകനെയോർക്കുകയാണ് അബ്ബാസിബ്നു അബ്ദുൽ മുത്വലിബ്ﷺ: "മുസ്ലിംകൾ പിന്തിരിഞ്ഞോടിയപ്പോൾ റസൂലുല്ലാഹിﷺ സത്യനിഷേധികൾക്ക് നേരെ തന്റെ ഒട്ടകത്തെ തിരിച്ചു; അദ്ദേഹം ഒട്ടകത്തെ ഓടിച്ചു (അവർക്കിടയിലേക്ക്) ധൃതിപ്പെട്ട് പോകാതിരിക്കാൻ ഞാനതിന്റെ കടിഞ്ഞാൺ പിടിച്ചുനിർത്തുകയായിരുന്നു. അപ്പോൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു: ഞാൻ പ്രവാചകനാണ്, ഇത് കളവല്ല, ഞാൻ അബ്ദുൽ മുത്വലിബിന്റെ മകനാണ്" (മുസ്ലിം)

മുസ്ലിംകളിലെ വീരനും കുതിരപടയാളിയും അറിയപ്പെട്ട എല്ലാ യുദ്ധങ്ങളിലും പോരാളിയുമായിരുന്ന അലിയ്യുബ്നു അബീത്വാലിബ് ﷺ റസൂൽﷺയെപറ്റി പറയുന്നത് നോക്കു:

"യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ രണ്ടു സൈന്യവും ഏറ്റുമുട്ടുമ്പോൾ ഞങ്ങൾ റസൂൽﷺയെ സംരക്ഷിക്കാനായി ബദ്ധശ്രദ്ധരായിരുന്നു. (കാരണം) ആ ഘട്ടത്തിൽ ഞങ്ങളിൽനിന്നും ശത്രുക്കളോടേറ്റവും അടുത്തവൻ അദ്ദേഹമായിരിക്കും" (*ശറഹുസ്സുന്ന:* ബഗ്വിﷺ)

പ്രബോധനവീഥിയിലെ അദ്ദേഹത്തിന്റെ സഹനവും ക്ഷമയും ഉദാത്തവും മാതൃകാപരവുമായിരുന്നു. തിന്നിമിത്തം അറബ് ഉപഭൂഖണ്ഡത്തിനപ്പുറം ഈ മതത്തിന്റെ വ്യാപനത്തിനും ഇസ്ലാമിന്റെ പടക്കുതിരകൾ ആ നാടുകളിൽ ചുറ്റിസഞ്ചരിക്കാനും ഓരോ കൊട്ടാരങ്ങളിലും കുടിലുകളിലും സത്യസന്ദേശമെത്താനുമിടയായി. റസൂൽ ﷺ പറഞ്ഞു:

"മറ്റാരും ഭയപ്പെടാത്തിടത്തോളം അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ഭയപ്പെട്ടിട്ടുണ്ട്, മറ്റാരും ഉപദ്രവിക്കപ്പെടാത്തിടത്തോളം അല്ലാ

ഹുവിന്റെ മാർഗത്തിൽ ഞാൻ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. മുപ്പതോളം രാത്രിയും പകലും ഒന്നും കഴിക്കാനില്ലാതെ എനിക്കും ബിലാലിനും ദിവസങ്ങൾ കടന്നുപോയിട്ടുണ്ട്; അന്ന് ബിലാലിന്റെ കക്ഷത്തിലൊതുക്കാൻ കഴിയുന്നത്ര മാത്രം എന്തെങ്കിലുമാണ് ഞങ്ങൾക്ക് രണ്ടുപേർക്കും കഴിക്കാനുണ്ടായിരുന്നത് " (തുർമുദി)

സമ്പാദ്യങ്ങളും യുദ്ധാർജ്ജിത സ്വത്തുക്കളുമെല്ലാം കൺമുമ്പിലൂടെ കടന്നുപോകുമായിരുന്നെങ്കിലും ഒരു ദിർഹമോ ദീനാറോ അദ്ദേഹം അനന്തരമായി വിട്ടേച്ചില്ല. അദ്ദേഹം അനന്തരമായി വിട്ടേച്ചത് വിജ്ഞാനമാണ്; അതാണ് പ്രവാചകൻമാരുടെ അനന്തരസ്വത്ത്. അതിൽനിന്ന് ആർക്കുവേണമെങ്കിലും മുന്നോട്ടുവന്ന് അനന്തരമെടുക്കുകയും ചെയ്യാം. ആയിശ ﵂ പറയുന്നു:

مَا تَرَكَ رَسُولُ اللهِ ﷺ دِينَارًا وَلَا دِرْهَمًا، وَلَا شَاةً، وَلَا بَعِيرًا، وَلَا أَوْصَى بِشَيءٍ

"റസൂൽ ﷺ ദീനാറോ ദിർഹമോ ആടോ ഒട്ടകമോ അനന്തരമായി വിട്ടേച്ചില്ല. (അവയിൽ) ഒന്നുകൊണ്ടും വസ്വിയ്യത്ത് ചെയ്യുകയുമുണ്ടായില്ല" (മുസ്‌ലിം)

# പ്രാർഥനാനിമഗ്നമായ ജീവിതം

അല്ലാഹുവല്ലാത്ത ആർക്കും വകവെച്ചുകൊടുക്കാൻ പാടില്ലാത്ത മഹത്തായ ഒരു ആരാധനയാണ് പ്രാർഥന. നാം അല്ലാഹുവിലേക്ക് ആവശ്യക്കാരനാണെന്നുള്ള പ്രകടനവും കഴിവും ശക്തിയുമെല്ലാവന്റെ കൈകളിലാണെന്ന സമ്മതവുമാണ് പ്രാർഥന. അത് അടിമത്വത്തിന്റെ ഏറ്റവും നല്ല അടയാളമാണ്. മനുഷ്യന്റെ വിനയത്തിന്റെയും താഴ്മയുടെയും പ്രതിഫലനമാണത്, അതിൽ അല്ലാഹുവിനെ വാഴ്ത്തലടങ്ങുന്നു, അവനിൽ നിന്ന് ഔദാര്യത്തെയും അനുകമ്പയേയും പ്രാർഥനയിലൂടെ ഒരാൾ ചേർക്കുന്നു. അതുകൊണ്ടുതന്നെ റസൂൽﷺ പറഞ്ഞു:

الدُّعَاءُ هُوَ الْعِبَادَةُ

"പ്രാർഥന, അതുതന്നെയാണ് ആരാധന" (തുർമുദി). അദ്ദേഹം ധാരാളമായും അല്ലാഹുവിലേക്ക് ആവശ്യപ്രകടനങ്ങൾ നടത്തുന്നവരും പ്രാർഥനയും താഴ്മയും കാട്ടുന്നവരുമായിരുന്നു. ചുരുങ്ങിയ പദങ്ങളിൽ ഒരുപാട് ആശയങ്ങളുൾക്കൊള്ളുന്ന സംസാരത്തേയും പ്രാർഥനയേയും അദ്ദേഹം ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർഥനകളിൽ ചിലത് കാണുക.

اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي ، وأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي ، وأَصْلِحْ لِي آخِرتِي الَّتِي فِيهَا مَعَادي ، وَاجْعَلِ الحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ ، وَاجْعَلِ الموتَ رَاحَةً لِي مِنْ كُلِّ شَرٍّ

“അല്ലാഹുവേ  എന്റെ കാര്യങ്ങളുടെ സംരക്ഷണമായ മതകാര്യങ്ങൾ എനിക്കു നീ നന്നാക്കി തരേണമേ. എന്റെ ജീവിതമാർഗമടങ്ങുന്ന ഇഹലോകജീവിതവും നീ നന്നാക്കി തരേണമേ, എന്റെ മടക്കമായ പരലോകവും നീയെനിക്ക് നന്നാക്കി തരേണമേ. ജീവിത നിമിനഷങ്ങൾ എല്ലാ നന്മകളിൽനിന്നുമുള്ള വർദ്ധനവും മരണം എല്ലാ ഉപദ്രവങ്ങളിൽനിന്നുമുള്ള ആശ്വാസവുമാക്കേണമേ” (മുസ്‌ലിം)

اللَّهُمَّ عَالِمَ الْغَيْبِ وَالشَّهَادَةِ فَاطِرَ السَّمَوَاتِ وَالْأَرْضِ رَبَّ كُلِّ شَيْءٍ وَمَلِيكَهُ أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ وَأَنْ أقترفَ عَلَى نَفْسِي سُوءًا أَوْ أجره إِلَى مُسْلِمٍ

“അല്ലാഹുവേ ദൃശ്യവും അദൃശ്യവുമറിയുന്നവനേ, ആകാശഭൂമികളുടെ സ്രഷ്ടാവേ എല്ലാ വസ്തുക്കളുടെയും രക്ഷിതാവും രാജാവുമായവനേ, നീയല്ലാതെ ഒരു ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ സ്വന്തത്തിന്റെ ഉപദ്രവത്തിൽനിന്നും പിശാചിന്റെ ഉപദ്രവത്തിൽനിന്നും അവന്റെ പങ്കുചേരലിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ സ്വന്തത്തിനോ മുസ്‌ലിമായ ഒരു സഹോദരനിലേക്കോ ഞാൻ വലിച്ചിഴക്കുന്ന ഉപദ്രവത്തിൽനിന്നും ഞാൻ നിന്നോട് കാവലിരക്കുന്നു” (അബൂദാവൂദ്)

اللَّهُمَّ اكْفِنِي بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِّي بِفَضْلِكَ عَمَّنْ سِوَاكَ

“അല്ലാഹുവേ, നീ നിഷിദ്ധമാക്കിയവയെ തൊട്ട് നീ അനുവദനീയമാക്കിയത് കൊണ്ട് മതിയാക്കുവാൻ നീ സഹായിക്കേണമേ. നിന്റെ ഔദാര്യം കൊണ്ട് നീയല്ലാത്തവരിൽനിന്നും എന്നെ നീ ധന്യനാക്കേണമേ” (തുർമുദി)

اللَّهُمَّ اغْفِرْ لِي وَارْحَمْنِي وَأَلْحِقْنِي بِالرَّفِيقِ الْأَعْلَى

“അല്ലാഹുവേ, എനിക്ക് നീ പൊറുത്തുതരികയും എന്നോട് കരുണ കാണിക്കുകയും ഉന്നതനായ കൂട്ടുകാരനിലേക്ക് (അല്ലാഹു) എന്നെ ചേർക്കുകയും ചെയ്യേണമേ” (ബുഖാരി, മുസ്‌ലിം)

സന്തോഷത്തിലും സന്താപത്തിലും ധാരാളമായി അദ്ദേഹം തന്റെ നാഥനോട് പ്രാർഥിച്ചിരുന്നു. ബദർ ദിനത്തിൽ മുസ്‌ലിംകളുടെ

വിജയത്തിനും മുശ്‌രിക്കുകളുടെ പരാജയത്തിനും വേണ്ടി പ്രാർഥിച്ചു കൊണ്ട് അദ്ദേഹത്തിന്റെ തോളിൽനിന്നും ഷാൾ നിലത്തേക്ക് വീഴുക യുണ്ടായി. തനിക്കും തന്റെ കുടുംബത്തിനും അനുചരൻമാർക്കും തുടങ്ങി എല്ലാ മുസ്‌ലിംകൾക്കും വേണ്ടി അദ്ദേഹം പ്രാർഥിക്കുമായി രുന്നു.

# യാത്രയുടെ അവസാനം

റസൂൽﷺയുടെ ഹദീസുകളും ജീവിതസരണിയും ധർമ്മസമരവും ത്യാഗങ്ങളുമെല്ലാം ശ്രവിച്ചുകഴിഞ്ഞ നമുക്കുമേൽ അദ്ദേഹത്തോട് ചില ബാധ്യതകളുണ്ട്; ചൊവ്വായ മാർഗത്തിലാകാനും നന്മ നിറഞ്ഞ ജീവിതത്തിനുടമകളാകാനും അവ നിറവേറ്റൽ നമുക്കനിവാര്യമാണ്. അദ്ദേഹത്തിന്റെ ജനതയ്ക്ക് അദ്ദേഹത്തിനോടുള്ള ബാധ്യതകൾ ഇതെല്ലാമാണ്.

വാക്കാലും പ്രവൃത്തിയാലും സത്യസന്ധമായും അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിൽനിന്നും സ്ഥിരപ്പെട്ടുവന്നതെല്ലാം സത്യപ്പെടുത്തുകയും ചെയ്യുക. നിർബന്ധമായും അദ്ദേഹത്തെ അനുസരിക്കലും അദ്ദേഹത്തെ ധിക്കരിക്കുന്നതിനെ കരുതിയിരിക്കലും വിധി തേടി അദ്ദേഹത്തിലേക്ക് പോകലും അദ്ദേഹത്തിന്റെ വിധിയിൽ തൃപ്തിയടയലും നിർബന്ധമാണ്. നിന്ദയോ അതിരുകവിയലോ ഇല്ലാതെ അദ്ദേഹത്തിനർഹിക്കുന്ന സ്ഥാനത്ത് അദ്ദേഹത്തെ പ്രതിഷ്ഠിക്കുക. ജീവിതത്തിന്റെ സർവമേഖലയിലും സമഗ്ര കാര്യങ്ങളിലും അദ്ദേഹത്തെ അനുകരിക്കലും അനുധാവനം ചെയ്യലും മാതൃകയായി സ്വീകരിക്കുകയും ചെയ്യുക. സ്വന്തം കുടുംബത്തേക്കാളും സമ്പത്ത്, സന്താനങ്ങളേക്കാളും ലോകത്തുള്ള സർവമനുഷ്യരേക്കാളും അദ്ദേഹത്തെ സ്നേഹിക്കുക. അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, അദ്ദേഹത്തിന്റെ മതത്തെ കയ്യഴിഞ്ഞ് സഹായിക്കുക, അദ്ദേഹത്തിന്റെ സുന്നത്തിനെ (നബിചര്യ) ജനങ്ങൾക്കിടയിൽ ജീവിപ്പിക്കുകയും അതിനുനേരെ വരുന്ന വിമർശനങ്ങളെ പ്രതിരോധിക്കുകയും ചെയ്യുക. അദ്ദേഹത്തിന്റെ അനുചരൻമാരെ സ്നേ

ഹിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുക, ആരോപണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുക, അവരുടെ ഊഷ്മളമായ ജീവിതകഥകളെ വായിച്ചറിയുക.

നബിﷺയോടുള്ള സ്നേഹത്തിൽപെട്ടതാണ് സ്വലാത്ത് ചൊല്ലൽ. അല്ലാഹു പറഞ്ഞു:

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٦﴾ ﴾

“നിശ്ചയമായും അല്ലാഹു തന്റെ പ്രവാചകനുമേൽ ഗുണം ചെയ്യുകയും അവന്റെ മലക്കുകൾ അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. വിശ്വാസികളെ, നിങ്ങൾ അദ്ദേഹത്തിന് മേൽ സ്വലാത്ത് ചൊല്ലുകയും സലാം പറയുകയും ചെയ്യുക” (അഹ്സാബ്: 56).

റസൂൽ ﷺ പറഞ്ഞു:

إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ، فِيهِ: خَلَقَ آدَمَ، وَفِيهِ النَّفْخَةُ، وَفِيهِ الصَّعْقَةُ، فَأَكْثِرُوا عَلَي مِنَ الصَّلَاةِ فِيهِ فَإِنَّ صَلَاتَكُمْ مَعْرُوضَةٌ عَلَيَّ

“നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ഉത്തമമായത് ജുമുഅ ദിവസമാണ്. ആദം സൃഷ്ടിക്കപ്പെട്ടതും കാഹളത്തിൽ ഊതപ്പെടുന്നതും അന്ത്യനാളിന്റെ കുടുക്കമുണ്ടാകുന്നതും ആ ദിവസമാണ്. അതുകൊണ്ട് ആ ദിവസം നിങ്ങൾ എനിക്ക് സ്വലാത്ത് ചൊല്ലുന്നത് വർദ്ധിപ്പിക്കുക” (അബൂദാവൂദ്).

പ്രവാചകനോടുള്ള ബാധ്യതയിൽ പിശുക്കു കാണിക്കുന്നവരായി അദ്ദേഹത്തിന്റെ ജനത പരിണമിക്കരുത്; അദ്ദേഹംﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

البَخِيلُ مَنْ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ

“ഒരാളുടെ അടുക്കൽ എന്റെ നാമം സ്മരിക്കപ്പെടുകയും എന്നിട്ടയാൾ എന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്താൽ അവനാണ് പിശുക്കൻ” (തുർമുദി).

വീണ്ടുമവിടുന്ന് അരുളിയിരിക്കുന്നു:

مَا جَلَسَ قَوْمٌ مَجْلِسًا لَمْ يَذْكُرُوا اللهَ فِيهِ، وَلَمْ يُصَلُّوا عَلَى نَبِيِّهِمْ إِلَّا كَانَ عَلَيْهِ
ترة فَإِنْ شَاءَ عَذَّبَهُمْ وَإِنْ شَاءَ غَفَرَ لَهُمْ

"ഒരു സമൂഹം ഏതെങ്കിലുമൊരു സദസ്സിലിരിക്കുകയും എന്നിട്ട് അല്ലാഹുവെ അവിടെവെച്ച് സ്മരിക്കാതിരിക്കുകയോ അവരുടെ പ്രവാചകന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയോ ചെയ്താൽ അവർക്കു നഷ്ടമല്ലാതെ മറ്റൊന്നും അവശേഷിക്കില്ല. അവനുദ്ദേശിച്ചാൽ അവരെ അവൻ ശിക്ഷിക്കും, അവനുദ്ദേശിച്ചാൽ അവർക്കവൻ പൊറുത്തുകൊടുക്കും" (തുർമുദി)

# യാത്രാമൊഴി

നാം തിരിച്ചുപോവുകയാണ്.സത്യവിശ്വാസത്തിനുമേൽ പണിതുയർത്തിയ, സൽകർമ്മങ്ങളാൽ സുദൃഢമായ ഈ ഭവനത്തോട് നാം വിടപറയുകയാണ്. എന്തിനാണ് നാം ദുഃഖിക്കുന്നത്?. വിജയമാഗ്രഹിക്കുന്നവന് വഴികാട്ടിയായി, സന്മാർഗത്തെ തേടുന്നവന് മാർഗരേഖയായി റസൂലുല്ലാഹിﷺയുടെ തിരുചര്യ ബാക്കി നിൽക്കുന്നു. സച്ചരിതരായ പൂർവ്വസൂരികളോടൊപ്പം മഹോന്നതമായ ആ ജീവിതചര്യയെ അനുധാവനം ചെയ്യുന്നതിൽ നാം അങ്ങേയറ്റം തൽപരരാകുക. അല്ലാഹു നമുക്ക് മാതൃകായോഗ്യമായ ജീവിതം നൽകട്ടെ. ഇമാം അഹ്മദിബ്നു ഹമ്പൽ റ പറയുകയുണ്ടായി:

مَا كَتَبْتُ حَدِيثاً إِلَّا وَقَدْ عَمِلْتُ به، حَتَّى مَرَّ بِي أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ احْتَجَمَ وَأَعْطَى أَبَا طيبَةَ دِينَاراً، فَأَعْطَيْتُ الحِجَامَ دِينَاراً حِينَ احْتَجَمْتُ

"ഒരു ഹദീസുപോലും അതുകൊണ്ട് പ്രവർത്തിച്ചിട്ടല്ലാതെ ഞാൻ എന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. എത്രത്തോളമെന്നാൽ നബിﷺ കൊമ്പ് വെക്കുകയും അബൂത്വൈയ്ബക്ക് ഒരു ദീനാർ നൽകുകയും ചെയ്തുവെന്ന ഹദീസ് ഞാൻ കാണുകയുണ്ടായി; അങ്ങനെ ഞാൻ കൊമ്പു വെയ്ക്കുകയും വെച്ചവന് ഒരു ദീനാർ നൽകുകയും ചെയ്തു". (*സിയറു അഅ്ലാമിന്നുബലാഅ്*: 11/213)

അബ്ദുർറഹ്മാനിബ്നു മഹ്ദി റ പറയുന്നു: സുഫ്യാൻ റ പറയുന്നതായി ഞാൻ കേട്ടു:

مَا بَلَغَنِي عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حَدِيثٌ قَطُّ إِلَّا عَمِلْتُ بِهِ وَلَوْ مَرَّةً

"റസൂൽﷺയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീസ് പോലും ഞാൻ കേട്ടിട്ടില്ല; ഒരു വട്ടമെങ്കിലും അത് പ്രാവർത്തികമാക്കിക്കൊണ്ടല്ലാതെ"

മുസ്‌ലിമിബ്നു യസാർ ؓ പറയുന്നു:

إِنِّي لَأُصَلِّي فِي نَعْلِي وَخَلْعُهُمَا أَهْوَنُ عَلَيَّ وَمَا أُطَالِبُ بِذَلِكَ إِلَّا السُّنَّةَ

"ഞാൻ എന്റെ ചെരുപ്പ് ധരിച്ച് കൊണ്ട് നമസ്കരിക്കുമായിരുന്നു; അത് ഊരലാണ് എനിക്ക് എളുപ്പമെങ്കിൽ കൂടി. നബിചര്യ അനുകരിക്കുക എന്നതല്ലാതെ മറ്റൊന്നും അതുകൊണ്ട് ഞാൻ ലക്ഷ്യമാക്കിയിരുന്നില്ല" (*കിതാബുസ്സുഹ്ദ്:* ഇമാം അഹ്മദ്: 355)

പ്രിയപ്പെട്ട സഹോദരാ, പ്രവാചകനിൽനിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥ് അവസാനമായി ശ്രദ്ധയിൽപെടുത്തട്ടെ:

مَا جَلَسَ قَوْمٌ مَجْلِسًا لَمْ يَذْكُرُوا اللهَ فِيهِ، وَلَمْ يُصَلُّوا عَلَى نَبِيِّهِمْ إِلَّا كَانَ عَلَيْهِ
ترة فَإِنْ شَاءَ عَذَّبَهُمْ وَإِنْ شَاءَ غَفَرَ لَهُمْ

"എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവരൊഴികെ" സ്വഹാബിമാർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ആരാണ് വിസമ്മതിച്ചവർ?" അദ്ദേഹമരുളി: "ആർ എന്നെ അനുസരിച്ചുവോ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ആർ എന്നോട് അനുസരണക്കേട് കാണിച്ചുവോ അവൻ വിസമ്മതിച്ചു" (ബുഖാരി).

സന്തോഷകരവും സമാധാനദായകവുമായ ഒരു ഭവനം നാം ആഗ്രഹിക്കുന്നുവെങ്കിൽ പ്രവാചകന്റെ മാതൃകയുൾക്കൊള്ളുന്ന ഗൃഹനാഥരായി നാം മാറുക. എങ്കിൽ അദ്ദേഹത്തിന്റെ വീടിന് അല്ലാഹു ചെയ്ത അനുഗ്രഹം നമുക്കവൻ ചെയ്യുന്നതാണ്.

അല്ലാഹുവേ, ഞങ്ങൾക്കു നീ പ്രവാചക സ്നേഹവും സൽപന്ഥാവിൽ അദ്ദേഹവുമായുള്ള പൊരുത്തവും നൽകേണമേ, ഞങ്ങളെ നീ വഴി തെറ്റിയവരും വഴിപിഴപ്പിക്കുന്നവരുമാക്കരുതേ. അല്ലാഹുവേ, രാപ്പകലുകളുടെ സഞ്ചാരങ്ങൾക്കനുസൃതമായി പുണ്യവാൻമാർ അദ്ദേഹത്തെ സ്മരിക്കുന്ന കാലമത്രത്തോളവും അദ്ദേഹത്തിന് മേൽ നീ ഗുണം ചെയ്യേണമേ. അല്ലാഹുവേ, ഞങ്ങളുടെ നബിയായ മുഹമ്മദിﷺനോടൊപ്പം ഉന്നതമായ ഫിർദൗസിൽ ഞങ്ങളെ ഒരുമിച്ചു

കൂട്ടുകയും അദ്ദേഹത്തെ കാണാനുള്ള സൗഭാഗ്യം കൊണ്ട് ഞങ്ങളുടെ കണ്ണുകൾ കുളിർപ്പിക്കുകയും ചെയ്യേണമേ. ഒരിക്കലും ദാഹമനുഭവിക്കാത്തവണ്ണം ദാഹത്തെ ശമിപ്പിക്കുന്ന ഹൗളുൽ കൗസറിൽനിന്നും വെള്ളം കുടിക്കാൻ ഞങ്ങൾക്കു നീ കൃപ ചെയ്യേണമേ.

وَصَلَّى اللَّهُ عَلَى نَبِيِّنَا مُحَمَّدٍ وَآلِهِ وَصَحْبِهِ أَجْمَعِينَ

**ശൈഖ് അബ്ദുൽ മലിക് അൽഖാസിം**